# ദീപനാളം

സത്യപ്രകാശമേ നയിച്ചാലും · ESTD-1968

കലാസാംസ്കാരിക ദേശീയവാരിക

2020 ജൂൺ 24 | ദീപം 53 | നാളം 8 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.com





# മഹാമാരിയിൽ നഷ്ടമാകുന്നത്




റ്റി.സി.മാത്യു


**ലോ**കം ഒരു മഹാമാരിയുടെ പിടിയിലാണ്. ചില രാജ്യങ്ങളിൽ അതിന്റെ വ്യാപനം നിയന്ത്രണത്തിലായി. ന്യൂസിലൻഡും മറ്റു ചില ദ്വീപരാജ്യങ്ങളും വലുപ്പം കുറഞ്ഞ ചില രാജ്യങ്ങളുമൊക്കെ കോവിഡ്-19 ന്റെ പിടിയിൽനിന്നു മുക്തമായി. എന്നാൽ, ബഹുഭൂരിപക്ഷം രാജ്യങ്ങളും മഹാമാരിയുടെ മൂർധന്യത്തിലേക്കു നീങ്ങുന്നതേയുള്ളു. ചിലയിടങ്ങളിൽ വീണ്ടും രോഗബാധ പടർന്നുതുടങ്ങിയ സാഹചര്യവുമുണ്ട്.

എന്തായാലും ലോകമെങ്ങും ഏതാനും മാസംകൊണ്ടു പടർന്ന മഹാമാരി എങ്ങും വലിയ കെടുതികളാണുണ്ടാക്കുന്നത്. അതിന്റെ ഫലമായ സാമ്പത്തിക - സാമൂഹികാഘാതങ്ങൾതന്നെ വളരെ വലുതാണ്. ഇന്ത്യ പോലുള്ള രാജ്യങ്ങൾ സ്വന്തം രാജ്യത്തെ രോഗബാധയുടെ മാത്രമല്ല മറ്റു രാജ്യങ്ങളിലെ രോഗബാധയുടെ കെടുതികളും അനുഭവിക്കുകയാണ്.

രണ്ടര മാസത്തേക്കു രാജ്യം സമ്പൂർണ ലോക്ക്ഡൗണിലായി. ലോക്ഡൗണിൽ അയവു വന്നുതുടങ്ങിയതോടെ രോഗവ്യാപനം ഭീഷണമായ തോതിലേക്കു വളർന്നു. ഇതോടെ ഒട്ടുമിക്ക സ്ഥലങ്ങളിലും നിയന്ത്രണങ്ങൾ വീണ്ടും ചുമത്തി.

**വേണ്ടത്ര പഠിച്ചില്ല**

ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ ജനങ്ങൾ കരുതിയത് അതു കഴിയുമ്പോഴേക്കു രോഗവ്യാപനം തീരുമെന്നാണ്. പക്ഷേ, മൂന്നു തവണ ലോക്ക്ഡൗൺ നീട്ടി, ഒടുവിൽ അയവു പ്രഖ്യാപിച്ചപ്പോൾ കണ്ടതു രോഗം അതിവേഗം പടരുന്നതാണ്.

സർക്കാർ വേണ്ടത്ര ആലോചിച്ചും പഠനം നടത്തിയുമാണു ലോക്ഡൗൺ പ്രഖ്യാപിച്ചത് എന്നു കരുതിയവർക്കു തെറ്റി. വേണ്ടത്ര പഠനം നടന്നതായി ഇപ്പോൾ കാണുന്നില്ല. രാജ്യത്തെ രോഗവ്യാപനം മൂർധന്യത്തിലെത്തുന്നത് ഒന്നുരണ്ടു മാസം നീട്ടിവയ്ക്കാനായി എന്നാണ് ഇപ്പോഴത്തെ അവകാശവാദം. രോഗബാധയുടെ തോതു കുറഞ്ഞെന്നു നടത്തിവന്ന അവകാശവാദം പിൻവലിച്ച മട്ടായി.

**സാമ്പത്തിക മഹാമാരി**

എന്തായാലും രാജ്യത്തു ലോക്ഡൗൺ മഹാമാരി പോലെതന്നെ ദുരിതം വിതച്ചു. ഫാക്ടറികളും വ്യാപാരസ്ഥാപനങ്ങളുമെല്ലാം അടഞ്ഞതോടെ അവയെ ആശ്രയിച്ചു ജീവിച്ചിരുന്നവരിൽ മഹാഭൂരിപക്ഷത്തിനും വരുമാനമില്ലാതായി. കാർഷികമേഖലയിലാകട്ടെ ഉത്പന്നങ്ങൾ വിൽക്കാൻ കർഷകർ ബുദ്ധിമുട്ടി. സർക്കാർ ഉദ്യോഗസ്ഥരും ചുരുക്കം സ്വകാര്യമേഖലാ ഉദ്യോഗസ്ഥരും ഒഴിച്ചുള്ളവർക്കു വലിയ വരുമാനനഷ്ടമുണ്ടായി. രാജ്യത്തു ജിഡിപി (മൊത്ത ആഭ്യന്തരോത്പാദനം) ഇടിഞ്ഞു. രാജ്യത്തു മാത്രമല്ല പ്രശ്നങ്ങൾ. വിദേശരാജ്യങ്ങളിലും സമ്പദ്ഘടന തകർച്ചയിലാണ്. അമേരിക്ക അടക്കമുള്ള രാജ്യങ്ങളിലെല്ലാം ജിഡിപി ചുരുങ്ങും എന്നാണു പഠനങ്ങൾ സൂചിപ്പിക്കുന്നത്. എങ്ങും തൊഴിൽ കുറയുന്നു.

**ആഗോളപ്രശ്നം**

2008-09 ലായിരുന്നു ഇതിനുമുൻപ് ഒരു ആഗോള മാന്ദ്യം ഉണ്ടായത്. അത് അമേരിക്കൻ ധനകാര്യമേഖലയിലെ അച്ചടക്കമില്ലായ്മ മൂലമുണ്ടായ മാന്ദ്യമാണ്. എങ്കിലും, ലോകം മുഴുവൻ പ്രശ്നങ്ങൾ ഉണ്ടായി. ഒട്ടേറെ തൊഴിൽ നഷ്ടപ്പെട്ടു. പല വർഷങ്ങൾ എടുത്തു, നഷ്ടപ്പെട്ട തൊഴിലുകൾ വീണ്ടും ഉണ്ടാകാനും സമ്പദ്ഘടന ഉന്മേഷം വീണ്ടെടുക്കാനും.

ഇപ്പോൾ പ്രശ്നം ആഗോളമാണ്. എല്ലാ രാജ്യങ്ങളിലും ഉത്പാദനവും സാമ്പത്തികപ്രവർത്തനങ്ങളും മുടങ്ങി. വരുമാനം കുറഞ്ഞു. തൊഴിൽ കുറഞ്ഞു. ജിഡിപി ചുരുങ്ങി.

**തൊഴിൽ നഷ്ടപ്പെടുന്നു**

നഷ്ടപ്പെടുന്ന തൊഴിലുകൾക്കു പകരം പുതിയ തൊഴിൽ എന്നേക്ക് ഉണ്ടാകുമെന്ന് ആർക്കുമറിയില്ല. അമേരിക്കയിൽ മാത്രം മൂന്നുമാസംകൊണ്ടു രണ്ടു കോടിയോളം പേർക്കു പണിയില്ലാതായി. ഇന്ത്യയിൽ ലക്ഷക്കണക്കിനു കുടിയേറ്റത്തൊഴിലാളികൾ നൂറുകണക്കിനു കിലോമീറ്ററുകൾ നടന്നു നാട്ടിലേക്കു മടങ്ങിയ ദൃശ്യംതന്നെ തൊഴിൽനഷ്ടത്തിന്റെ തീവ്രത കാണിക്കുന്നു. രാജ്യത്തു തൊഴിൽ നഷ്ടത്തിന്റെ ഔപചാരിക കണക്കുകൾ ഇല്ല. പക്ഷേ, 12 കോടിയോളം കുടിയേറ്റത്തൊഴിലാളികളിൽ 90 ശതമാനവും പണിയില്ലാത്തവരായി. ചെറുകിട ജോലികളോ സംരംഭങ്ങളോ ഇല്ലാതായി പണി നഷ്ടപ്പെട്ടവരും കോടികൾ വരും.

ഗൾഫ് മേഖലയിൽ ക്രൂഡ് ഓയിൽ വിലയിലെ ഇടിവു കൂടിയായപ്പോൾ തൊഴിലുകൾ വൻതോതിൽ കുറയുകയാണ്. അവിടെ വർഷങ്ങളായി ഉണ്ടായിരുന്നവരും മടങ്ങേണ്ടിവരുന്നു. ഗൾഫിലെ ഈ കുഴപ്പം ഇന്ത്യയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതം വളരെ വലുതാണ്. ഇപ്പോൾ തിരിച്ചുവരുന്നവരിൽ ചെറിയൊരു പങ്കിനേ ഗൾഫിലേക്കു തിരിച്ചുചെല്ലാൻ അവസരമുള്ളു. ഇതു കേരളത്തിലും മറ്റും ഉണ്ടാക്കുന്ന സാമൂഹികസാമ്പത്തിക ചലനങ്ങൾ ദൂരവ്യാപകഫലങ്ങൾ ഉള്ളവയാണ്.

**ബജറ്റുകൾ താളം തെറ്റി**

കോവിഡിന്റെ മറ്റൊരു പ്രത്യാഘാതമാണു സർക്കാർ വരുമാനത്തിലുണ്ടായ ഇടിവ്. അതുവഴി കേന്ദ്ര - സംസ്ഥാന ബജറ്റുകൾ യഥാർഥത്തിൽ അപ്രസക്തമായി.

നികുതിവരുമാനം കുത്തനെ ഇടിഞ്ഞു. ഈ വരുമാനനഷ്ടം നികത്താൻ ബജറ്റിൽ നിർദേശിച്ചതിലും വളരെ കൂടുതൽ വായ്പ എടുക്കേണ്ടിവരുന്നു. കേന്ദ്രം 7.8 ലക്ഷം കോടിയിൽനിന്നു 12 ലക്ഷം കോടിയിലേക്കു വായ്പ കൂട്ടുന്നു. സംസ്ഥാനങ്ങൾക്കും വായ്പാപരിധി വർധിപ്പിച്ചു.

പക്ഷേ, അതുകൊണ്ടു മാത്രം വരുമാനനഷ്ടം നികത്താനാവില്ല. രാജ്യത്തു ജിഡിപി കുറഞ്ഞപ്പോൾ ആനുപാതികമായി നികുതിപിരിവും കുറഞ്ഞു. എന്നാൽ, ചെലവിനങ്ങൾ കുറഞ്ഞില്ല. കോവിഡ് മൂലം വേറേ അധികച്ചെലവു വരുകയും ചെയ്തു.


05

# കുരിശിന്റെ തണലിൽ






ഫാ. കുര്യാക്കോസ് നരിതൂക്കിൽ

2

'ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴങ്ങളിൽ നിന്ന്' എന്ന ഗ്രന്ഥത്തിന് എമിരറ്റസ് പാപ്പാ ബനഡിക്ട് പതിനാറാമനും കർദ്ദിനാൾ സറായും ചേർന്ന് 2019 സെപ്റ്റംബർ മാസത്തിലെഴുതിയ അവതാരികയിൽ ആദ്യമേ ചോദിക്കുന്ന




ചോദ്യമാണ് ഈ ലേഖനത്തിനു ശീർഷകമായി ഞാൻ നല്കിയിരിക്കുന്നത്. ലോകമെമ്പാടുമുള്ള കത്തോലിക്കാവൈദികരോട് നമ്മുടെ കർത്താവിന്റെ വാക്കുകളിൽത്തന്നെ (മത്തായി 8:26) ഗ്രന്ഥകർത്താക്കൾ ചോദിക്കുകയാണ്: "എന്തിനെയാണ് നിങ്ങൾ ഭയപ്പെടുന്നത്?"

ഡൊണാത്തിസ്റ്റ് പാഷണ്ഡതയിൽപ്പെട്ട മാക്സിമീനൂസ് എന്ന മെത്രാന് വിശുദ്ധ ആഗസ്തീനോസ് എഴുതി: "നമ്മൾ തമ്മിലുള്ള എഴുത്തുകൾ വിശ്വാസികളുടെ ഉദ്ബോധനത്തിനായി ഞാൻ പ്രസിദ്ധം ചെയ്യുകയാണ്." ഹിപ്പോയിലെ മെത്രാൻ വി. ആഗസ്തീനോസിനെയാണ് തങ്ങൾ മാതൃകയാക്കുന്നതെന്ന് എമിരറ്റസ് പാപ്പായും കർദ്ദിനാൾ സറായും വ്യക്തമാക്കുന്നു.

'മൗനമായിരിക്കാൻ, എനിക്കു പറ്റില്ല. മിണ്ടാതിരുന്നാലത് എത്ര മാത്രം ഉപദ്രവം വരുത്തിവയ്ക്കുമെന്ന് എനിക്കറിയാം. എന്തെന്നാൽ, സഭാഭരണത്തിന്റെ ബഹുമതികളിൽ സംതൃപ്തിയടയാൻ എനിക്കാഗ്രഹമില്ല. പക്ഷേ, എന്റെ സൂക്ഷത്തിന് ഏല്പിച്ചിരിക്കുന്ന അജഗണത്തിന്റെ കാര്യത്തിൽ ഞാൻ കണക്കുകൊടുക്കേണ്ട, ഇടയന്മാരുടെ ഇടയനായ കർത്താവീശോമിശിഹായെക്കുറിച്ച് ഓർക്കാനാണ് ഞാനാഗ്രഹിക്കുന്നത്. അജ്ഞത നടിക്കാനോ മൗനം ഭജിക്കാനോ എനിക്കാവില്ല" (St. Augustine Letters 23,7).

വി. ആഗസ്തീനോസിന്റെ ഈ വാക്കുകളുടെ കാലികപ്രസക്തി നമ്മൾ മനസ്സിലാക്കണം. വിശാല ആമസോണിനുവേണ്ടിയുള്ള മെത്രാന്മാരുടെ സിനഡ് 2019 ഒക്ടോബറിലാണ് നടന്നത്.

(ബ്രസീൽ, ബൊളീവിയ, കൊളംബിയ തുടങ്ങിയ ഒൻപതു തെക്കേ അമേരിക്കൻ രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുന്ന അതിവിസ്തൃതമായ ഭൂപ്രദേശമാണ് ആമസോണിയ. ഏകദേശം 400 ഗോത്രങ്ങളിലായി 2.8 മില്യൻ ആദിവാസികൾ അവിടെ അധിവസിക്കുന്നു.)

ഗ്രന്ഥകർത്താക്കൾ ആമുഖത്തിൽ ഇപ്രകാരമെഴുതുന്നു: "സിനഡു തുടങ്ങുന്നതിനു മാസങ്ങൾമുമ്പുതന്നെ വിചിത്രമായ 'മാധ്യമസിനഡി'ന്റെ കോലാഹലം ശ്രദ്ധയിൽപ്പെട്ടപ്പോൾ ഞങ്ങൾ ആശയവിനിമയം നടത്തുകയും നിശ്ശബ്ദതയിൽ ധ്യാനിക്കുകയും പരിചിന്തനം ചെയ്യുകയും ചെയ്തു കണ്ടെത്തിയ നിഗമനങ്ങൾ വിശ്വാസികൾ എല്ലാവരുടെയും അറിവിലേക്കായി വി. അഗസ്റ്റിനെപ്പോലെ ഞങ്ങളും പ്രസിദ്ധീകരിക്കുന്നു."

മെത്രാന്മാർ എന്ന നിലയിൽ സഭ മുഴുവന്റെയും കാര്യത്തിൽ തങ്ങൾക്ക് ഔത്സുക്യവും വ്യഗ്രതയും ഉണ്ടെന്നും സമാധാനവും ഐക്യവും കാംക്ഷിച്ചുകൊണ്ട് സഹോദരമെത്രാന്മാർക്കും വൈദികർക്കും അല്മായവിശ്വാസികൾക്കും തങ്ങളുടെ ആശയവിനിമയത്തിന്റെ ഫലങ്ങൾ പങ്കുവയ്ക്കുകയുമാണ് ചെയ്യുന്നതെന്നും ഗ്രന്ഥകർത്താക്കൾ വ്യക്തമാക്കുന്നു.

പ്രത്യയശാസ്ത്രങ്ങൾ ഭിന്നിപ്പിക്കുന്നു. എന്നാൽ സത്യം ഹൃദയങ്ങളെ ഒന്നിപ്പിക്കുന്നു. രക്ഷയെ സംബന്ധിക്കുന്ന പ്രബോധനങ്ങൾ ആഴത്തിൽ മനസ്സിലാക്കാനുള്ള ശ്രമങ്ങൾ ദിവ്യഗുരുവിനു ചുറ്റും നമ്മെ ഒന്നിച്ചുകൊണ്ടുവരുക മാത്രമേ ചെയ്യൂ എന്നും ബനഡിക്ട്പാപ്പായും കർദ്ദിനാൾ സറായും എടുത്തുപറയുന്നു.

ഈ ഗ്രന്ഥത്തിൽ വൈദികർക്കാണ് സവിശേഷശ്രദ്ധ നല്കിയിരിക്കുന്നത്. അവരെ ആശ്വസിപ്പിക്കാനും ധൈര്യപ്പെടുത്താനും തങ്ങളുടെ വൈദികഹൃദയം ആഗ്രഹിക്കുന്നുവെന്നു പ്രസ്താവിച്ചശേഷം ലോകം മുഴുവനുമുള്ള വൈദികരോടൊപ്പം അവർ പ്രാർത്ഥിക്കുകയാണ്: "കർത്താവേ, രക്ഷിക്കണമേ, ഞങ്ങളിതാ നശിക്കുന്നു" (മത്തായി 8:25). കൊടുങ്കാറ്റ് ആഞ്ഞടിക്കുമ്പോൾ കർത്താവ് ഉറങ്ങുകയായിരുന്നു. സംശയത്തിന്റെയും അബദ്ധപഠനങ്ങളുടെയും തിരമാലകൾ ആഞ്ഞടിക്കുമ്പോൾ അവിടുന്നു നമ്മളെ ഉപേക്ഷിച്ചതായി തോന്നിയേക്കാം. ആത്മവിശ്വാസം നഷ്ടപ്പെടുവാൻ നമ്മൾ പ്രലോഭിതരാകുന്നു. നാനാവശത്തുനിന്നും സഭാനൗകയെ മുക്കിത്താഴ്ത്താൻ ആപേക്ഷികതയുടെ തിരമാലകൾ ഉയരുകയാണ്. അപ്പസ്തോലന്മാരുടെ വിശ്വാസം മരവിക്കുകയും ഭീതി വളരുകയും ചെയ്തതുപോലെ പലപ്പോഴും സഭയും ആഞ്ഞുലയുകയാണ്. എങ്കിലും, "ഞങ്ങൾ അഗാധമായ ശാന്തത അനുഭവിക്കുന്നു. കാരണം, ഞങ്ങൾക്കറിയാം ഈശോയാണ് ഈ നൗക നയിക്കുന്നതെന്ന്. അതൊരിക്കലും മുങ്ങിത്താഴുകയില്ലെന്ന് ഞങ്ങൾക്കു തീർച്ചയാണ്. സഭയ്ക്കു മാത്രമേ നിത്യരക്ഷയുടെ തുറമുഖത്ത് ഞങ്ങളെ എത്തിക്കുവാൻ പ്രാപ്തിയുള്ളു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു" (പേജ് 24). ഇപ്രകാരം പ്രസ്താവിച്ചശേഷം വൈദികബ്രഹ്മചര്യത്തെപ്പറ്റി ഈ അവതാരികയിൽ പറയുന്നത് വളരെ ശ്രദ്ധേയമായ കാര്യങ്ങളാണ്: "തിരുപ്പട്ടസ്വീകരണദിനം കർത്താവിനോടു ചെയ്ത വലിയ ഉടമ്പടിയാണ് നമ്മുടെ ബ്രഹ്മചര്യം. അതാണ് നമ്മുടെ അനുദിന ജീവിതത്തിന്റെ ശക്തിസ്രോതസ്സ്. നമ്മുടെ ബ്രഹ്മചര്യം നമ്മുടെ വിശ്വാസത്തിന്റെ പ്രഘോഷണമാണ്. അതൊരു സാക്ഷ്യമാണ്. ദൈവത്തിൽ കേന്ദ്രീകൃതമായ ജീവിതമാണത്. നമ്മുടെ ബ്രഹ്മചര്യം സാക്ഷ്യവും രക്തസാക്ഷിത്വവുമാണ്. കർത്താവിനായി നമ്മുടെ ജീവനെ നഷ്ടമാക്കാൻ തയ്യാറാണെന്ന് അനുദിനം പ്രഖ്യാപിക്കുന്നവരാണ് വൈദികർ. ഇതിൽ സന്ദേഹം ഉണ്ടായാൽ കർത്താവിന്റെ ശിഷ്യന്മാരെ എന്നപോലെ നമ്മളെയും അവിടുന്നു ശകാരിക്കും: "അല്പവിശ്വാസികളേ, നിങ്ങൾ എന്തിനു ഭയപ്പെടുന്നു?" (മത്താ. 8:26).

**കുരിശിന്റെ തണലിൽ**

ആമുഖത്തിന്റെ തുടർച്ച എന്നപോലെ ഗ്രന്ഥകാരൻമാർ ഇരുവരും ചേർന്ന് 2019 ഡിസംബർ മാസം 3-ാം തീയതി എഴുതിയ ഉപസംഹാരക്കുറിപ്പുകളുടെ ശീർഷകമാണ് 'കുരിശിന്റെ തണലിൽ' എന്നത്. പൗരോഹിത്യം ഇരുളടഞ്ഞ കാലഘട്ടത്തിലൂടെ കടന്നുപോവുകയാണ്. വളരെയേറെ ഇടർച്ചകളുടെ വെളിപ്പെടുത്തലിലൂടെ പവിത്രമായ വൈദികബ്രഹ്മചര്യം നിരന്തരം ചോദ്യം ചെയ്യപ്പെടുന്നതുകൊണ്ട് മുറിവേറ്റവരും സംഭ്രമചിത്തരുമായ ധാരാളം വൈദികർ എല്ലാം ഉപേക്ഷിച്ചാലോയെന്ന പ്രലോഭനത്തെ നേരിടുന്നു.

മിശിഹാകർത്താവ് നമ്മോടു ചോദിക്കുന്നു: "വിട്ടുപോകുവാൻ നിങ്ങളും ആഗ്രഹിക്കുന്നുവോ?" (യോഹ. 6:67). പത്രോസിനോടും അദ്ദേഹത്തിന്റെ പിൻഗാമിയോടും ചേർന്നുനിന്നുകൊണ്ട് ഞങ്ങൾ പ്രതിവചിക്കുന്നു: "കർത്താവേ, ആരുടെ അടുത്തേക്കു ഞങ്ങൾ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (യോഹ. 6:68-69).

'പിതാവായ ദൈവത്തിനു പൂർണമായി നല്കിയ ദൈവത്തിന്റെ അഭിഷിക്തനായ മിശിഹായെ അനുകരിച്ച് വൈദികരായ ഞങ്ങളും പൂർണ്ണമായി അങ്ങയുടെ കരങ്ങളിൽ ഞങ്ങളെത്തന്നെ കയ്യാളിക്കുന്നു' എന്നെഴുതിയശേഷം വിശുദ്ധ ജോൺ ഹെൻറി ന്യൂമാന്റെ ഒരു പ്രാർത്ഥന ഉദ്ധരിച്ചുകൊണ്ട് ബനഡിക്ട് പാപ്പായും കർദ്ദിനാൾ സറായും വൈദികസമർപ്പണത്തിന്റെ വൈശിഷ്ട്യം പ്രകടമാക്കുന്നു: "കർത്താവേ, എന്നെ മുഴുവനായും അങ്ങു സ്വന്തമാക്കണമേ. അപ്പോൾ ഞാൻ അങ്ങയെപ്പോലെ പ്രകാശിക്കും. അങ്ങനെ മറ്റുള്ളവരെ പ്രകാശിപ്പിക്കുവാൻ എനിക്കാവും".

'കുരിശിൻചുവട്ടിൽ നിന്ന അമ്മയെ കടാക്ഷിക്കുകയും ബ്രഹ്മചാരിയായ വി. യോഹന്നാന് ഏല്പിച്ചുകൊടുക്കുകയും ചെയ്ത ക്രൂശിതനായ ഈശോയേ, സഭയ്ക്ക് ഐക്യവും സമാധാനവും നല്കണമേ. നിന്റെ വൈദികരുടെമേൽ കരുണയായിരിക്കണമേ! യോഹന്നാനെപ്പോലെ അവരും പരിശുദ്ധ അമ്മയെ അവരുടെ പക്കൽ സ്വീകരിക്കട്ടെ' എന്നീ വാക്കുകളിൽ പ്രാർത്ഥന തുടരുകയും അചഞ്ചലമായ സഭാസ്നേഹം പ്രകടമാക്കുകയും സഭാസേവനത്തിനായി ലഭിച്ച അവസരങ്ങൾക്കു നന്ദിയർപ്പിക്കുകയും ചെയ്യുന്ന ഗ്രന്ഥകർത്താക്കൾ സഭാസ്നേഹം ഒന്നുകൊണ്ടു മാത്രമാണ് തൂലികയെടുത്തതെന്ന് എടുത്തുപറയുന്നുണ്ട്. "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ. 19:2).

തെറ്റായ വാദങ്ങളും നാടകീയാവതരണങ്ങളും പൈശാചിക വഞ്ചനകളും നുണകളും എല്ലാം ചേർത്ത് വൈദികബ്രഹ്മചര്യത്തിനെതിരേ ഒരുക്കുന്ന കെണിയിൽപ്പെടാതെ മെത്രാന്മാരും വൈദികരും അല്മായരും സൂക്ഷിക്കുക എന്നത് ഇന്നിന്റെ അടിയന്തരാവശ്യമാണ്. കുറ്റകരമായ മൗനത്തെപ്പറ്റി പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഓർമ്മിപ്പിച്ചുകൊണ്ടും (2 തിമോ. 4,1-5) 'മൗനം മതിയാക്കൂ, പതിനായിരം നാവോടെ വിളിച്ചുപറയൂ.' എന്ന സിയന്നായിലെ വി. കാതറിന്റെ വാക്കുകൾ നമ്മുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടുമാണ് ഈ ഗ്രന്ഥം ഉപസംഹരിക്കുന്നത്. □

# മാലിന്യങ്ങൾ ബഹിരാകാശത്തും

## ഹരിതപാഠം 24



**മാർ ജേക്കബ് മുരിക്കൻ**

പ്രപഞ്ചഘടനയിൽ സുപ്രധാന സ്ഥാനമാണ് സൗരയൂഥത്തിനുള്ളത്. സൂര്യനും സൂര്യനെ പ്രദക്ഷിണം ചെയ്യുന്ന എട്ടു ഗ്രഹങ്ങളും ഗ്രഹങ്ങളെ ചുറ്റുന്ന ഉപഗ്രഹങ്ങളും കുള്ളൻ ഗ്രഹങ്ങളും ഛിന്നഗ്രഹങ്ങളും വാൽനക്ഷത്രങ്ങളുമൊക്കെ ഉൾക്കൊള്ളുന്നതാണ് സൗരയൂഥം. ലക്ഷം മുതൽ ദശലക്ഷം കോടി വരെ നക്ഷത്രങ്ങളുള്ള ഗാലക്സികൾ പ്രപഞ്ചത്തിലുണ്ട്. സൗരയൂഥം ഉൾപ്പെടുന്ന ഗാലക്സി 'ആകാശഗംഗ' യാണ്. 1977 ൽ നാസ വിക്ഷേപിച്ച വോയേജർ-1 എന്ന പര്യവേക്ഷണപേടകം 2013 ൽ സൗരയൂഥം കടന്നു. സൗരയൂഥം പിന്നിടുന്ന ആദ്യമനുഷ്യനിർമ്മിത വസ്തുവാണ് വോയേജർ-1. പ്രകൃതിയും സൗരയൂഥവും സവിശേഷമായി ബന്ധപ്പെട്ടിരിക്കുന്നു. ഗാലക്സിയുടെ മധ്യത്തിൽനിന്ന് ഏതാണ്ട് 27000 പ്രകാശവർഷം അകലെ സ്ഥിതിചെയ്യുന്ന സൂര്യൻ പ്രകൃതിയിൽ ജീവൻ സംരക്ഷിക്കുന്നതിൽ അനന്യമായ സ്ഥാനം അലങ്കരിക്കുന്നു. മനുഷ്യൻ ബഹിരാകാശത്തു നടത്തുന്ന പരീക്ഷണങ്ങളിലൂടെ വിപ്ലവാത്മകമായ കണ്ടെത്തലുകളും അദ്ഭുതരഹസ്യങ്ങളുടെ കലവറയും അനാവരണം ചെയ്യപ്പെടുന്നു. വിവിധ രാജ്യങ്ങൾ തങ്ങളുടേതായ വിക്ഷേപണങ്ങളിലൂടെ നിരവധി പര്യവേക്ഷണങ്ങൾ നടത്തുന്നു. ഈ പരീക്ഷണങ്ങൾ മനുഷ്യരാശിയുടെ വികസനത്തിനു സഹായിക്കുമെന്നത് അംഗീകരിക്കുന്നു. അതുകൊണ്ട് പരീക്ഷണങ്ങൾ ആവശ്യമാണ്. പക്ഷേ, അവയിലൂടെ ബഹിരാകാശത്തു സൃഷ്ടിക്കപ്പെടുന്ന പരിണതഫലങ്ങൾ പഠനവിഷയമാക്കേണ്ടതുണ്ട്. ഭൂമിയിൽനിന്ന് 36000 കി.മീറ്ററിനു മുകളിൽ ഒരു മാലിന്യക്കൂമ്പാരം സൃഷ്ടിക്കപ്പെടുന്നു. കാലാവധി തീർന്ന ഉപഗ്രഹങ്ങളുടെ ഭാഗങ്ങളും റോക്കറ്റുകളുടെ അവസാനഘട്ടത്തിന്റെ അവശിഷ്ടങ്ങളും ബഹിരാകാശത്തെ അനാവശ്യവസ്തുക്കളാണ്. ഇവയാണ് ബഹിരാകാശ മാലിന്യങ്ങൾ എന്നറിയപ്പെടുന്നത്. ഒരു ഗോലിയുടെ വലിപ്പമുള്ള 5 ലക്ഷം കഷണങ്ങൾ ബഹിരാകാശവിദഗ്ധരുടെ നിരീക്ഷണത്തിലാണ്. അവ ഭൂമിയെ ചുറ്റുന്നതാകട്ടെ മണിക്കൂറിൽ 27000 കി.മീ. വേഗത്തിലും. ഈ വേഗത്തിൽ അവ പ്രവർത്തനക്ഷമമായ ഒരു ഉപഗ്രഹത്തിൽ ചെന്നിടിച്ചാൽ രണ്ടും തവിടുപൊടിയാകും. ബഹിരാകാശം വളരെ വിശാലമായതുകൊണ്ട് കൂട്ടിമുട്ടു സാധ്യതകൾ കുറവാണെന്നതാണ് വാസ്തവമെങ്കിലും അപ്രകാരമുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

ഭൂമിയിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനെക്കാൾ പതിന്മടങ്ങ് ബുദ്ധിമുട്ടാണ്




ബഹിരാകാശമാലിന്യങ്ങൾ സംസ്കരിക്കുവാൻ എന്നതാണ് പ്രധാന പ്രശ്നം. ഓരോന്നിനെയും അവയുടെ ഭ്രമണപഥത്തിൽനിന്നു വ്യതിചലിപ്പിച്ച് ഭൂമിയിലേക്കു തള്ളിവിടുകയാണ് ഒരു സംസ്കരണമാർഗ്ഗം. ഭൂമിയിൽ എത്തുന്നതിനുമുമ്പ് അന്തരീക്ഷത്തിൽ പ്രവേശിക്കുമ്പോൾത്തന്നെ അവ കത്തിനശിക്കും. പക്ഷേ, ഇപ്രകാരം അവയെ ഭൂമിയിലേക്കു തള്ളിവിടാൻ വലിയ ഊർജ്ജം ആവശ്യമാണ്. അതുകൊണ്ടാണ് അവയെ ബഹിരാകാശത്തുതന്നെ തള്ളിവിടാൻ കാരണം. പക്ഷേ ഇവ ബഹിരാകാശത്തെ മാലിന്യങ്ങളുടെ ഒരു ശവപ്പറമ്പായി മാറ്റുകയും അവ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഗുരുതരമായി ഭവിക്കാൻ ഇടയാക്കുകയും ചെയ്യുന്നു. സമീപഭാവിയിൽ വലിയ അപകടം കാണുന്നില്ലെന്നു പറയുമ്പോഴും വിദൂരഭാവിയിൽ ബഹിരാകാശത്തു സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾവഴി രൂപപ്പെടുന്ന ഭവിഷ്യത്തുകൾ നിസ്സാരമാക്കി കാണാനാവില്ല.

□

# അന്നവും അക്ഷരവും

## ജൂൺ 19 : ഒരു വായനദിനംകൂടി കടന്നുപോയി



**ഫാ. കെ.എം. ജോർജ്**

അന്നവും അക്ഷരവും വിശുദ്ധമാണ്. രണ്ടും ജീവന്റെ അടിസ്ഥാനമാണ്. ഒന്ന് ശരീരത്തിനും മറ്റൊന്ന് മനസ്സിനും. അതുകൊണ്ട് വായിക്കുക എന്നത് വിശുദ്ധമായ ഒരു പ്രക്രിയായി കരുതപ്പെടുന്നു. എന്നാൽ, വായനയാണോ കേൾവിയാണോ കാഴ്ചയാണോ ആദ്യം രൂപപ്പെട്ടത് എന്നു ചോദിച്ചാൽ ഉത്തരം പറയാൻ പ്രയാസമാണ്. അയ്യായിരം വർഷം മുമ്പുള്ള ഗ്രീക്കുകാരുടെ ഹോളോഗ്രിഫിക്സ് ഒരുതരം എഴുത്തായിരുന്നു—ചിത്രാക്ഷരങ്ങൾ. ഫിനിഷ്യക്കാരുടെ അക്ഷരമാലയും ഇന്ത്യയിലെ ബ്രാഹ്മിലിപിയുമൊക്കെ വലിയ കഥകളാണ് നമ്മോടു പറയുന്നത്. പ്രത്യേകമായ പരിശീലനം ഉള്ളവർക്കുമാത്രമേ വായന സാധ്യമാവുകയുള്ളൂ. അല്ലാത്തവർ വായിച്ചുകേൾക്കുകയാണ്. വേദങ്ങളും ഉപനിഷത്തുക്കളുമൊക്കെ വായിച്ചുകേൾക്കുകയാണ്. അതുകൊണ്ടാണ് അവയൊക്കെ ശ്രുതി എന്ന് അറിയപ്പെടുന്നത്. ബൈബിളും ഖുറാനുമൊക്കെ അങ്ങനെതന്നെയായിരുന്നു. ഉന്നതവർഗ്ഗത്തിനു മാത്രമേ അക്കാലത്ത് അക്ഷരം പഠിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ.

അച്ചടി കണ്ടുപിടിച്ചതിനുശേഷം പുസ്തകങ്ങൾ വന്നു. എന്നിട്ടും എത്രയോ കാലങ്ങൾക്കുശേഷമാണ് ആളുകൾക്കു പുസ്തകം ലഭ്യമാകുന്നത്. പുസ്തകങ്ങളും ദിനപത്രങ്ങളുമൊക്കെ സാമാന്യജനങ്ങൾക്കു ലഭ്യമായത് ആധുനികകാലത്താണ്. വായന ചരിത്രത്തിന്റെ ഭാഗമൊന്നുമല്ല, തികച്ചും പുതിയ കാര്യമാണ്.

ലിപികളും അക്ഷരങ്ങളും പുസ്തകങ്ങളുമൊക്ക കണ്ടുപിടിക്കുന്നതിനുംമുമ്പ് മനുഷ്യർ വായിച്ചിരുന്നു. വായിച്ചിരുന്നത് പ്രകൃതിയെ ആയിരുന്നു എന്നുമാത്രം. എന്നുപറഞ്ഞാൽ പ്രകൃതിയുടെ അടയാളങ്ങളെ തിരിച്ചറിയുക, അതിനെ വ്യാഖ്യാനിക്കുക എന്നതൊക്കെയാണ്. ടിവിയും കമ്പ്യൂട്ടറും മൊബൈൽഫോണുമൊക്കെ വന്നുകഴിഞ്ഞപ്പോൾ വായനയുടെ പ്രാധാന്യം കുറഞ്ഞുപോയിരിക്കുന്നു. പുസ്തകം വായിക്കുന്നതിന് കുറച്ച് ആയാസം ആവശ്യമാണ്. ടിവി കാണുമ്പോൾ അത്രയും ആയാസമില്ല. കാണുന്നതും കേൾക്കുന്നതും വായനയോളം ആയാസമല്ല.

വായന മരിക്കുന്നു എന്ന് ആവലാതിപ്പെടുമ്പോഴും കേരളത്തിലെ ഒരു പ്രമുഖ പ്രസിദ്ധീകരണസ്ഥാപനത്തിന്റെ ഉടമ പറഞ്ഞ്, അച്ചടി നടക്കുന്നില്ലെങ്കിലും പുസ്തകങ്ങൾ ധാരാളം വിറ്റുപോകുന്നുണ്ട് എന്നാണ്. പത്രങ്ങൾക്കും പ്രചാരം കുറയുന്നില്ല. ഇതിൽനിന്നൊക്കെ വായന മരിച്ചിട്ടില്ലെന്നു മനസ്സിലാക്കാം. പുതിയ തലമുറയിൽപ്പെട്ട ആളുകൾക്ക് വായനയെക്കാൾ പ്രധാനം കാഴ്ചയും കേൾവിയുമാണ്. കാഴ്ചയും വായനയും തമ്മിലുള്ള വ്യത്യാസം, കാഴ്ച പെട്ടെന്നു കടന്നുപോകുന്നതാണ്. അതേസമയം, വായിക്കുന്ന കാര്യങ്ങൾ നാം മനനം ചെയ്യുന്നു. മനനം ചെയ്യുന്ന കാര്യങ്ങൾ നമ്മുടെ ചിന്തയിൽ തങ്ങിനിൽക്കുന്നു.

ഇനിയുള്ള കാലത്ത് കാഴ്ചയും കേൾവിയും വായനയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടു പോകണം. ഇപ്പോൾത്തന്നെ പല പ്രസിദ്ധീകരണങ്ങളും വാർത്തയോടൊപ്പം ക്യൂആർ കോഡും നല്കുന്നുണ്ട്. അത് സ്കാൻ ചെയ്താൽ കവിയുടെ ശബ്ദത്തിൽത്തന്നെ കവിത കേൾക്കാം എന്ന രീതി വന്നു. ഇത് ഒരു വലിയ മാറ്റമാണ്.



വായന പൂർണ്ണമായും മരിക്കില്ല എന്നാണ് എന്റെ അഭിപ്രായം. എങ്കിലും വായനയുടെ പ്രാധാന്യം കുറയാനാണ് സാധ്യത. കോവിഡ്-19 ന്റെ ഇക്കാലത്ത് നാം കുറേ കാര്യങ്ങളിലെങ്കിലും പുറകോട്ടു പോയിട്ടുണ്ട്. വാഹനങ്ങൾ, പൊതുസ്ഥലങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയവയിലെല്ലാം നാം തിരക്കു കുറച്ചെങ്കിൽ മാത്രമേ നമ്മുടെ ജീവനെ നിലനിർത്താൻ സാധിക്കുകയുള്ളൂ. ഇതുപോലെ, തിരക്കു കുറച്ചെങ്കിൽ മാത്രമേ വായനയെയും നമുക്ക് തിരികെക്കൊണ്ടുവരാനാവൂ. വായിക്കാനും വായിച്ചതു മനനം ചെയ്യാനും സാധിക്കണമെങ്കിൽ നല്ല ഒരു അന്തരീക്ഷം വേണം.

വായിച്ച വസ്തുതയെക്കുറിച്ച് നാം മനനം ചെയ്യാറുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. പ്രകൃതിയെ വായിക്കുന്നതിനും മനനത്തിനു വളരെയധികം പങ്കുണ്ട്. കാരണം, പ്രകൃതിക്ക് ഒരുതരം നിശ്ചലാവസ്ഥയുണ്ട്. പ്രകൃതിയുടെ ചലനംപോലും ഒരു നിശ്ചലാവസ്ഥയെ ഉണ്ടാക്കുന്നതാണ്. പ്രകൃതിയെ വായിക്കുന്നവരിൽ പ്രമുഖർ കവികളാണ്. പ്രകൃതിയെ വായിക്കാൻ നമ്മുടെ കുഞ്ഞുങ്ങളെയും നാം പഠിപ്പിക്കണം. പുസ്തകമായാലും പ്രകൃതിയായാലും അതിനെ വായിച്ചിട്ട് മനനം ചെയ്യാൻ കുട്ടികളെ നാം ശീലിപ്പിക്കണം. ആധുനിക വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന പ്രശ്നം അതാണ്. കുട്ടികളെ പാഠങ്ങൾ പഠിക്കാൻ കൂടുതൽ നിർബന്ധിക്കും. ചുറ്റുപാടുകളെക്കുറിച്ച് അവർക്ക് യാതൊരു ധാരണയും ഉണ്ടായിരിക്കുകയില്ല. പുസ്തകങ്ങളും കമ്പ്യൂട്ടറും മൊബൈൽഫോണും മാത്രം കണ്ടുവളരുന്ന കുട്ടികൾക്ക് പ്രകൃതിയും അതിന്റെ വായനയും അന്യമാവുന്നു.

കവിതകൾ കാണാതെ പഠിക്കണം. നിരന്തരം വായിച്ചെങ്കിൽ മാത്രമേ അതു സാധിക്കുകയുള്ളൂ. കാണാതെ പഠിക്കുകയെന്നത് ചിത്തസംസ്കാരത്തിന്റെ ഭാഗമാണ്. പുസ്തകങ്ങൾ വായിക്കുക, കവിതകൾ മനഃപാഠമാക്കുക, സൂക്തങ്ങളും മഹദ്വചനങ്ങളും ഓർമ്മയിൽ സൂക്ഷിക്കുക ഇതൊക്കെ നല്ല കാര്യങ്ങളാണ്.

വായനയ്ക്കു പല മാനങ്ങളുണ്ട്. നല്ല പുസ്തകങ്ങൾ വായിക്കുക. അത് നല്ലതുപോലെ വായിക്കുക. പുസ്തകങ്ങളുടെ തിരഞ്ഞെടുപ്പ് വളരെ പ്രധാനമാണ്. സാമൂഹികമാധ്യമങ്ങൾപോലെതന്നെ ഇവിടെയും നല്ലതും ചീത്തയുമുണ്ട്. തിരഞ്ഞെടുപ്പ് കൃത്യമായിരിക്കണം. മുതിർന്നവർ കുട്ടികളെ അതിനു സഹായിക്കുകയും വേണം.

ചുരുക്കത്തിൽ, പുസ്തകം വായിക്കുന്നത്, പ്രകൃതിയെ വായിക്കുന്നത്, മനനം ചെയ്യുന്നത് എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണ് വായന. അറിവിന്റെ അടിസ്ഥാനം പുസ്തകമാണ്. അതുകൊണ്ടാണ് അക്ഷരത്തിനു ദിവ്യത്വം കല്പിക്കുന്നത്. അക്ഷരം എന്നാൽ ക്ഷരമില്ലാത്തത്-നാശമില്ലാത്തത് എന്നാണ്. ഓരോ അക്ഷരവും ഉച്ചരിക്കുന്നതിനും എഴുതുന്നതിനും ഒരു രീതിയുണ്ട്. അത് അങ്ങനെതന്നെ ശീലിക്കുക. വ്യക്തമായി എഴുതുന്നതും, വ്യക്തമായി ഉച്ചരിക്കുന്നതും വായനയുടെ ഭാഗമായി വരുന്നതുതന്നെയാണ്. നന്നായി അക്ഷരം ഉച്ചരിക്കുന്ന ഒരാൾ തന്റെ ജീവിതത്തെയും സ്ഫുടമായി ഉച്ചരിക്കുമെന്നാണ് സങ്കല്പം.

അതുകൊണ്ടാണ്, തുടക്കത്തിൽ അന്നവും അക്ഷരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു പറഞ്ഞത്. രണ്ടും വിശുദ്ധമാണ്, രണ്ടും നമ്മുടെ ജീവനെ പരിപോഷിപ്പിക്കുന്നതാണ്.

□

# സൂയസ് കനാൽ കടന്ന് ചെങ്കടലിലേക്ക്






സഞ്ചാരം

ഫാ. ഫിലിപ്പ് ഞരളക്കാട്ട്



**കെ**യ്റോയിൽനിന്ന് ഏകദേശം അര മണിക്കൂർകൊണ്ട് ഞങ്ങൾ സൂയസ് കനാലിന്റെ സമീപമെത്തി. സൂയസ് കനാൽ മനുഷ്യനിർമ്മിതമായ ഒരു ജലപാതയാണ്. ഇത് മെഡിറ്ററേനിയൻ കടലിനെയും ചെങ്കടലിനെയും തമ്മിൽ ബന്ധിപ്പിക്കുന്നു. ഏഷ്യ ഭൂഖണ്ഡവും ആഫ്രിക്കൻ ഭൂഖണ്ഡവും ഒരുമിച്ചുകിടന്ന വൻകരകളാണ്. സൂയസ് കനാൽ നിർമ്മിച്ചതോടെ രണ്ടു ഭൂഖണ്ഡങ്ങളും വേർതിരിക്കപ്പെട്ടു. കടലിന്റെ നിരപ്പിൽത്തന്നെയാണ് കനാൽ സ്ഥിതി ചെയ്യുന്നത്. പോർട്ട് സെയ്ദിലുള്ള വടക്കൻ ടെർമിനലിൽനിന്നാരംഭിച്ച് പോർട്ട് സെയ്ദിന്റെ തെക്കൻ ടെർമിനലിലേക്ക് 193.30 കിലോമീറ്റർ നീളത്തിൽ വെട്ടിയുണ്ടാക്കിയ തോടാണിത്. പത്തുവർഷമെടുത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ലക്ഷക്കണക്കിനു തൊഴിലാളികളുടെ അദ്ധ്വാനം കൊണ്ടാണ് കനാൽ നിർമ്മിച്ചത്. കപ്പലുകൾക്ക് ഔദ്യോഗികമായി തുറന്നുകൊടുത്തത് 1869 ലാണ്. ഇതു നിർമ്മിച്ചത് സൂയസ് കനാൽ കമ്പനിയാണ്. കനാൽ ഉണ്ടാക്കുന്നതിനുമുമ്പ് യൂറോപ്പിൽനിന്ന് ഇന്ത്യയിലേക്ക് ഒരു കപ്പൽ എത്തണമെങ്കിൽ ആഫ്രിക്കൻ ഭൂഖണ്ഡത്തെ ചുറ്റി കേപ്പ് ഓഫ് ഗുഡ് ഹോപ്പ് വഴി ഇന്ത്യൻ മഹാസമുദ്രത്തിലേക്കു കടക്കണമായിരുന്നു. ഇപ്പോൾ മെഡിറ്ററേനിയൻ സമുദ്രത്തിൽനിന്ന് സൂയസ് കനാൽവഴി ചെങ്കടലിലേക്കു കടന്ന് നേരേ അറേബ്യൻ കടലിൽ ഇറങ്ങി ഇന്ത്യയിലേക്കു വരാൻ സാധിക്കും. 8900 കിലോമീറ്റർ കുറച്ചു സഞ്ചരിച്ചാൽ മതി. ആദ്യം ഒരു കപ്പലിനു കടന്നുപോകാനുള്ള വീതിയാണുണ്ടായിരുന്നത്. എന്നാൽ, കനാലിനു പല പ്രാവശ്യം വീതി കൂട്ടിയതിന്റെ ഫലമായി ഇപ്പോൾ കനാലിലൂടെ പല കപ്പലുകൾക്ക് ഒരേസമയം കടന്നുപോകാൻ സൗകര്യമുണ്ട്. ലോകവാണിജ്യരംഗത്ത് വലിയ ഒരു കുതിച്ചുചാട്ടം ഉണ്ടാക്കുവാൻ സൂയസ് കനാലിനു കഴിഞ്ഞു. ബ്രിട്ടീഷുകാരുടേതായിരുന്ന ഈ കനാൽ ഈജിപ്തിലെ ഭരണാധികാരി ആയിരുന്ന ഗമാൽ അബ്ദുൾ നാസർ ദേശസാത്കരിക്കുകയുണ്ടായി. സൂയസ് പല യുദ്ധങ്ങൾക്കും വേദിയായിരുന്നിട്ടുണ്ട്. 1967 ൽ ഇസ്രായേലും അറബി രാജ്യങ്ങളും തമ്മിലുണ്ടായ ആറുദിന യുദ്ധത്തിൽ കനാലിന്റെ പടിഞ്ഞാറോട്ടുള്ള സീനായ് ഉപദ്വീപിന്റെ ഭാഗങ്ങൾ ഈജിപ്തിൽനിന്ന് ഇസ്രായേൽ പിടിച്ചെടുക്കുകയുണ്ടായി. 1973 ൽ പിന്നീടുണ്ടായ യോംകിപ്പൂർ യുദ്ധത്തിൽ ഈജിപ്തും ഇസ്രായേലും പരസ്പരം ആക്രമിച്ച് വിവിധ സ്ഥലങ്ങൾ കൈവശപ്പെടുത്തി. ഈ അവസരത്തിൽ ഐക്യരാഷ്ട്രസഭയുടെ ഇടപെടൽ ഉണ്ടാകുകയും പ്രശ്നങ്ങൾ ഒരുപരിധിവരെ പരിഹരിക്കപ്പെടുകയും ചെയ്തു. ഇപ്പോൾ സൂയസ് കനാൽ ഈജിപ്തിന്റെ പൂർണ്ണനിയന്ത്രണത്തിലാണ്. എല്ലാ രാഷ്ട്രങ്ങളുടെയും കപ്പലുകൾക്ക് കനാലിലൂടെ കടന്നുപോകാൻ അവകാശമുണ്ട്. കനാലിന്റെ പടിഞ്ഞാറുഭാഗം വെസ്റ്റ്ബാങ്ക് എന്നറിയപ്പെടുന്ന സ്ഥലത്തുനിന്ന് ഇസ്രായേൽ പിന്മാറി. ഇസ്രായേൽ അധിനിവേശകാലത്ത് ഈ പ്രദേശത്ത് വിശാലമായ ഹൈവേകൾ നിർമ്മിക്കപ്പെട്ടു. ചെങ്കടൽതീരത്ത് നിരവധി ടൂറിസ്റ്റ് കേന്ദ്രങ്ങളും ഇസ്രായേൽ വികസിപ്പിക്കുകയുണ്ടായി. ഇപ്പോൾ ഈജിപ്തിൽനിന്ന് സീനായിലേക്കു കടക്കുന്നത് സൂയസ് കനാലിന്റെ അടിയിൽക്കൂടി നിർമ്മിച്ചിട്ടുള്ള വിശാലമായ ഒരു തുരങ്കത്തിലൂടെയാണ്. ഈ തുരങ്കത്തിനു കിലോമീറ്ററുകൾ നീളമുണ്ട്. ഇലക്ട്രിക് ബൾബുകൾ പ്രകാശം വിതറുന്നതുകൊണ്ട് തുരങ്കത്തിനുള്ളിൽ പകൽപോലെ വെളിച്ചമുണ്ട്.

എത്രയുംവേഗം സീനായിൽ എത്തുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. തുടക്കത്തിൽ ഞങ്ങളുടെ സഞ്ചാരപഥം മരുഭൂമിയിലൂടെയായിരുന്നു. രണ്ടുവശത്തും ചെങ്കൽനിറത്തിലുള്ളതും ചിലപ്പോൾ ഇളംവെള്ളനിറത്തിലുള്ളതുമായ പാറകൾ നിറഞ്ഞ സ്ഥലമാണ്. പ്രകൃതി ഏല്പിച്ച ക്ഷതംമൂലമായിരിക്കാം പലതിനും വികൃതമായ രൂപമാണുള്ളത്. കുറേക്കൂടി മുമ്പോട്ടുപോയപ്പോൾ ചെങ്കടലിന്റെ ഓരം ചേർന്നായി ഞങ്ങളുടെ യാത്ര. മാറായുടെ സമീപത്തേക്കാണ് ഞങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. സൂയസിൽനിന്ന് 146 കിലോമീറ്ററുണ്ട് മാറായിലേക്ക്. മാറാ എന്ന വാക്കിന്റെ അർത്ഥം കയ്പുള്ളത് എന്നാണ്. ഇസ്രായേൽ ജനം കാനാൻദേശത്തേക്കുള്ള യാത്രയിൽ ഈ സ്ഥലത്തുവന്നപ്പോൾ വെള്ളമില്ലാതെ വലഞ്ഞു. വെള്ളം അന്വേഷിച്ചുനടന്ന അവർക്ക് ജലസ്രോതസ് കണ്ടെത്താൻ കഴിഞ്ഞു. പക്ഷേ അവിടുത്തെ വെള്ളത്തിനു കയ്പായിരുന്നു. അങ്ങനെയാണ് ആ സ്ഥലത്തിനു മാറാ എന്നു പേരുണ്ടായത്. ജനങ്ങൾ നല്ല ജലമില്ല എന്നു പരാതിപ്പെട്ടു. മോശ ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം അദ്ദേഹത്തിന് ഒരു വൃക്ഷം കാണിച്ചുകൊടുത്തു. അതിന്റെ തടി വെള്ളത്തിലിടാൻ ദൈവം കല്പിച്ചു. മോശ അപ്രകാരം ചെയ്തു. വെള്ളം മധുരമുള്ളതായിത്തീർന്നു. ആത്മീയപിതാക്കന്മാർ ഈ സംഭവത്തിന് ആത്മീയതലത്തിലുള്ള അർത്ഥം കൊടുക്കാറുണ്ട്. വെള്ളത്തിന്റെ കയ്പുമാറ്റിയ ഈ തടി ഈശോയുടെ കുരിശിന്റെ പ്രതീകമാണെന്ന് അവർ വ്യാഖ്യാനിക്കുന്നു. ഇപ്പോൾ മാറായിൽ കാണാൻ ഒന്നുംതന്നെയില്ല. ജലസ്രോതസ്സിനു ചുറ്റും കല്ലുകെട്ടി ഭംഗിയായി സൂക്ഷിച്ചിട്ടുണ്ട്.

മാറായിൽനിന്ന് ചെങ്കടലിന്റെ ഓരംചേർന്നാണ് ഞങ്ങളുടെ യാത്ര. ചെങ്കടൽ അടുത്തുകാണണമെന്ന് പലർക്കും ആഗ്രഹമുണ്ടായിരുന്നു. ഇടയ്ക്ക് ഒരു റിസോർട്ടിനോടു ചേർന്ന് കടലിൽ ഇറങ്ങാൻ സൗകര്യമുള്ള ഒരു സ്ഥലത്ത് ഞങ്ങളുടെ ബസ് നിർത്തി. എല്ലാവരും കടൽത്തീരത്തേക്കിറങ്ങി. സാധാരണ കടൽപോലെതന്നെ ഇരിക്കുന്നു. ചെങ്കടലിന് എന്തുകൊണ്ടാണ് ആ പേരു കിട്ടിയത് എന്നു ചോദിച്ചു മനസ്സിലാക്കി. ചെങ്കടലിന്റെ ആഴംകുറഞ്ഞ ചില ഭാഗങ്ങളിൽ ഒരുതരം ചെമന്ന കോറൽ നിറഞ്ഞുനില്ക്കുന്നുണ്ട്. കടലിനു മൊത്തം ചെമന്ന നിറം പകരാൻ അവയ്ക്കു സാധിക്കുന്നു. അതുകൊണ്ടാണത്രേ ഈ പേരുണ്ടായത്. മറ്റൊരു വിശദീകരണവും അനുയോജ്യമായിത്തോന്നി. കടൽത്തീരത്ത് സമൃദ്ധമായി വളരുന്ന ഒരുതരം റീഡ് (Reed) അതായത് ഞാങ്ങണയാണ് ഈ പേരിനു കാരണം. റീഡ് സീ രൂപാന്തരം പ്രാപിച്ച് റെഡ് സീ ആയതാണത്രേ. കടലിൽ കാൽ കഴുകിയും ഇറങ്ങിനിന്നും മറ്റുമായി ഏതാനും മിനിട്ടുകൾ ചെലവഴിച്ചിട്ട് ഞങ്ങൾ യാത്രതുടർന്നു.

നേരം സന്ധ്യയാകുകയായിരുന്നു. ചെമന്ന സൂര്യപ്രകാശത്തിൽ ആകാശവും മരുഭൂമിയും ഒരുപോലെ ചായം പൂശിയതുപോലെയായി. താമസിയാതെ നേരം സന്ധ്യയായി. മരുഭൂമിയിലെ സൂര്യാസ്തമയം കാണാൻ മനോഹരമാണ്. അസ്തമയത്തിനുശേഷം കുറേനേരം ചക്രവാളത്തിൽ പ്രകാശരശ്മികൾ തങ്ങിനില്ക്കുന്നുണ്ടായിരുന്നു. ഏതാനും കിലോമീറ്ററുകൾ പിന്നിട്ടപ്പോൾ അകലെയായി ഇലക്ട്രിക് ബൾബുകളുടെ ഒരു പ്രളയം കണ്ടുതുടങ്ങി. ഈ പ്രദേശത്ത് പെട്രോളിയം കണ്ടെത്തിയിട്ടു കുറേനാളായി. എണ്ണക്കിണറുകളും അവയോടൊപ്പം അനുബന്ധവ്യവസായങ്ങളും കടന്നുവന്നു. എണ്ണക്കിണറുകളുടെ മുകളിലായി പ്രകൃതിവാതകം കത്തിച്ചുകളയുന്ന ഉയർന്ന കുഴലുകളുടെ മുകളിലായി കത്തിനില്ക്കുന്ന തീജ്ജ്വാലകളുണ്ട്. ഇസ്രായേലിനു വഴികാട്ടിയായ അഗ്നിസ്തംഭത്തെ അനുസ്മരിപ്പിക്കുന്ന കാഴ്ചയായിത്തോന്നി. അബുറോഡെയിസ് അബുസെമിനെക് എന്നീ നഗരങ്ങളുടെ പ്രാന്തപ്രദേശത്തുകൂടിയാണ് ഞങ്ങൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

(തുടരും)

കവിത

ജോർജുകുട്ടി താവളം

## ക്രൂശിതൻ

പാപാന്ധകാരത്തിൽ മുങ്ങിയ മർത്ത്യരീ
പാരിന്നു നൊമ്പരമേകിടുമ്പോൾ
മാർഗ്ഗം തെളിക്കുന്ന ദീപമായീശ്വരൻ
മന്നിലയച്ചുതന്നാത്മജനെ
സത്യത്തിലേക്കുള്ള പാതയായ് വന്നവൻ
നിത്യജീവന്റെ വാഗ്ദാനമായോൻ
ഭൂവിതിൽ മുപ്പത്തിമൂന്നു സംവത്സരം
ജീവിച്ചു മർത്ത്യർക്കു മാതൃകയായ്
മാനസം തന്നിൽ വിഷം നിറഞ്ഞീടുന്ന
മാനവർ കണ്ടില്ലവന്റെ നന്മ
കുറ്റമാരോപിച്ചു കൊല്ലാൻ നിനച്ചവർ
ചുറ്റിലും കൂടിത്തിരഞ്ഞു മാർഗ്ഗം
തെല്ലും നേരില്ലാത്തോരൊട്ടേറെക്കുറ്റങ്ങൾ
ചൊല്ലിയവനെ വധിച്ചിടാനായ്
കള്ളസാക്ഷ്യങ്ങൾ ന്യായാധിപന്മാർ മുമ്പിൽ
ഉള്ളത്തെ വഞ്ചിച്ചു നൽകുകയായ്
സത്യത്തിൻ പര്യായമായവനെന്നാളും
സ്തുത്യർഹനായുള്ള ദൈവപുത്രൻ
ക്രൂശിതനാകാൻ വിധിച്ചു ദേശാധിപൻ
ക്രൂരരാം മർത്ത്യരെ തൃപ്തരാക്കാൻ
“നീതിമാനാകുമീ വ്യക്തിതൻ രക്തത്തി-
ലില്ലൊരു പങ്കുമെനിക്കറിയൂ”
ഏവം പറഞ്ഞുടൻ തന്നുടെ കൈകളെ
ക്ഷാളനം ചെയ്താനവർക്കുമുന്നിൽ
നന്മതൻ പക്ഷത്തു നില്പവർക്കിന്നുമീ
മന്നിൽ ദുരിതങ്ങളൊപ്പമുണ്ടാം
അന്തിമമാം ജയം സത്യത്തിനായിടു-
മെന്നതു വിസ്മരിക്കാവതല്ല.

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**കർത്താവിൽ ആനന്ദിക്കുക; അവിടുന്നു നിന്റെ ആഗ്രഹങ്ങൾ സാധിച്ചുതരും.**

**സങ്കീർത്തനം 37:4**

**എഡിറ്റോറിയൽ**

## ഇന്ത്യ - ചൈന അതിർത്തിത്തർക്കം
# അനുരഞ്ജനം അനിവാര്യം

ഇന്ത്യ-ചൈന അതിർത്തി നാലരപതിറ്റാണ്ടിനുശേഷം വീണ്ടും ചോരക്കളമായി മാറിയത് ഇരുരാജ്യങ്ങളിൽ മാത്രമല്ല, വിശ്വമാകെ അശാന്തി പരത്തിയിരിക്കുന്നു. ലഡാക്കിലെ ഗാൽവൻ താഴ്‌വരയിൽ ജൂൺ 15 തിങ്കളാഴ്ച രാത്രി ചൈനീസ് സൈന്യവുമായുണ്ടായ ഏറ്റുമുട്ടലിനൊടുവിൽ കേണൽ ഉൾപ്പെടെ ഇരുപത് ഇന്ത്യൻസൈനികർ വീരമൃത്യു വരിച്ചതായി കരസേന സ്ഥിരീകരിച്ചു. ചൈനയുടെ 43 പട്ടാളക്കാർക്കു ജീവൻ നഷ്ടപ്പെടുകയോ ഗുരുതരമായ പരിക്കേൽക്കുകയോ ചെയ്തിട്ടുള്ളതായി എ.എൻ.ഐ. വാർത്താ ഏജൻസി റിപ്പോർട്ടു ചെയ്തിരിക്കുന്നു.

3488 കിലോമീറ്റർ വരുന്ന ഇന്ത്യ-ചൈന അതിർത്തിയെച്ചൊല്ലി തർക്കങ്ങൾ എല്ലാക്കാലത്തും ഉയർന്നുവന്നിരുന്നുവെങ്കിലും 1975 നു ശേഷം ഒരൊറ്റ സൈനികനും കൊല്ലപ്പെട്ടിരുന്നില്ല. കഴിഞ്ഞ 45 വർഷമായി ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞ ഇരുരാജ്യങ്ങളും തമ്മിലുള്ള സമാധാനക്കരാറാണ്, അതിർത്തി സംഘർഷങ്ങൾ മൂർച്ഛിച്ച് ചോരപ്പകയിലൂടെ ഇപ്പോൾ ലംഘിക്കപ്പെട്ടിരിക്കുന്നത്. 1993 മുതൽ ഇരുരാജ്യങ്ങളും തമ്മിലുള്ള അഞ്ചു സമാധാനക്കരാറുകളിൽ ഉറച്ചുനില്ക്കാൻ കഴിഞ്ഞ ഒരു മാസമായി ഇന്ത്യൻ വിദേശകാര്യമന്ത്രാലയം ചൈനയോട് അഭ്യർത്ഥിച്ചുവരവേയാണ് അപ്രതീക്ഷിതമായ ചൈനീസ് ആക്രമണം ഇന്ത്യ നേരിടുന്നത്.

1962 ലേതുപോലുള്ള ഒരു വിശാലയുദ്ധത്തിലേക്ക് ഇതു വഴിമാറാൻ സാധ്യതയില്ലെങ്കിലും 1967 ലെ നാഥുലാ സംഭവത്തിനു സമാനമായ പ്രശ്നങ്ങൾക്കു കാരണമാകുമോ എന്നതാണ് ഇപ്പോൾ സുരക്ഷാതന്ത്രജ്ഞരുടെ മുമ്പിലുള്ള ആശങ്ക.

1962 ഒക്ടോബർ 20 നായിരുന്നു ഇന്ത്യക്കെതിരേ അപ്രതീക്ഷിതമായ ചൈനീസ് ആക്രമണമുണ്ടായത്. പടിഞ്ഞാറ് കാശ്മീരിൽ ലഡാക്കിലെ അക്സായ് ചിന്നിലും കിഴക്ക് നേഫയിലും (അരുണാചൽപ്രദേശ്) ഒരേ സമയത്ത് കിലോമീറ്ററുകളോളം ചൈന അതിക്രമിച്ചുകയറി. ജനവാസമില്ലാത്ത അക്സായ് ചിന്നിലെ ഏതാണ്ട് 38,000 ചതുരശ്രകിലോമീറ്റർ ഇന്നും ചൈനയുടെ അധീനതയിലാണ്. നവംബർ 21 നാണ് ചൈന വെടിനിർത്തൽ പ്രഖ്യാപിച്ചത്.

1967 മേയിൽ സിക്കിം അതിർത്തിയിലെ നാഥു ലായിൽ ചൈനയുടെ പ്രകോപനമുണ്ടായി. ഓഗസ്റ്റ് 13 ന് സേബുലായിലെ ഇന്ത്യൻ നിരീക്ഷണ പോസ്റ്റിനു സമീപം ബങ്കർ നിർമ്മിക്കാനുള്ള ചൈനയുടെ ശ്രമം ഇന്ത്യ എതിർത്തു. തുടർന്നുള്ള മാസങ്ങളിൽ രൂക്ഷമായ ഏറ്റുമുട്ടലുണ്ടായി. ഇന്ത്യയ്ക്ക് 83 സൈനികരെ നഷ്ടമായി. ചൈനീസ് നിരയിൽ 340 പേർ കൊല്ലപ്പെട്ടു.

കിഴക്ക് മേൽക്കൈ ഇന്ത്യയ്ക്കാണെങ്കിൽ, പടിഞ്ഞാറ് ലഡാക്കിൽ ചൈനീസ് സൈന്യത്തിനാണ് മുൻതൂക്കം. അതിനൊപ്പമെത്താനാണ് ഇന്ത്യ കഴിഞ്ഞ രണ്ടു ദശകങ്ങളായി സൈനിക നിർമ്മാണപ്രവർത്തനങ്ങളിലൂടെ ശ്രമിച്ചുവരുന്നത്. ദൗളത്ത് ബേഗ് ഓൾഡിയിലേക്കുള്ള അതിർത്തിറോഡും ഷ്യോക്ക് നദിയിലെ പാലവും നിർമ്മിച്ചത് ഇതിന്റെ ഭാഗമായാണ്. ഇവ നിർത്തിവയ്ക്കണമെന്നാണ് ചൈനയുടെ ഇപ്പോഴത്തെ ആവശ്യം. അതിനുള്ള സമ്മർദ്ദതന്ത്രത്തിന്റെ ഭാഗമായാണ് സമാധാനചർച്ചകൾക്കിടയിലും അതിർത്തിയിലെ അവരുടെ അതിക്രമിച്ചുള്ള കടന്നുകയറ്റം.

വർദ്ധിച്ചുവരുന്ന ഇന്ത്യ-യു.എസ്. സൗഹൃദവും ഇന്തോ-പസഫിക് മേഖലയിൽ അതു വരുത്താനിടയുള്ള മാറ്റങ്ങളുമുൾപ്പെടെ ചൈനയെ അസ്വസ്ഥമാക്കുന്ന പല കാര്യങ്ങളും ഈ കടന്നുകയറ്റത്തിനു പ്രേരകമായിരിക്കാം. ലോകരാജ്യങ്ങളെ പിടികൂടിയ കോവിഡ് 19 മഹാമാരിയുടെ ഉദ്ഭവസ്ഥാനമെന്ന നിലയിൽ ആഗോളതലത്തിൽ ചൈനയുടെ പ്രതിച്ഛായ മങ്ങിയതും അവരെ വീർപ്പുമുട്ടിക്കുന്നുണ്ടാവാം. ലോകരാജ്യങ്ങളിൽ ഇന്ത്യയ്ക്കു വിവിധ മേഖലകളിൽ ലഭിക്കുന്ന വർദ്ധിച്ച സ്വീകാര്യതയും, ചൈനയ്ക്കു പല കാരണങ്ങളാൽ നേരിടേണ്ടിവന്ന ഒറ്റപ്പെടുത്തലുകളും അഭിമാനക്ഷതങ്ങളും ഇന്ത്യൻ അതിർത്തിയിലെ കടന്നുകയറ്റത്തിലേക്ക് ചൈനീസ് പ്രസിഡന്റ് ഷി ചിൻപിങ്ങിനെയും ഭരണകൂടത്തെയും എത്തിച്ചെന്നു കരുതുന്നതിലും തെറ്റില്ല.

അതിർത്തിത്തർക്കങ്ങളുടെയും ചേരിപ്പോരിന്റെയും ചരിത്രനൊമ്പരങ്ങളിൽനിന്നു പാഠമുൾക്കൊണ്ട് സമാധാനശ്രമങ്ങൾ ഊർജ്ജിതമാക്കാൻ ഇരുരാജ്യങ്ങൾക്കും അതിന്റെ ഭരണകർത്താക്കൾക്കും വേഗം കഴിയട്ടെ എന്നാശംസിക്കാനേ നമുക്കാവൂ. ലോകം മുഴുവൻ കോവിഡ് മഹാമാരിയാൽ വീർപ്പുമുട്ടുമ്പോൾ ഈ ചോരക്കളി നീതീകരിക്കാനാവില്ല.

എന്നിരുന്നാലും, നമ്മുടെ മാതൃരാജ്യത്തിന്റെ അതിർത്തി കവർന്നെടുക്കാൻ ആരെയും അനുവദിച്ചുകൂടാ. രാജ്യസുരക്ഷ ഓരോ ഇന്ത്യൻപൗരന്റെയും ചുമതലയാണ്. രാജ്യത്തിനുവേണ്ടി വീരമൃത്യു വരിച്ച സൈനികർക്ക് ആദരാഞ്ജലി അർപ്പിക്കുന്നു.

അക്രമത്തിന്റെയല്ല, അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും ഭാഷ കൈകാര്യം ചെയ്യാൻ ഇരുരാജ്യങ്ങൾക്കും ഭരണകൂടങ്ങൾക്കുമാവട്ടെ.

□

# മഹാമാരിയിൽ നഷ്ടമാകുന്നത്

1-ാം പേജ് തുടർച്ച

### ജനക്ഷേമത്തിനു നടപടിയില്ല

കോവിഡിന്റെ പ്രത്യാഘാതത്തിൽനിന്നു ജനങ്ങളെ രക്ഷിക്കാൻ സ്വീകരിക്കേണ്ട നടപടികൾ ഉണ്ടായതുമില്ല. 21 ലക്ഷം കോടി രൂപയുടെ പദ്ധതിയൊക്കെ കേന്ദ്രം പ്രഖ്യാപിച്ചു. അതിൽ 60 ശതമാനം റിസർവ് ബാങ്ക് ചെയ്യുന്ന കാര്യങ്ങൾ. റിസർവ് ബാങ്ക് രാജ്യത്തു പണലഭ്യത കൂട്ടാനും പലിശ കുറയ്ക്കാനുമാണു നടപടി എടുത്തത്. ബാങ്കുകൾ, ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിഷയമാണത്. അക്കാര്യം ശരിയായി ചെയ്തു. പക്ഷേ, അതു സാധാരണക്കാരന്റെ വരുമാന നഷ്ടത്തിനു പകരമുള്ള നടപടിയല്ല.

ജനങ്ങൾക്ക്, പ്രത്യേകിച്ചും തൊഴിൽ നഷ്ടപ്പെട്ടവർക്കും ദരിദ്രവിഭാഗങ്ങൾക്കും സർക്കാർ ഉപജീവനബത്ത നല്കണമെന്നു പല തലങ്ങളിൽനിന്ന് ആവശ്യമുയർന്നിട്ടും കേന്ദ്രം വഴങ്ങിയില്ല. പണിയെടുക്കാതെ പണം നല്കുന്നതു തെറ്റാണെന്ന നിലപാടാണ് കേന്ദ്രം പുലർത്തുന്നത്. എന്നാൽ, വരുമാനനഷ്ടം സമൂഹത്തിലെ ബഹുഭൂരിപക്ഷത്തിന്റെയും ക്രയശേഷി നഷ്ടപ്പെടുത്തിയ സാഹചര്യത്തിൽ ഉപജീവനബത്തപോലെ നേരിട്ടുള്ള ധനസഹായം അനിവാര്യമാണെന്നു ധാരാളംപേർ ചൂണ്ടിക്കാട്ടി.

ഇങ്ങനെ നേരിട്ടു സഹായം നല്കുന്നത് സമ്പദ്ഘടനയുടെ തിരിച്ചുവരവിനാണു സഹായിക്കുക. താഴേത്തട്ടിലുള്ളവർക്കു പണം കിട്ടുമ്പോൾ അതു നേരേ ഉപഭോഗത്തിലേക്കു പോകും. സാധനങ്ങൾ വാങ്ങും; വ്യാപാരം കൂടും; അതിന്റെ ഫലമായി ഉത്പാദനം കൂടും; അപ്പോൾ തൊഴിൽ കൂടും; അതുവഴി നാട്ടിൽ വരുമാനം കൂടും. ഇങ്ങനെ വളർച്ചയുടെ അന്തരീക്ഷമൊരുക്കാൻ കഴിയുമായിരുന്നു. പക്ഷേ, ചില സിദ്ധാന്തങ്ങളിൽ ഉറച്ചുനിൽക്കുന്ന സർക്കാർ ജനങ്ങൾക്കും സമ്പദ്ഘടനയ്ക്കും സഹായകമാകുമായിരുന്ന നടപടി ഒഴിവാക്കി.

### റേറ്റിംഗും താണു

രാജ്യത്തിന്റെ ക്രെഡിറ്റ് റേറ്റിംഗ് താഴ്ത്താൻ വിദേശ ഏജൻസികൾ തീരുമാനിച്ചു. റേറ്റിംഗ് താഴാതിരിക്കാൻവേണ്ടി പല നല്ല കാര്യങ്ങളും വേണ്ടെന്നുവച്ച സർക്കാരിന് അതു തിരിച്ചടിയായി.

വിവിധ ധനകാര്യ ഏജൻസികൾ പറയുന്നത് ഈ വർഷം ഇന്ത്യയുടെ ജിഡിപി അഞ്ചു ശതമാനംവരെ ചുരുങ്ങുമെന്നാണ്. അടുത്ത വർഷം ചെറിയ തോതിൽ തിരിച്ചുകയറുമെന്നും.

രണ്ടു മൂന്നുവർഷമായി ഇന്ത്യയുടെ വളർച്ച നാമമാത്രമാണ്. സർക്കാർ പുറത്തുവിടുന്ന കണക്കുകളെത്തന്നെ പലരും വിശ്വസിക്കുന്നില്ല. ആ കണക്കുകൾ അനുസരിച്ചുപോലും വളർച്ച നാമമാത്രം. എട്ടും ഒൻപതും ശതമാനം തോതിൽ വളർന്നാൽ മാത്രമേ രാജ്യത്ത് ആവശ്യത്തിനു തൊഴിൽ ഉണ്ടാകൂ. പകരം നാലും അഞ്ചും ശതമാനം മാത്രം വളർച്ച.

ഇതിൽനിന്നു വീണ്ടും കുറയുമെന്നാണു പറയുന്നത്. രാജ്യം മൂന്നു നാലുവർഷം പിന്നിലേക്കു പോകും. അവിടെനിന്നു തിരിച്ചുകയറി വരാൻ സമയമെടുക്കും.

### വേണ്ടതു തൊഴിൽ

അതിന്റെ ഫലം രാജ്യത്തു പഠിച്ചിറങ്ങുന്ന യുവാക്കൾക്കു പണി കിട്ടാനില്ലാതാകുന്നതാണ്. പുറമേ മടങ്ങിവരുന്ന പ്രവാസികൾക്കും ഇപ്പോൾ രാജ്യത്തു പണി നഷ്ടപ്പെടുന്നവർക്കും പണിവേണം. അതു കിട്ടാൻ എന്തുവഴി എന്ന വലിയ ചോദ്യചിഹ്നമാണ് ഉയരുന്നത്.

കോവിഡ് എന്ന മഹാമാരിയുടെ മൂർധന്യത്തിലേക്കു രാജ്യം പ്രവേശിക്കാൻ പോകുന്നതേ ഉള്ളു. അതിനകംതന്നെ ഭാവിചിത്രം ഇരുണ്ടതായി.

രണ്ടു യുദ്ധങ്ങളും (1962, 1965) തുടർച്ചയായ രണ്ടു വരൾച്ചകളും (1965, 1966) സമ്മാനിച്ച ദുരിതംപേറിയ 1960കളുടെ രണ്ടാം പകുതിയും എണ്ണവില അഞ്ചു മടങ്ങായതിന്റെയും രണ്ടു വരൾച്ച (1972, 1973)കളുടെയും ദുരിതം ചുമന്ന 1970-കളുടെ ആദ്യപകുതിയുമൊക്കെ ഓർമിപ്പിക്കുന്നതാണ് ഇപ്പോഴത്തെ സാഹചര്യം. അന്നു ഭക്ഷ്യക്ഷാമം ഉണ്ടായിരുന്നു. ഭാഗ്യവശാൽ ഇന്നു ഭക്ഷ്യക്ഷാമം ഇല്ല. പക്ഷേ, അന്നത്തേക്കാൾ ഉപരിയായി ഇന്നു തൊഴിൽ ആവശ്യമുണ്ട്. അതിനുതക്ക അന്തരീക്ഷം അതിവേഗം ഉണ്ടാക്കുകയാണു രാജ്യം ചെയ്യേണ്ടത്.

□

# ചിറകൊടിഞ്ഞ കിനാവുകൾ



**പ്രിൻസ്‌രാജ്**

**കൊ**റോണഭീതിയിൽ ജീവിതം വഴിമുട്ടി, ഇനിയെന്ത് എന്ന വലിയ ചോദ്യവുമായി അവനവന്റെ വീട്ടകങ്ങളിലേക്ക് ഒതുങ്ങിയപ്പോഴും ഒരു പ്രതീക്ഷ മാത്രം അവശേഷിച്ചിരുന്നു, 'മേരേ പ്യാരി' ദേശവാസികൾക്ക്. അത് ഇന്ധനവിലയിൽ വരാൻ പോകുന്ന കുറവു സംബന്ധിച്ചായിരുന്നു. ക്രൂഡോയിൽ വില നാൾക്കുനാൾ ഇടിയുന്നു. ബാരലിന് 65 ഡോളറായിരുന്നത് 25 ഡോളറിൽ താഴെയെത്തി. ആ സാഹചര്യത്തിൽ നിശ്ചയമായും പെട്രോൾ-ഡീസൽ വിലയിൽ സാരമായ ഇടിവുണ്ടാകും. വില ലിറ്ററിന് 50 ൽ താഴെയോ 40 ൽ താഴെയോ എന്നേ സംശയമുണ്ടായിരുന്നുള്ളൂ. ഒടുവിലെന്തായി? പവനായി ശവമായപോലെ. കാര്യങ്ങൾ നേർവിപരീതമായി ഭവിച്ചു.

തിരഞ്ഞെടുപ്പാകുമ്പോൾ അങ്ങനെ പലതും പറഞ്ഞെന്നിരിക്കും, അതൊക്കെ കാര്യമായെടുക്കാൻ നിങ്ങൾക്കെന്താ തലയ്ക്കു വെല്ല കുഴപ്പവുമുണ്ടോ എന്നാവും മറുചോദ്യം. കഴിഞ്ഞ ഡിസംബറിൽ 65 ഡോളർ ആയിരുന്നു ഒരു ബാരൽ ക്രൂഡോയിൽവില. ഇതെഴുതുന്ന ദിവസം അത് 30 ഡോളറിൽ താഴെയെത്തി. 65 ഡോളർ ഉള്ളപ്പോൾ പെട്രോൾവില ലിറ്ററിന് 75 രൂപയെങ്കിൽ, 30 ഡോളറിൽ താഴെ ക്രൂഡ് വില വന്നാൽ പെട്രോളിന് എത്ര വില? കേരള അഡ്മിനിസ്ട്രേറ്റീവ് പരീക്ഷയിൽ ഒരു ചോദ്യമാക്കാമായിരുന്നു. കണ്ണുമടച്ചു പറയാം. സുമാർ 35 രൂപാ. എന്നാൽ, ക്രൂഡ് വിലയും പെട്രോൾ-ഡീസൽ വിലയും തമ്മിൽ ബന്ധിപ്പിക്കേണ്ട എന്നാണ് ഇന്ത്യയിലെ പെട്രോളിയം കമ്പനികളുടെ ഏകാഭിപ്രായം. അതിൽ ഒരു പൊരുത്തക്കേടുണ്ട്.

ക്രൂഡ് വില ഇടിഞ്ഞതിലുള്ള കലിപ്പു തീർക്കാൻ എന്നോണമായിരുന്നു കേന്ദ്രസർക്കാർ നടപടി. മാർച്ച് 14 ന് എക്സൈസ് ഡ്യൂട്ടിയിൽ ഒറ്റയടിക്കു മൂന്നു രൂപയുടെ വർധന. ഏകദേശം ഏഴ് ആഴ്ചയ്ക്കുശേഷം മേയ് ആറിന് വീണ്ടും വർധന. എക്സൈസ് ഡ്യൂട്ടിയിനത്തിൽ പെട്രോളിന് ലിറ്ററിന് 10 രൂപയും ഡീസലിന് 13 രൂപയും. ഇനിയല്പം ഫ്ളാഷ് ബാക്ക്. ലിറ്ററിന് 50 രൂപയ്ക്കു താഴെ പെട്രോളും ഡീസലും വില്പന നടത്തും എന്നൊരു വാഗ്ദാനം തന്റെ ആദ്യ ദേശീയ തിരഞ്ഞെടുപ്പുവേളയിൽ മോദിജി നൽകിയ കാര്യം ബിജെപിക്കാർ പോലും മറന്ന മട്ടാണ്. അല്പമൊക്കെ ഓർമ്മയും വിവരവുമുള്ള പാർട്ടി മുൻസംസ്ഥാന അധ്യക്ഷനും നിലവിൽ മിസോറം ഗവർണറുമായ അഡ്വ. പി.എസ്. ശ്രീധരൻ പിള്ളയോട് അതേക്കുറിച്ചു ചോദിക്കാം എന്നു വെച്ചാലോ.

ഇത്രയും കാലം ഇന്ധനത്തിനു വില കൂട്ടിയതെല്ലാം അന്താരാഷ്ട്രമാർക്കറ്റിൽ ക്രൂഡോയിൽ വില ഉയരുന്നു എന്നു പറഞ്ഞു മാത്രമായിരുന്നു. തരാതരംപോലെ എണ്ണക്കമ്പനി സാറന്മാർ നിലപാടു മാറ്റിപ്പറയുന്നു. ക്രൂഡോയിലും പെട്രോൾഡീസലാദികളും തമ്മിൽ പുലബന്ധം തന്നെയില്ല എന്ന് അവർ തട്ടിവിടുന്ന കാലവും വന്നേക്കാം. ഒരു ലിറ്റർ പെട്രോളിന്റെ അല്ലെങ്കിൽ ഡീസലിന്റെ വില നമ്മൾ നൽകുമ്പോൾ ഓർക്കുക അതിന്റെ 70 ശതമാനവും നികുതിയാണ്. അതായത് ഒരു ലിറ്റർ പെട്രോളിന്റെ നികുതി കിഴിച്ചുള്ള റീട്ടെയ്ൽ വില 25 രൂപ മാത്രം. കേന്ദ്രവും സംസ്ഥാനവും ഏതാണ്ടു തുല്യമായിത്തന്നെ ഇന്ധന നികുതി പങ്കിട്ടുപോരുന്നു. താരതമ്യേന ചെറിയ സംസ്ഥാനമായ കേരളത്തിന്റെ ഒരു മാസത്തെ ഇന്ധനനികുതി വരുമാനം 600 കോടിയിൽ ഏറെയാണ്. അതായത് വർഷം ശരാശരി 7200 കോടി രൂപ. മറ്റേതൊരു കാര്യത്തിലും കേന്ദ്രത്തെ വിമർശിക്കുന്ന പ്രതിപക്ഷങ്ങളും സംസ്ഥാനസർക്കാരും ഇന്ധനവിലയുടെ കാര്യത്തിൽ 'മൗനം വിദ്വാനുഭൂഷണം' ലൈൻ സ്വീകരിക്കുന്നതിനു കാരണം എന്തെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. ഒരു മാസമായി മാറ്റമില്ലാതെ തുടർന്ന പെട്രോൾ-ഡീസൽ വില കഴിഞ്ഞ എട്ടു ദിവസമായി തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതെഴുതുന്ന ദിനം പെട്രോൾവില ലിറ്ററിന് 76 രൂപ കടന്നു. ഡീസൽവില 70 രൂപയും. 80–85 നിലവാരത്തിൽ ഇന്ധനവില എത്തിക്കലാണ് 'ടീം മോദി' യുടെ ലക്ഷ്യമെന്ന് അരിയാഹാരം മാത്രമല്ല, ഗോതമ്പും ഫാസ്റ്റ്ഫുഡുമൊക്കെ ശീലമാക്കിയവരും മനസ്സിലാക്കിക്കഴിഞ്ഞു.

ഞങ്ങൾ കേരളീയർ ഊളകളല്ല മോദിജീ. എണ്ണവില ദിനംപ്രതി നിശ്ചയിക്കാനുള്ള അധികാരം കമ്പനികൾക്കു നൽകിയത് 2017 ജൂണിലാണ്. അന്നുതൊട്ട് ഇതുവരെയുള്ള വിലനിർണയം പരിശോധിച്ചാൽ ഇന്ധനവില കുറച്ച സന്ദർഭം തുലോം കുറവാണ്. കുറവു വരുത്തിയതാവട്ടെ നാമമാത്രവും. കമ്പനികൾക്ക് വിലനിർണയാധികാരം നൽകുമ്പോൾ കേന്ദ്രസർക്കാർ പറഞ്ഞത് അന്താരാഷ്ട്രമാർക്കറ്റിൽ ദിവസേന ഉണ്ടാവുന്ന ക്രൂഡ്‌വില വ്യത്യാസത്തിന്റെ ഗുണം അപ്പോൾത്തന്നെ ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി എന്നാണ്. എന്നാൽ അനുഭവമോ, നേർവിപരീതവും. നമ്മൾ കബളിപ്പിക്കപ്പെട്ടു എന്നു സാരം. താൻ രാജ്യത്തെ പ്രധാന സേവകൻ എന്നാണല്ലോ നരേന്ദ്രമോദി സ്വയം വിശേഷിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ തുടരെത്തുടരെയുള്ള നടപടികൾ കാണുമ്പോൾ മറ്റൊരു കാര്യമാണ് വ്യക്തമാകുന്നത്. ഞങ്ങൾ ഭാരതീയർ ഏട്ടിലെ പശുവാണ്. ഏട്ടിലെ പശുവിനെ പരിധിയില്ലാതെ കറന്നുകൊണ്ടേയിരിക്കുക. കൈ കഴച്ചെങ്കിൽ കറവ മെഷീൻ തന്നെ ഉപയോഗിക്കാമല്ലോ. □



# പ്രണയനീതിക്കു നിരക്കാത്തത്

പ്രണയപാഠാവലി 45



**ഡോ. ആന്റണി ജോസ്**

പ്രണയക്കേട് വന്നുഭവിക്കുന്നതിനുള്ള മറ്റൊരു കാരണം ദമ്പതിമാർ തമ്മിലുള്ള പൂരകത്വം(Complimentarity) നഷ്ടപ്പെടുന്നതാണ്. ദമ്പതിമാർ ഒരേപോലെ സർവ്വസിദ്ധിസമ്പൂർണ്ണരാകണമെന്നില്ല. കുറവുകളും അതേപോലെ മികവുകളും അവർക്കുണ്ടാകാം.

ഭാര്യ സർക്കാർ സർവ്വീസിൽ നല്ല ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥയാണ്. പൊതുക്കാര്യങ്ങളിലൊക്കെ താത്പര്യമുണ്ട്. നല്ല ബന്ധങ്ങൾ ഉണ്ടാക്കിയെടുക്കാനും നിലനിർത്താനും അവൾക്കറിയാം.

സങ്കോചപ്രകൃതക്കാരനായ ഭർത്താവാകട്ടെ നലംതികഞ്ഞൊരു കർഷകനാണ്. ബാഹ്യലോകവുമായി എടുത്തു പറയത്തക്ക ഇടപാടുകളൊന്നും അങ്ങേർക്കില്ല. കന്നും കാർഷികവിളകളുമാണ് ലോകം.

ഇനി ഓരോരുത്തരും പരസ്പരമെങ്ങനെ നോക്കിക്കാണുന്നു എന്നു നോക്കാം. ഭർത്താവിന്റെ കാര്യങ്ങളിൽ നല്ല കരുതലുള്ളവളാണ് അവൾ. ആരോഗ്യം, ഭക്ഷണം എല്ലാറ്റിലും അവളുടെ കണ്ണുണ്ട്. എന്നാൽ, അയാളുടെ കാർഷികവൃത്തിയെക്കുറിച്ച് അത്ര മതിപ്പില്ല. തുറന്നടിച്ചു പറയാറില്ല; അത്രമാത്രം.

അയാളെ സംബന്ധിച്ച്, ഉദ്യോഗസ്ഥയായ ഭാര്യ ഒരു മുതൽക്കൂട്ടാണ്. എത്ര അഭിമാനത്തോടെയാണ് അവളെക്കുറിച്ചു ചിന്തിക്കുന്നതുപോലും! പക്ഷേ, കരുതലിന്റെ കാര്യത്തിൽ ഏറെക്കുറെ ഒരു പരാജയമാണ്. സ്വന്തം കാലിൽ നിൽക്കാനറിയാമല്ലോ എന്നോ മറ്റോ വിചാരിക്കുന്നുണ്ടാവാം.

ഈ കുടുംബത്തെക്കുറിച്ച് ദുരന്തപര്യവസായിയായ ഒരു കഥമെനഞ്ഞെടുത്താൽ അതിൽ രണ്ടു പഞ്ച് ഡയലോഗുകൾ ഉണ്ടാകാതിരിക്കില്ല.

– ആ കിഴങ്ങനല്ലേ കെട്ടിയോൻ. അവൾക്ക് വല്യ ആൾക്കാരുമായാ ഇടപാട്.

– അവരു വിവരോം വിദ്യാഭ്യാസോം ഉള്ള നല്ല ഒരു സ്ത്രീ. അയാൾക്കവരെ സംശയമാ.

ഇങ്ങനെയൊരു തകർച്ചയ്ക്കു കാരണം ജീവനറ്റ പ്രണയമല്ലാതെ മറ്റെന്താണ്? ഈ പ്രത്യേക കേസിൽ – ഭർത്താവ് അംഗീകാരം നൽകുന്നു; പക്ഷേ, കരുതലില്ല. ഭാര്യയാകട്ടെ കരുതലുള്ളവളാണ്; പക്ഷേ, അംഗീകരിക്കാൻ വിമുഖത കാട്ടുന്നു.

ഇവിടെയാണ് ആദ്യം പറഞ്ഞ പൂരകത്വം ഇടം തേടേണ്ടത്.

തനിക്കുള്ളതും ഇണയ്ക്കില്ലെന്നു വിശ്വസിക്കുന്നതുമായ ഗുണം അവനേകി നിലനിർത്തുക. അതുപോലെ തനിക്കില്ലാത്ത, അവനുണ്ടെന്നു വ്യക്തമായ ബോദ്ധ്യമുള്ള ഗുണത്തെ ഹൃദയംതുറന്നഭിനന്ദിക്കുക. അതിന്റെ തണലിൽ അഭയം തേടുക. ആരുമതു നിഷേധിക്കാൻ പോകുന്നില്ല. ഇത് പ്രണയനീതിയുടെ പാഠമാണ്. പ്രണയനീതി സർവ്വസജ്ജമാകുമ്പോഴാണ് ഇവരുടെ ജീവിതം സ്വർഗ്ഗതുല്യമാകുക.

അവൾ തിരിച്ചറിയുന്നു – വിദ്യാഭ്യാസമോ, ആകർഷണീയമായ ശമ്പളമോ ഇല്ലെങ്കിലും തന്റെ ഭർത്താവ് എത്ര ആത്മാർത്ഥമായി കഷ്ടപ്പെടുന്നു, നന്നായി ജോലി ചെയ്യുന്നു!


അവനും മനസ്സിലാക്കി – വരുമാനസ്ഥിരതയും, സാമൂഹികാന്തസ്സുമൊക്കെ ഉണ്ടെങ്കിലും, തന്റെ ഒരു ശ്രദ്ധ അവൾക്ക് നൽകുന്നില്ലെങ്കിൽ, മറ്റ് ആരിൽനിന്നാണ് അവൾക്കതു സ്വപ്നം കാണാനാവുക!

പ്രണയപുഷ്പത്തിന്റെ ഒരു ദളംപോലും കരുതൽശേഖരമായി പൂഴ്ത്തിവയ്ക്കപ്പെടേണ്ടതല്ല. എല്ലാം കിട്ടണം, എനിക്കാദ്യം കിട്ടണം എന്ന കമ്പോളത്തിന്റെ ലാഭഗണിതത്തിലേക്കു പ്രണയം അധഃപതിക്കാതിരിക്കട്ടെ...

– എല്ലാം കൊടുക്കണം.

– ഞാനാദ്യം കൊടുക്കണം.

പ്രണയനീതിയുടെ ഈ മന്ത്രം, തകർച്ചയുടെ വക്കിൽ നിൽക്കുന്ന ബന്ധങ്ങളെ കരകയറ്റുമാറാകട്ടെ. ■






# കൊല്ലരുതനിയാ കൊല്ലരുത്!



ഡോ. കുര്യാസ് കുമ്പളക്കുഴി

ഏറെ വേദനാജനകമായ അനുഭവങ്ങളിലൊന്നാണ് കുട്ടികളുടെ ആത്മഹത്യ. അപക്വമനസ്സിന്റെ ക്ഷിപ്രവികാരപ്രകടനമാണ് അത്തരം സംഭവങ്ങൾ. ഒന്നുകൂടി ആലോചിക്കാനോ ആരുമായെങ്കിലും മനസ്സിന്റെ വിഷമം പങ്കുവയ്ക്കാനോ അവസരം ലഭിക്കുമെങ്കിൽ അത്തരം ആത്മഹത്യകളിൽ പലതും ഒഴിവാകുമായിരുന്നിരിക്കണം.

അഞ്ജു പി. ഷാജി എന്ന വിദ്യാർത്ഥിനി മീനച്ചിലാറ്റിൽ ചാടി ജീവനൊടുക്കിയതു ജൂൺ ആറ് ശനിയാഴ്ചയാണ്. ഏറ്റവും നിർഭാഗ്യകരമായ ദുരന്തം. പരീക്ഷാഹാളിൽ കോപ്പിയടിച്ചതിനു പിടിക്കപ്പെട്ടതിനെത്തുടർന്നുണ്ടായ അപമാനഭീതിയും മാനസികാഘാതവുമാകണം ആ കുട്ടിയുടെ ആത്മഹത്യയ്ക്കു കാരണം.

പരീക്ഷാഹാളിൽനിന്നു പുറത്തേക്കു പോയ ആ കുട്ടിയെ അറിയുന്നവരാരെങ്കിലും കണ്ടുമുട്ടുകയോ, വിവരമറിഞ്ഞു 'സാരമില്ല കുഞ്ഞേ' എന്നൊന്ന് ആശ്വസിപ്പിക്കുകയോ ചെയ്തിരുന്നെങ്കിലും ആപത്തൊഴിവാകുമായിരുന്നിരിക്കണം. വീട്ടിൽനിന്നു കുറച്ചേറെ ദൂരെയുള്ള പരീക്ഷാവേദിയിലേക്ക് അച്ഛനോ അമ്മയോ ആരെങ്കിലും ആ പെൺകുട്ടിയെ കൊണ്ടുവന്നുവിടുകയും കൂട്ടിക്കൊണ്ടുപോവുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നെങ്കിലും ആപത്തൊഴിവായേനെ. നിർഭാഗ്യവശാൽ അതൊന്നുമുണ്ടായില്ല.

ഇപ്പോൾ പഴിയെല്ലാം പരീക്ഷാകേന്ദ്രമായിരുന്ന ചേർപ്പുങ്കൽ ബിഷപ് വയലിൽ കോളജിനും പ്രിൻസിപ്പലിനുമാണ്. അതു സ്വാഭാവികമാണുതാനും. ആത്മഹത്യ ചെയ്ത വിദ്യാർത്ഥിനിയെ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ലല്ലോ. എന്നാൽ, വളരെ സാധാരണമായ ഒരു സംഭവം മാത്രമായിരുന്നു ആ കോപ്പിയടി കണ്ടെത്തൽ എന്ന കാര്യവും നമ്മൾ മറക്കേണ്ട.

നമ്മുടെ പരീക്ഷകളെല്ലാം, കുട്ടികൾ പാഠപുസ്തകങ്ങളിൽ നിന്നും അധ്യാപകരിൽനിന്നും മറ്റു സഹായകമാർഗ്ഗങ്ങളിൽനിന്നും ആർജിച്ച വിജ്ഞാനം ഓർമ്മയിൽനിന്ന് ഉത്തരക്കടലാസുകളിൽ പകർത്തി മൂല്യനിർണയം ചെയ്യുന്ന സമ്പ്രദായത്തിലാണ് ഇന്നും നടന്നുവരുന്നത്. പാഠപുസ്തകങ്ങളോ പാഠപുസ്തകഭാഗങ്ങളോ ഉത്തരമെഴുതാൻ സഹായിക്കുന്ന കുറിപ്പുകളോ പരീക്ഷാഹാളിൽ കൊണ്ടുവരാൻ പരീക്ഷാർത്ഥികൾക്ക് അനുവാദമില്ല. മറിച്ചു സംഭവിച്ചാൽ കുട്ടികൾ ശിക്ഷിക്കപ്പെടും. അതു വളരെ സാധാരണമായ കാര്യം.

ഇവിടെ ആ പാവം വിദ്യാർത്ഥിനി ചെയ്തതെന്താണ്? ഹാൾടിക്കറ്റിന്റെ മറുവശത്ത്, പരീക്ഷയ്ക്കു സഹായകമായേക്കാവുന്ന ചില പാഠഭാഗങ്ങളുടെ കുറിപ്പ് പെൻസിൽകൊണ്ട് എഴുതിവച്ചിരിക്കുന്നു. മുൻ ദിവസങ്ങളിൽ എഴുതിയതു മായ്ച്ചുകളഞ്ഞ് വീണ്ടും എഴുതിയിരിക്കുന്നതായും കണ്ടെത്തി.

ഇവിടെ ഹാൾ ടിക്കറ്റിന്റെ പിൻവശത്ത് ഉത്തരമെഴുതാൻ സഹായകമായ പാഠ്യവസ്തുതകൾ കുറിച്ചുകൊണ്ടുവന്നതു തെറ്റായ കാര്യമാണ്. അതു കണ്ടെത്തിയ അധ്യാപകൻ സ്വന്തം ചുമതല നിർവഹിക്കുക മാത്രമാണു ചെയ്തത്. അതു പ്രിൻസിപ്പലിനെ അറിയിച്ചതാവട്ടെ ശരിയായ നടപടിക്രമവും.

പരീക്ഷയുടെ കാര്യത്തിൽ ഉത്കണ്ഠയുള്ള ഏതു കുട്ടിക്കും കോപ്പിയടിക്കാനുള്ള പ്രവണതയുണ്ട്. തെറ്റായകാര്യമെന്നനിലയിൽ പല കുട്ടികളും ശിക്ഷാഭീതികൊണ്ടുകൂടി, അതു ചെയ്യാറില്ലെന്നേയുള്ളൂ. എന്നാൽ, ധാരാളം കുട്ടികൾ 'വിജയകരമായി' കോപ്പിയടിക്കാറുണ്ട്. ധാരാളം കുട്ടികൾ പിടിക്കപ്പെടാറുണ്ട്; ശിക്ഷിക്കപ്പെടാറുമുണ്ട്. ഇതു പരീക്ഷകൾ ഉണ്ടായ കാലം മുതലേ തുടർന്നുപോരുന്ന കുറ്റവും ശിക്ഷയുമാണ്.

ഇതു മാത്രമല്ലേ ബി.വി.എം. കോളജിലെ പരീക്ഷാഹാളിലും സംഭവിച്ചുള്ളൂ. വിദ്യാർത്ഥിനിയുടെ ഭാഗത്തുനിന്നുണ്ടായ കുറ്റം കണ്ടുപിടിച്ചു. അന്നത്തെ പരീക്ഷ മാത്രം തുടർന്നെഴുതേണ്ടാ എന്നു വിലക്കി. തിങ്കളാഴ്ചമുതലുള്ള പരീക്ഷ എഴുതിക്കൊള്ളാനും പറഞ്ഞു.

തെറ്റു കണ്ടുപിടിക്കപ്പെട്ടാൽ അതു ചെയ്തവർക്ക് അഭിമാനക്ഷതമുണ്ടാകും; അപമാനഭയമുണ്ടാകും; ശിക്ഷാഭീതിയുമുണ്ടാകും. പലരും തെറ്റു സമ്മതിക്കും. കരഞ്ഞുകൊണ്ടു മാപ്പപേക്ഷിക്കും. ഇനി ആവർത്തിക്കില്ലെന്നുറപ്പു നൽകും. ശിക്ഷ ഏറ്റുവാങ്ങാൻ തയ്യാറാകും. അവർ ആത്മഹത്യ ചെയ്തുകളയുമെന്ന് അധികൃതരാരെങ്കിലും സ്വപ്നത്തിൽപ്പോലും ചിന്തിക്കുകയില്ലല്ലോ.

പക്ഷേ, പാവം അഞ്ജുവിന്റെ കാര്യത്തിൽ അതും സംഭവിച്ചുപോയി. താൻ ചെയ്തതു കടുത്ത തെറ്റാണെന്ന് ആ കുട്ടി ചിന്തിച്ചിട്ടുണ്ടാവില്ല. അല്ലെങ്കിൽ അതു കണ്ടുപിടിക്കപ്പെടുമെന്ന് അവർ കരുതിയിട്ടുണ്ടാവില്ല. അതുകൊണ്ട് അപ്രതീക്ഷിതമായുണ്ടായ അനുഭവം അവളെ വല്ലാതെ പരിഭ്രാന്തയാക്കിയിരിക്കാം. അതിന്റെ ഭവിഷ്യത്ത് അവളെ ഭയപ്പെടുത്തിയിരിക്കാം.

കോളജ് മാനേജ്മെന്റിനെയും സമുദായത്തെയും ആക്ഷേപിക്കാനും വേട്ടയാടാനും ചിലർ പെൺകുട്ടിയുടെ മരണത്തെ ആയുധമാക്കിയെന്നതു തികച്ചും നിർഭാഗ്യകരമായിപ്പോയി. സർവകലാശാലപോലും അതിനൊരു കരുവായിത്തീർന്നിരിക്കുന്നു. കോപ്പിയടിച്ചതല്ല അതു കണ്ടുപിടിച്ചതാണു കൂടുതൽ ഗൗരവമേറിയ കുറ്റം എന്ന നിലയിലാണു സർവ്വകലാശാലയുടെ നടപടികൾ.

പ്രിൻസിപ്പലിനെ പരീക്ഷാച്ചുമതലകളിൽനിന്നു സസ്പെൻഡു ചെയ്തിരിക്കുന്നു. മൂന്നംഗ അന്വേഷണക്കമ്മീഷനെ നിയമിച്ചിരിക്കുന്നു. സി.സി.ടി.വി. ദൃശ്യങ്ങൾ സർവ്വകലാശാലയുടെ അനുമതിയില്ലാതെ പുറത്തുവിട്ടതു നിയമവിരുദ്ധമാണെന്ന വിചിത്രമായ പ്രഖ്യാപനവും വൈസ്ചാൻസലർ നടത്തിയിരിക്കുന്നു. എല്ലാവരും ചേർന്നു മാധ്യമങ്ങൾക്കു വിരുന്നൊരുക്കുകയാണ്!

ഇക്കാര്യത്തിൽ എന്നെപ്പോലുള്ളവർക്കു ചില പരാതികളൊക്കെയുണ്ട്. മഹാത്മാഗാന്ധി സർവകലാശാല നിലവിൽ വന്നപ്പോൾ ചില കേന്ദ്രങ്ങൾ അച്ചായൻ സർവകലാശാല എന്നാണു പരിഹസിച്ചത്. സർവകലാശാല ബജറ്റിൽ പ്രഖ്യാപിച്ചതു ധനകാര്യമന്ത്രി കെ.എം.മാണി. വിദ്യാഭ്യാസമന്ത്രി ടി.എം. ജേക്കബ്. സ്പെഷൽ ഓഫീസർ ടി.കെ. കോശി. പ്രഥമ വൈസ്ചാൻസലർ ഡോ.എ.ടി. ദേവസ്യാ. സർവകലാശാലയ്ക്ക് 'അച്ചായൻ' ബഹുമതി സമ്മാനിക്കാൻ ഇതിൽ കൂടുതൽ യോഗ്യതകളെന്തിന്!

പക്ഷേ, പിന്നെന്താണു സംഭവിച്ചത്? അവിടെ പ്രൊഫസറും സിൻഡിക്കേറ്റു മെമ്പറും ഡീൻ ഓഫ് ഫാക്കൽറ്റിയുമൊക്കെയായിരുന്ന അനുഭവം വച്ച് എനിക്കു വെളിപ്പെടുത്താൻ കഴിയുന്ന ഒരു രഹസ്യം, പിൽക്കാലത്തു സർവ്വകലാശാലയിൽ അച്ചായൻവിരുദ്ധവികാരം പ്രബലമായിത്തീർന്നു എന്നാണ്. അച്ചായൻമാർക്കിടയിൽനിന്നു വൈസ്ചാൻസലർ പദവിയിലെത്തിയവരൊക്കെ മതേതരത്വത്തിന്റെ മുഖംമൂടിയണിഞ്ഞ് അതിനു നന്നായി വളം നല്കുകയും ചെയ്തു. തുറന്നു പറഞ്ഞാൽ, ക്രൈസ്തവവിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പ്രാമുഖ്യമുള്ള പ്രദേശത്തുണ്ടാക്കിയ സർവകലാശാലയിൽ ക്രൈസ്തവവിരുദ്ധവികാരം ദുസ്സഹമാംവിധം വളർന്നു.

ഇപ്പോഴിതാ വൈസ്ചാൻസലർ നിയമിച്ച അന്വേഷണക്കമ്മീഷന്റെ പ്രവർത്തനങ്ങളും ഇപ്പറഞ്ഞ പരാതിയെ സാധൂകരിക്കുന്നതാണ്. നമുക്കറിയാൻ കഴിഞ്ഞിടത്തോളം അവരുടെ നിലപാടുകൾ ആ കോളജിന് നീതി കിട്ടും എന്നു വിശ്വസിക്കാൻ സഹായകരമല്ല. എവിടെയൊക്കെയോ എന്തൊക്കെയോ ചീഞ്ഞുനാറുന്നു എന്ന് ആരെങ്കിലും സംശയിച്ചാൽ, അവരെ കുറ്റപ്പെടുത്താൻ ആർക്കും കഴിയും? ഇതൊക്കെ മനസ്സിലാക്കാൻ കഴിയുന്ന ധാരാളം നിഷ്പക്ഷമതികൾ സമൂഹത്തിലുണ്ട് എന്നതു മാത്രമാണ് ആശ്വാസം.

കഴിഞ്ഞ തലമുറയിലെ പ്രമുഖ സാഹിത്യകാരൻ പി. കേശവദേവിന്റെ പ്രശസ്തമായ ഒരു ചെറുകഥയുടെ ശീർഷകം ഇങ്ങനെ: കൊല്ലരുതനിയാ, കൊല്ലരുത്!

■




## ഉജ്ജ്വലമിഷനറി- പൗലോസ് ശ്ലീഹാ

| | |
|---|---|
| ഗ്രന്ഥകർത്താവ് | : റവ. ഡോ. ജേക്കബ് കട്ടയ്ക്കൽ |
| പ്രസാധനം | : ജീവൻ ബുക്സ്, ഭരണങ്ങാനം |
| വിതരണം | : സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ, കോട്ടയം |
| വില | : 100 രൂപ |



വിശുദ്ധ പൗലോസ് ശ്ലീഹായുടെ ജീവചരിത്രം എല്ലാവരെയും തീർച്ചയായും ആകർഷിക്കുന്നതും അതിശയിപ്പിക്കുന്നതുമാണ്. ഈ പുസ്തകം അപ്പസ്തോലന്റെ ബൈബിളധിഷ്ഠിതജീവിതത്തെ ഉൾക്കൊള്ളുന്ന ഒരു ചരിത്രനോവലാണ്. ഈ ഗ്രന്ഥം പ്രസിദ്ധ അമേരിക്കൻ എഴുത്തുകാരനായ മേരി ഫാബിയാൻ വിൻഡ്സ് പൗലോസ് ശ്ലീഹായെക്കുറിച്ചെഴുതിയ ഗ്രന്ഥത്തിന്റെ പുനരാവിഷ്കാരമാണ്.

## നിരീക്ഷണങ്ങൾ

| | |
|---|---|
| ഗ്രന്ഥകർത്താവ് | : സാധു ഇട്ടിയവിര |
| പ്രസാധനം | : പാവനാത്മാ പബ്ലീഷേഴ്സ്, കോഴിക്കോട് |
| വിതരണം | : സെന്റ് തോമസ് ബുക് സ്റ്റാൾ, പാലാ |
| വില | : 110 രൂപ |



കാര്യങ്ങൾ ശരിക്കും നിരീക്ഷിക്കാനോ അവയുടെ വില മനസ്സിലാക്കാനോ നമുക്കു പലപ്പോഴും സാധിക്കുന്നില്ല. അങ്ങനെ നിരീക്ഷിക്കുന്നതിന് ഈ കുറിപ്പു സഹായകങ്ങളാകും.

## അരുതുകൾ വലയങ്ങൾ (തുടർക്കഥകൾ)

| | |
|---|---|
| ഗ്രന്ഥകർത്താവ് | : ടി.കെ. മാറിയിടം |
| പ്രസാധനം | : സാഹിത്യവേദി, മാങ്ങാനം, കോട്ടയം |
| വിതരണം | : സെന്റ് തോമസ് ബുക് സ്റ്റാൾ, പാലാ |
| വില | : 80 രൂപ |



ഒരു കുട്ടിയുടെ കൗതുകമേറിയ നിരീക്ഷണങ്ങളിലൂടെ വികസിക്കുന്ന തുടർക്കഥകളാണ് ഈ കൃതിയിൽ കാണുന്നത്. ലളിതവും സുന്ദരവുമായ ആവിഷ്കാരചാതുരിയിൽ ഈ ഗ്രന്ഥം രചിച്ചിരിക്കുന്നു. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വാദ്യം.

## ശംഖുമാല

| | |
|---|---|
| ഗ്രന്ഥകർത്താവ് | : മാത്യൂസ് ആർപ്പൂക്കര |
| പ്രസാധനം | : എസ്.പി.സി.എസ്. കോട്ടയം |
| വിതരണം | : നാഷണൽ ബുക്സ്റ്റാൾ, കോട്ടയം |
| വില | : 310 രൂപ |



അഞ്ചു പെൺമക്കളിൽ മൂത്തവൾ രാജാത്തി. പുരുഷനേക്കാൾ തന്റേടക്കാരിയും അനിയത്തിമാർക്കു വേണ്ടി ജീവിതം മാറ്റിവച്ചവളുമായ രാജാത്തിയെന്ന ശംഖുമാലയുടെ സംഭവബഹുലമായ കഥ.

കവിത — തെരേസ പീറ്റർ



## ഒരു വേനൽഗീതം

ചുട്ടുപൊള്ളുന്നീ ഭൂതലം
വരളും സസ്യലതാദികൾ
ജീവജാലം തളർച്ചയിൽ
തേങ്ങിടുന്നല്ലോ ദുഷ്കരം

വെള്ളമില്ലാ ജലാശയം
മരണവക്ത്രത്തിലായിതാ
ജന്തുലോകം ജലത്തിനായ്
അലഞ്ഞിടുന്ന കാഴ്ചകൾ!

എരിഞ്ഞു നീറിടും പൊള്ളയിൽ
രോഗപീഡകളേറിടും
ഹന്ത! ഈ ഗതി നീളുകിൽ
ജീവലോകം തകർച്ചയിൽ

ചിന്മയാ, അങ്ങാൽ വിരചിത-
മീധരേ ജീവലോകത്തെ
വരൾച്ച തകർച്ചയേശാതെ
കാക്കണേ പരിപാലകാ

# ഉത്തമസന്താനങ്ങൾക്കായി മാതാപിതാക്കളേ, ഒരുങ്ങുക



ഫാ. ജോർജ് മുളങ്ങാട്ടിൽ

ഏതൊരു മണ്ഡലത്തിലും വിജയത്തിന് ഒരുക്കം അത്യന്താപേക്ഷിതമാണ്. മാത്രമല്ല, ഒരുക്കത്തിന് ആനുപാതികമാണ് വിജയം. ഉത്തമസന്താനലബ്ധിക്കും ഒരുക്കം ആവശ്യമാണ്. മതിയായ ഒരുക്കം നടത്താതെ കുഞ്ഞുങ്ങൾക്കു ജന്മം കൊടുക്കുന്നവരെ, ഒന്നും പഠിക്കാതെ പരീക്ഷയ്ക്കെഴുതുന്ന വിദ്യാർത്ഥികളോടു സാദൃശ്യപ്പെടുത്താം.

ദമ്പതികൾ തീവ്രമായി ആഗ്രഹിച്ചു പ്രാർത്ഥിച്ചൊരുങ്ങിയാൽ കായികമായും കലാപരമായും ബുദ്ധിപരമായും ധാർമ്മികമായും ആധ്യാത്മികമായും ഉന്നതനിലവാരം പുലർത്തുന്ന ഉത്തമസന്തതികളെ സഭയ്ക്കും രാഷ്ട്രത്തിനും സംഭാവന ചെയ്യാൻ അവർക്കു സാധിക്കും.



**ഒരുക്കം : രണ്ടു മഹതികൾ**

ഉത്തമസന്തതികൾക്കുവേണ്ടി എങ്ങനെ മനസ്സിനെ ഒരുക്കണമെന്നു സാഹിത്യകാരി ശശി ദേശ്പാണ്ഡെ പറഞ്ഞുതരുന്നു: "ഓരോ ഗർഭധാരണവും എനിക്കു പുനർജന്മമായിരുന്നു." പുനർജന്മം എന്ന പ്രയോഗം അർത്ഥമാക്കുന്നത് അവർക്കുവന്ന ഹൃദയപരിവർത്തനമാണ്. മലയാളത്തിന്റെ അമ്മ എന്നു വിശേഷിപ്പിക്കപ്പെടുന്ന ബാലാമണിയമ്മയുടെ ആദ്യകാലകവിതകളിലൊന്നായ 'അമ്മയും മകനും' വായിച്ചാൽ ഇതാർക്കും ബോധ്യപ്പെടും. അവരുടെ ആദ്യത്തെ കുഞ്ഞിന്റെ ദർശനം അവരെ ഉടച്ചുവാർത്തു. അവരുടെ സിരകളിൽ ഉറങ്ങിക്കിടന്നിരുന്ന ആധ്യാത്മികവും ധാർമ്മികവുമായ മൂല്യങ്ങളെ ആ ദർശനം തട്ടിയുണർത്തി. അതവരെ ഒരു ഭീഷ്മപ്രതിജ്ഞയിലേക്കു നയിച്ചു–മകനെ ആ മൂല്യങ്ങളുടെ അവതാരമാക്കാൻ തന്നാലാവുന്നതെല്ലാം ചെയ്യും.

മാതൃത്വവും പിതൃത്വവും പുനർജന്മമാണെന്ന് ഇവർക്കൊക്കെ മുമ്പേ വേർഡ്സ്വർത്ത് പറഞ്ഞിട്ടുണ്ട്: 'The Child is the father of man.' ശിശു മനുഷ്യകുലത്തിന്റെ പിതാവാണ്. പിതാവ് എന്ന സംജ്ഞ നമ്മെ ഓർമ്മപ്പെടുത്തുന്നത് പിതാവായ ദൈവത്തെയും പത്തു കല്പനകളുമാണ്. പിതാവ് മൂല്യങ്ങളുടെ കാവൽഭടനാണ്. ശിശു പിതാവാണെന്നു പറയുമ്പോൾ മനുഷ്യകുലത്തിനു മൂല്യബോധം നൽകുന്നതു ശിശുവാണെന്നും അർത്ഥമാക്കാം. ബാലാമണിയമ്മയുടെ അനുഭവം ഇതു വ്യക്തമാക്കുന്നു. ബാലാമണിയമ്മയ്ക്കു മൂല്യബോധം നൽകിയത് അവർക്കു ജന്മം നൽകിയ അവരുടെ പിതാവല്ല, അവർ ജന്മം നൽകിയ ശിശുവാണ്, മകനാണ്.

**ഒരുക്കം : ആയുർവേദവും പൗരാണികഗ്രന്ഥങ്ങളും**

ഉത്തമസന്തതികളെ ലഭിക്കാൻ ആയുർവേദവും പൗരാണികഗ്രന്ഥങ്ങളും നിരവധി അനുഷ്ഠാനങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഗർഭിണിയാകുന്നതിനു മൂന്നുവർഷം മുമ്പുമുതൽ പെൺകുട്ടി ഗായത്രീമന്ത്രം ജപിച്ചു തുടങ്ങണം. ഗർഭിണിയാകുമ്പോൾ വീട്ടിലുള്ളവരും ആ മന്ത്രം ജപിക്കണം. വിവാഹിതരാകാൻ ആഗ്രഹിക്കുന്ന പെൺകുട്ടികൾ ശീലമാക്കേണ്ട ഒരു പിടി വ്രതങ്ങളുണ്ട്. 'പുത്രകാമീയം' എന്നാണവ അറിയപ്പെടുന്നത്. തിങ്കളാഴ്ചനോമ്പ്, തിരുവാതിര, കാർത്തിക, ഷഷ്ഠിവ്രതം, സോമവാരവ്രതം, അഷ്ടമി നോക്കൽ, അംബികാരാധന, നക്ഷത്രവാരവ്രതം മുതലായവ അവയിൽ ചിലതു മാത്രമാണ്.

ഏറ്റവും അടുത്ത ഒരുക്കമായി ആയുർവ്വേദം നിർദ്ദേശിക്കുന്നത് ഒരു മാസത്തെ ബ്രഹ്മചര്യമാണ്. ഒരു അണ്ഡം പൂർണ്ണവളർച്ച പ്രാപിക്കാൻ ആവശ്യമായത് 56 ദിവസമാണെങ്കിലും ഒരു മാസത്തെ തീവ്രമായ ഒരുക്കമേ ആയുർവ്വേദം നിർബന്ധിക്കുന്നുള്ളൂ.

രണ്ടു കാര്യങ്ങളാണ് ബ്രഹ്മചര്യത്തിൽ അടങ്ങിയിരിക്കുന്നത്. ഒന്ന്, ഒരു മാസത്തെ സംയോഗവർജ്ജനം. രണ്ട്, ദമ്പതികൾ ഒരു മാസം ഈശ്വരനിൽ വസിക്കണം. രണ്ടു വിധത്തിലാണ് ഇതു സാധ്യമാവുക. ഒന്ന്, മനസ്സാ വാചാ കർമ്മണാ ഈശ്വരനു നിരക്കാത്തതൊന്നും ചെയ്യാതിരിക്കാൻ പരിശ്രമിക്കുക. രണ്ട്, സാധ്യമായ വിധത്തിലെല്ലാം ഈശ്വരനെ പ്രസാദിപ്പിക്കുക. അതിനുള്ള മാർഗ്ഗങ്ങളാണ് പ്രാർത്ഥന, ഉപവാസം, ധ്യാനം, സദ്ഗ്രന്ഥപാരായണം, സത്സംഗം (ഉപദേശം സ്വീകരിക്കുക) മുതലായവ.

അണ്ഡാഗമദിവസം (സ്ത്രീയും പുരുഷനും അറിഞ്ഞിരിക്കേണ്ടതാണ്) ബ്രാഹ്മമുഹൂർത്തത്തിൽ (വെളുപ്പിനു നാലു മണിക്ക്) ഈശ്വരചിന്തയോടും പ്രസന്നമായ മനസ്സോടും പരസ്പരപ്രേമത്തോടും കൂടി പുത്രോത്പാദനം നടത്തണം. ബൈബിളിലും ഇതിനു തെളിവു കാണാം. 'പുലരിക്കു മുമ്പേ നിനക്കു ഞാൻ ജന്മം നൽകി' (സങ്കീ. 110).

ഒരു മാസത്തെ ബ്രഹ്മചര്യം ഒരു കാര്യം ഉറപ്പുവരുത്തുന്നു. പഴകിയ ബീജം, യുവത്വം നഷ്ടപ്പെട്ട ബീജം ഗർഭപാത്രത്തിൽ ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടു യുവത്വമുള്ള ബീജവും യുവത്വമുള്ള അണ്ഡവും ഒന്നുചേർന്ന് ആരോഗ്യവും ബുദ്ധിശക്തിയുമുള്ള സന്തതിയെ ലഭിക്കുന്നു.

ബ്രാഹ്മണകുടുംബങ്ങളിൽ ഒരുകാലത്ത് ഗർഭിണികൾ രാജകുമാരിമാരായിരുന്നു. അവർക്കു വികാരവിക്ഷോഭമുണ്ടാകാതിരിക്കാൻ, അവരുടെ മനസ്സിൽ ഒരു ചെറിയ പോറലുപോലുമുണ്ടാകാതിരിക്കാൻ വീട്ടിലുള്ളവരെല്ലാം നിതാന്ത ജാഗ്രത പുലർത്തിയിരുന്നു.

ഗർഭിണികൾക്കു വസിക്കാൻ പ്രത്യേകം സജ്ജീകരിച്ച മുറിയുണ്ടായിരുന്നു. തളം എന്നാണതറിയപ്പെട്ടിരുന്നത്. ഭയം, ദുഃഖം മുതലായ നിഷേധാത്മകമായ വികാരങ്ങൾ ജനിപ്പിക്കുന്ന വാർത്തകളും ദൃശ്യങ്ങളും ഗർഭിണിയിൽ എത്താതിരിക്കാൻ ആവശ്യമായ മുൻകരുതലുകളും ബന്ധപ്പെട്ടവർ എടുത്തിരുന്നു.

ദമ്പതികൾ പ്രാർത്ഥനാപൂർവ്വം ആലോചിച്ചാൽ ഫലപ്രദമായി ഒരുങ്ങാനുള്ള മാർഗ്ഗങ്ങൾ ദൈവം അവർക്കു കാണിച്ചുകൊടുക്കും. ഒരു മാസത്തെ ബ്രഹ്മചര്യം ജാതിമതഭേദമെന്യേ എല്ലാവർക്കും സ്വീകാര്യമാണ്.

ഒരു കാര്യം തീർച്ചയാണ്. ഒരു പാത്രം പച്ചവെള്ളത്തിനുപോലും പ്രതിഫലം വാഗ്ദാനം ചെയ്ത കർത്താവ് ഒരു നല്ല തലമുറയ്ക്കുവേണ്ടി ഒരുങ്ങുന്നവർക്ക്, പ്രതിഫലം നഷ്ടമാക്കുകയില്ല. □

---

കവിത

ഫാ. മൈക്കിൾ പനച്ചിക്കൽ വി.സി.

## കാടു പറഞ്ഞ സത്യം



ആ കരിവീരൻ കാട്ടിലുഴന്നൂ
നാട്ടുവിനോദം കൊന്നതു സഖിയെ!
ചോരയൊലിച്ചു നടന്നു മനോഹരി
ആറ്റിലിറങ്ങി മരിച്ചു മലർന്നു.
അവളുടെ മാതൃതുടിപ്പിൽ ചേർന്നൊരു
കൺമണി നിശ്ചലമായി മറഞ്ഞു;
ആന പൊഴിച്ചതു കണ്ണീരാകിലു–
മക്ഷരമാണതു മനുഷ്യനു മുമ്പിൽ
"എങ്ങടെ വീടിനു തീയിട്ടവരേ
എങ്ങടെ കാടു വെളിപ്പിച്ചവരേ
നിങ്ങടെ വീട്ടുവളപ്പിൽനിന്നും
എങ്ങളു വാഴ കടിച്ചതു തെറ്റോ?
ഇത്ര ഭയാനകമായ കൊടുംചതി
നിങ്ങൾക്കെങ്ങനെ ചെയ്യാൻ തോന്നി?
നിങ്ങൾ ജനിച്ചതു മനുഷ്യകുലത്തിൽ
നമ്മുടെ ദൈവം വന്ന ജനത്തിൽ
'ഞങ്ങ' മൃഗങ്ങൾ ചതി ചെയ്യാത്തോർ
നിങ്ങടെ വക്രമനസ്സറിയാത്തോർ!"
"നിങ്ങളു മുതലക്കണ്ണീരല്ലേ
എങ്ങടെ പേരിലൊഴുക്കീടുന്നു!
ചാനൽചർച്ചകൾ പത്രികവാർത്തകൾ
എല്ലാം നിങ്ങടെ വയറ്റിപ്പിഴപ്പുകൾ!
ആത്മാർത്ഥതയുടെ തരിയെങ്കിലുമാ
വരികളിലില്ലാ, വാക്കിലുമില്ലാ."
"നിങ്ങടെ സ്വന്തം സഹജീവികളെ
അതിഥിത്തൊഴിലാളികളെയൊന്നായ്
കണ്ടില്ലെന്നു നടിച്ചു പരക്കേ
മൃത്യുവിലേക്കു നയിച്ചൂ നിങ്ങൾ!
കെട്ടുംകിടയുമെടുത്തു നടന്നും
'റെയിൽവേ ലൈനിൽ' വീണു തകർന്നും,
വഴിയുടെ വക്കിൽ നൊന്തുകരഞ്ഞും.
ചാപിള്ളകളെ പെറ്റുമരിച്ചും
മനുഷ്യമഹത്ത്വം വിറകൊള്ളുമ്പോൾ
എന്തേ, നിങ്ങൾ അനങ്ങുന്നില്ല!"
"സ്വന്തം ഗർഭമടിത്തട്ടുകളിൽ
പിഞ്ചോമനയെ കൊല്ലുന്നവരേ,
കാട്ടുമൃഗത്തിൻ ജീവനെയോർത്ത്
കരയുന്നതിലും കപടതയില്ലേ?"
നിങ്ങൾ നശിച്ചവർ; കൊന്നുകളിച്ചവർ
സ്വന്തം ജീവിതവിലയറിയാത്തവർ
നാളെ വരുന്നൊരു തലമുറയെപ്രതി
ഭൂമിയെ നിങ്ങൾ നശിപ്പിക്കരുതേ!

# കോവിഡ് 19 നു പിന്നിലെ ദൈവികപദ്ധതി



തോമസ് കുഴിഞ്ഞാലിൽ

മനുഷ്യന്റെ സ്വാർത്ഥതയും ദുരാഗ്രഹവും അഹന്തയും അക്രമവും അനീതിയും അഴിമതിയും ധൂർത്തും സുഖലോലുപതയും ആത്മീയാന്ധതയും എന്നുവേണ്ട, എല്ലാ തിന്മകളും ഉച്ചസ്ഥായിയിലെത്തിയ ഒരു കാലഘട്ടത്തിൽ അവനിലെ 'അഹം'ഭാവത്തെ ഇല്ലായ്മ ചെയ്യാനും സ്രഷ്ടാവായ ദൈവത്തെ അന്വേഷിക്കാനും അവിടുത്തെ ഭയപ്പെട്ട് എളിമയോടെ ജീവിക്കാനും 'കൊറോണ' എന്ന മാരകവിഷാണു ഹേതുവായത് നമ്മെ ഇരുത്തിച്ചിന്തിപ്പിക്കാൻ പ്രേരകമായി.

എല്ലാം ഭദ്രവും സുരക്ഷിതവുമെന്നു കരുതിയ നാളുകളിലൂടെ കടന്നുപോകുമ്പോഴാണ് കോവിഡ്-19 എന്ന മഹാവ്യാധി മനുഷ്യന്റെ ജീവനെടുത്തുതുടങ്ങിയത്. ഏതു രീതിയിൽ ജീവിച്ചാലും എന്തു ദുഷ്പ്രവൃത്തികൾ ചെയ്താലും കുഴപ്പമില്ലെന്ന അഹങ്കാരത്തോടെ മുന്നേറിയപ്പോൾ തന്റെ മുമ്പിൽ വായ പിളർന്നുനില്ക്കുന്ന മരണമെന്ന യാഥാർത്ഥ്യത്തെ വിസ്മരിച്ചതാണ് മനുഷ്യനു വിനയായത്. തന്നിലേക്കുതന്നെ തിരിഞ്ഞുനോക്കാനും, മാനസാന്തരത്തിന്റെ വഴിയേ ചരിക്കാനും കോവിഡ് എന്ന മഹാമാരി നിമിത്തമായി എന്ന് സമ്മതിച്ചേ മതിയാകൂ. ഒന്നിനു പിറകേ മറ്റൊന്നായി ലോകത്തെ എല്ലാ രാജ്യങ്ങളിലേക്കും പടർന്നുപിടിച്ച സാർസ് കൊറോണ വൈറസ് 2 എന്ന വിഷാണു അതിന്റെ മരണയാത്ര തുടരുകയാണ്.

കോവിഡ്-19 എന്ന മഹാമാരിക്കു കാരണമായ കൊറോണ വൈറസുകളുടെ ആക്രമണത്തിൽ വിറങ്ങലിച്ച ആദ്യയൂറോപ്യൻരാജ്യം ഇറ്റലിയാണ്. വൈറസുകളുടെ ഉദ്ഭവസ്ഥാനമായ ചൈനയിലെ വുഹാൻ നഗരവുമായുള്ള ഇറ്റലിയുടെ നിരന്തരസമ്പർക്കമാണിതിനു കാരണം. ഇറ്റലിയുടെ വടക്കുഭാഗത്തുള്ള നിരവധി തീർത്ഥാടന/വിനോദസഞ്ചാരകേന്ദ്രങ്ങളിലേക്കുള്ള രാജ്യാന്തരയാത്രികർ എത്തുന്നത് മിലാൻ അന്തർദ്ദേശീയ വിമാനത്താവളം വഴിയാണ്. മിലാനിൽനിന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും ഇതര യൂറോപ്യൻരാജ്യങ്ങളിലേക്കും അമേരിക്കൻ ഭൂഖണ്ഡങ്ങളിലേക്കും ആഫ്രിക്കയിലേക്കുമെല്ലാം രോഗം വ്യാപിക്കുകയായിരുന്നു.

**നിസ്സഹായരായ ഭരണകർത്താക്കൾ**

മിലാനിലെത്തിയ രണ്ടു ചൈനീസ് ടൂറിസ്റ്റുകളെ കോവിഡ് ബാധിതരായി കണ്ടെത്തിയെങ്കിലും മറ്റുള്ളവരിൽ രോഗം പ്രത്യക്ഷപ്പെട്ടിരുന്നില്ല. ഗുരുതരമായ രോഗാവസ്ഥയിലെത്തിയ ആദ്യ ഇറ്റാലിയൻ പൗരനെ തിരിച്ചറിയുന്നത് ഫെബ്രുവരി 21 നായിരുന്നു. 38 കാരനായ ഇയാളുടെ സമ്പർക്കപ്പട്ടിക തയ്യാറാക്കുമ്പോഴേക്കും രോഗം നിയന്ത്രണാതീതമായി പടർന്നുകഴിഞ്ഞിരുന്നു. ഒരുമാസം തികയുംമുമ്പ് 35,000 പേരിൽ രോഗബാധ സ്ഥിരീകരിച്ചു. 3000 പേർ മരണത്തിനു കീഴടങ്ങി. ഗ്രാമമെന്നോ നഗരമെന്നോ വ്യത്യാസമില്ലാതെ ഓരോ ഭവനത്തിലും രോഗമെത്തി. ഒത്തിരിയേറെപ്പേർ മരണമടഞ്ഞ ഭവനങ്ങളുമുണ്ടായിരുന്നു. ആശുപത്രികൾ കുറവായിരുന്നതിനാൽ രക്ഷപ്പെടുമെന്നുറപ്പുള്ളവരെ മാത്രം ചികിത്സിച്ചു. മറ്റുള്ളവരെ അവരവരുടെ വീടുകളിൽ ക്വാറന്റൈനിലും ആക്കി. പരശതം ആളുകൾ മരണപ്പെട്ടപ്പോൾ രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചുകൊണ്ട് ഇറ്റാലിയൻ പ്രധാനമന്ത്രി ജൂസെപ്പെ കോന്തേ ഉരുവിട്ട വാക്കുകൾ ഓർമ്മിക്കുന്നു: "കൊറോണ എന്ന മാരകവൈറസ് ഞങ്ങളുടെ രാജ്യത്തെ കീഴടക്കിയിരിക്കുന്നു. പുനരുദ്ധരിക്കപ്പെടാനാവാത്തവിധം ഞങ്ങളുടെ രാജ്യം തകർന്നുകഴിഞ്ഞു. പതിനായിരക്കണക്കിനു രോഗികളെയാണ് കണ്ടെത്തിയിട്ടുള്ളത്. അവരെ ചികിത്സിക്കാൻ മതിയായ സൗകര്യങ്ങളോ വിദഗ്ധരായ ഡോക്ടർമാരോ നേഴ്സുമാരോ ഇല്ല. രോഗികൾക്കു നല്കാൻ മരുന്നോ മരണമടഞ്ഞവരെ സംസ്കരിക്കാൻ സ്ഥലമോ ഇല്ലാതായിരിക്കുന്നു. പലയിടങ്ങളിലും മൃതദേഹങ്ങൾ കൂട്ടിയിട്ട് ദഹിപ്പിക്കുകയാണ്. ഇനിയെന്താണു ചെയ്യേണ്ടതെന്നുപോലും നിശ്ചയമില്ല. സർവ്വശക്തനായ ദൈവമേ! അവിടുത്തെ കരങ്ങൾ നീട്ടി ഈ മഹാമാരിയിൽ നിന്ന് എന്റെ ജനത്തെ രക്ഷിക്കണമേ!"

രോഗം പടർന്നുപിടിച്ച മറ്റു രാജ്യങ്ങളിലെ ഭരണാധികാരികളും കോവിഡ് 19 എന്ന മഹാമാരിക്കുമുമ്പിൽ നിസ്സഹായരായി പകച്ചുനിന്നു. 2002, 2012 വർഷങ്ങളിൽ കൊറോണ വൈറസുകൾ സൃഷ്ടിച്ച പകർച്ചവ്യാധികൾ സ്വയം കെട്ടടങ്ങിയതിനാൽ പ്രതിരോധമരുന്നുകൾ കണ്ടെത്തിയിരുന്നില്ല. ആയുധക്കച്ചവടങ്ങൾക്കും അധിനിവേശങ്ങൾക്കും ശത്രുക്കളെ നിഷ്ഠുരം കൊന്നൊടുക്കുന്നതിനും വിനാശകാരിയായ ആണവായുധങ്ങൾ നിർമ്മിച്ചുകൂട്ടുന്നതിനും ബഹിരാകാശമേൽക്കോയ്മയ്ക്കുള്ള കിടമത്സരത്തിനുമായിരുന്നു നേതാക്കളുടെ തിടുക്കം. അത്യന്താധുനികസംവിധാനങ്ങളുള്ള 30 ലക്ഷം തോക്കുകളുടെ വില്പന ഇക്കഴിഞ്ഞ മാർച്ചുമാസത്തിൽ യുഎസിൽ നടന്നതായി വാർത്തയുണ്ടായിരുന്നു. ഇവയെല്ലാം എന്തിനുവേണ്ടിയെന്ന് അവർക്കുപോലും നിശ്ചയമില്ല.



**തിന്മകളുടെ ആധിക്യം സ്രഷ്ടാവിനെ അസ്വസ്ഥനാക്കി**

മദ്യപാനം, മ്ലേച്ഛത, വ്യഭിചാരം, കൊലപാതകം, സ്വവർഗ്ഗാനുരാഗം, ഗർഭച്ഛിദ്രം, വംശീയവിദ്വേഷം, കള്ളത്തൂക്കവും കരിഞ്ചന്തയും, വനനശീകരണം, ജലസ്രോതസ്സുകളുടെയും ജലാശയങ്ങളുടെയും മലിനീകരണം തുടങ്ങിയവയെല്ലാം അനന്തകരുണയും അനന്തസ്നേഹവും അനന്തനന്മയും ചൊരിയുന്ന സ്രഷ്ടാവായ ദൈവത്തെ വേദനിപ്പിക്കുന്നുവെന്ന തിരിച്ചറിവാണു വേണ്ടത്. ഭൂമിയിൽ മനുഷ്യർ ചെയ്തുകൂട്ടിയ ദുഷ്ടത കണ്ട് അവിടുന്നു പരിതപിച്ചതായി വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഭൂമുഖത്തു മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവു പരിതപിച്ചു. അത് അവിടുത്തെ ഹൃദയത്തെ വേദനിപ്പിച്ചു. കർത്താവ് അരുൾചെയ്തു: "എന്റെ സൃഷ്ടിയായ മനുഷ്യനെ ഭൂമുഖത്തുനിന്നു ഞാൻ തുടച്ചുമാറ്റും. മനുഷ്യനെയും മൃഗങ്ങളെയും ഇഴജന്തുക്കളെയും ആകാശത്തിലെ പറവകളെയും ഞാൻ നാമാവശേഷമാക്കും. അവയെ സൃഷ്ടിച്ചതിൽ ഞാൻ ദുഃഖിക്കുന്നു" (ഉത്പത്തി 6:6-7). അനുസരണക്കേടെന്ന ആദിമാതാപിതാക്കളുടെ ഒറ്റ പ്പാപം അവിടുത്തെ അസ്വസ്ഥനാക്കിയെങ്കിൽ, ഇന്നു മനുഷ്യർ ചെയ്തുകൂട്ടുന്ന പാപക്കൂമ്പാരത്തെ ഉൾക്കൊള്ളാൻ അവിടുത്തേക്ക് എങ്ങനെ കഴിയും? താറുമാറായ പ്രകൃതിയെ ശുദ്ധീകരിക്കുന്നതിനുള്ള തിരക്കിലാണ് സ്രഷ്ടാവായ ദൈവം. ഇത് അവിടുത്തെ പദ്ധതിയല്ലാതെ മറ്റെന്താണ്? ഇന്നത്തെ പ്രതിസന്ധിയെ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ വീക്ഷിക്കാൻ നമുക്കു കഴിയണം. പഴയ പറുദീസാനുഭവത്തിലേക്കുള്ള തിരിച്ചുപോക്ക് അനിവാര്യമായിരിക്കുന്നു. മനുഷ്യന്റെ സാമാന്യബുദ്ധിക്കും അവൻ കണ്ടുപിടിച്ച ശാസ്ത്രങ്ങൾക്കും അസാധ്യമായത് ദൈവം സാധ്യമാക്കുന്നു.

> **താറുമാറായ പ്രകൃതിയെ ശുദ്ധീകരിക്കുന്നതിനുള്ള തിരക്കിലാണ് സ്രഷ്ടാവായ ദൈവം. ഇത് അവിടുത്തെ പദ്ധതിയല്ലാതെ മറ്റെന്താണ്? ഇന്നത്തെ പ്രതിസന്ധിയെ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ വീക്ഷിക്കാൻ നമുക്കു കഴിയണം. പഴയ പറുദീസാനുഭവത്തിലേക്കുള്ള തിരിച്ചുപോക്ക് അനിവാര്യമായിരിക്കുന്നു.**

**ഭവനങ്ങൾ ദൈവാലയങ്ങളായി**

മാർച്ചുമാസം അവസാനത്തോടെ പ്രഖ്യാപിക്കപ്പെട്ട ലോക്ഡൗൺമൂലം രാജ്യങ്ങളെല്ലാം നിശ്ചലമായപ്പോൾ ഓരോ വീടും ദൈവാലയമായി മാറിയതാണ് ദൈവികപദ്ധതിയിൽ പ്രധാനപ്പെട്ടത്. മാതാപിതാക്കളും മക്കളും കൊച്ചുമക്കളും ദിവ്യബലിയിൽ ഒന്നിച്ചു പങ്കാളികളായി. ഒരേ തീൻമേശയിൽ ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചു. തൊടിയിൽ പച്ചക്കറികളും പറമ്പിൽ ഫലവൃക്ഷത്തൈകളും നട്ടു, പരിപാലിച്ചു.

കള്ളുഷാപ്പുകളിലും ബാറുകളിലും നിശാക്ലബ്ബുകളിലും വിലയേറിയ സമയവും സമ്പാദ്യവും നഷ്ടപ്പെടുത്തിയ കുടുംബനാഥന്മാർതന്നെ വീടുകളിലെ സായാഹ്നപ്രാർത്ഥനകൾക്കു നേതൃത്വം നൽകി. മദ്യവും മയക്കുമരുന്നുകളും കിട്ടാതായതോടെ കുടുംബസമാധാനവും തിരികെയെത്തി.

അധർമ്മം വർദ്ധിച്ചപ്പോഴെല്ലാം ഭൂമിയെ ദൈവം നശിപ്പിച്ചിട്ടുള്ളതാണല്ലോ മുൻകാലചരിത്രം. നോഹയുടെ കാലത്തെ ജലപ്രളയവും അബ്രാഹവും ലോത്തും ജീവിച്ചിരിക്കുമ്പോൾ സോദോം-ഗോമോറ പട്ടണങ്ങൾ നശിപ്പിച്ചതും ഉദാഹരണങ്ങൾ. "ദൈവത്തിന്റെ ദൃഷ്ടിയിൽ ഭൂമിയാകെ ദുഷിച്ചതായിത്തീർന്നു. എങ്ങും അക്രമം നടമാടി. ഭൂമി ദുഷിച്ചുപോയെന്നു ദൈവം കണ്ടു. ലോകത്തിൽ മനുഷ്യരെല്ലാം ദുർമാർഗ്ഗികളായി" (ഉത്പത്തി 6:11). പ്രകൃതിയോടും ദൈവത്തോടും മനുഷ്യൻ മനുഷ്യനോടുതന്നെയും ചെയ്തിട്ടുള്ള അപരാധങ്ങളിൽ നിന്നു പിന്തിരിയുകയും മനസ്തപിക്കുകയും വേണം. ഫ്രാൻസീസ് മാർപാപ്പാ 'ലൗദാത്തോ സി-ദൈവമേ അങ്ങേക്കു സ്തുതി' എന്ന ചാക്രികലേഖനത്തിൽ നമ്മുടെ അമ്മയായ ഭൂമിയെ പരിശുദ്ധിയോടെ സംരക്ഷിക്കേണ്ടതെങ്ങനെയെന്ന് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു:

"നമ്മെ രക്ഷിക്കുന്ന ദൈവം തന്നെയാണ് ലോകം സൃഷ്ടിച്ചത്. പ്രകൃതിയും മനുഷ്യനും ജീവജാലങ്ങളും ചേർന്നുള്ള താളം തെറ്റിച്ചത് മനുഷ്യൻ ചെയ്ത പാപമാണ്. മനുഷ്യജീവൻ ദൈവത്തോടും അയൽക്കാരനോടും ഭൂമിയോടും ബന്ധപ്പെട്ടുകിടക്കുന്നു. ഈ മൂവരുമായുള്ള ബന്ധം പാപംമൂലം വിച്ഛേദിക്കപ്പെട്ടു." പ്രകൃതിയുടെമേലുള്ള മനുഷ്യന്റെ അനിയന്ത്രിതമായ കടന്നുകയറ്റങ്ങൾ വലിയൊരു പരിസ്ഥിതിദുരന്തത്തിനു വഴിവയ്ക്കുമെന്ന് വി. പോൾ ആറാമൻ പാപ്പാ അമ്പതു വർഷംമുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. അദ്ദേഹം ഇങ്ങനെയെഴുതി: "വിവേകരഹിതമായ ചൂഷണംമൂലം മനുഷ്യൻ പ്രകൃതിയെ നശിപ്പിക്കുകയും അതേ നാശത്തിനിരയാകുകയും ചെയ്യും."

മനുഷ്യനു വാസയോഗ്യമായി ഭൂമിയല്ലാതെ മറ്റൊരിടം ഇതുവരെ കണ്ടെത്തിയിട്ടില്ലാത്തതിനാൽ ആ അമ്മയെ നമുക്കു വേദനിപ്പിക്കാതിരിക്കാം. ഭക്ഷിക്കാൻ അപ്പവും കുടിക്കാനും കുളിക്കാനും വെള്ളവും കിടക്കാൻ പാർപ്പിടവും തരുന്നത് ആ അമ്മയല്ലേ? അവളെ സംരക്ഷിക്കാനും പരിപാലിക്കാനുമുള്ള ഉത്തരവാദിത്വം നമുക്കുണ്ടെന്ന് മറക്കാതിരിക്കാം. □

# കോപ്പിയടിയുടെ ശുഭാന്ത്യവും ദാരുണാന്ത്യവും



പ്രഫ. റോസിലിന്റ് ജോർജ്

**ഏ**താനും വർഷംമുമ്പു നടന്ന ഒരു സംഭവമാണ്.

മകന്റെ സ്കൂളിലെ പി.റ്റി.എ. മീറ്റിംഗിൽ പങ്കെടുക്കുവാനാണ് ഉച്ചകഴിഞ്ഞ് ലീവെടുക്കാമെന്നു തീരുമാനിച്ചത്. ലീവ് ആപ്ലിക്കേഷനുമായി പ്രിൻസിപ്പലിന്റെ ഓഫീസിലെത്തിയപ്പോഴാണ് അദ്ദേഹം ഒരു വലിയ ഫയലെടുത്തു നീട്ടിക്കൊണ്ട് ‘ടീച്ചറിനെ ഒരു വലിയ ഉത്തരവാദിത്വം ഏല്പിക്കുകയാണ്. വിശദമായി പഠിച്ച് റിപ്പോർട്ടു തയ്യാറാക്കണം’ എന്നാവശ്യപ്പെട്ടത്. ആമുഖമായി ഇത്രമാത്രം പറഞ്ഞു; “ഇക്കഴിഞ്ഞ യൂണിവഴ്സിറ്റി പരീക്ഷയിൽ നമ്മുടെ കോളജിൽ പരീക്ഷയെഴുതിയ 16 കുട്ടികൾ കോപ്പിയടിച്ചതായി കണ്ടെത്തിയിട്ടുണ്ട്. രണ്ടു കുട്ടികൾ ഈ കോളജിലെ തന്നെ വിദ്യാർത്ഥികളാണ്. 14 പേർ വിവിധ പാരലൽ കോളജുകളിൽനിന്നെത്തിയ പ്രൈവറ്റ് സ്റ്റുഡൻസാണ്. റിക്കാർഡുകളെല്ലാം ഫയലിലുണ്ട്. പതിനഞ്ചു ദിവസത്തിനകം റിപ്പോർട്ട് യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കണം.”

ഫയൽ തുറന്നുനോക്കി കാര്യങ്ങൾ വിശദമായി പഠിച്ചപ്പോഴാണ് വളരെ ബുദ്ധിമുട്ടും ഗൗരവവുമുള്ള ഒരു ജോലിയാണല്ലോ പ്രിൻസിപ്പൽ ഏല്പിച്ചിരിക്കുന്നതെന്നു മനസ്സിലായത്. മേല്പറഞ്ഞ 16 കുട്ടികൾക്കും രജിസ്റ്റേർഡ് നോട്ടീസയച്ച് നിശ്ചിത ദിവസം കോളജിലെത്താൻ ആവശ്യപ്പെടണം. കോപ്പിയടി കണ്ടെത്തിയ അധ്യാപകന്റെ (ഇൻവിജിലേറ്റർ) മൊഴിയെടുക്കണം. കോപ്പിയടിക്കാനുപയോഗിച്ച വസ്തുക്കൾ, രേഖകൾ, പരിശോധിക്കണം (ലിഖിതങ്ങൾ, ഹാൾ ടിക്കറ്റിലെ മാർക്കുകൾ, പിറകിലെഴുതിയത്, പേപ്പർ കട്ടിംഗ്സ്). ഇതെല്ലാം ആരോപണവിധേയനായ വിദ്യാർത്ഥിയെ കാണിച്ച് തെറ്റു സ്ഥിരീകരിക്കണം. ഇതിന്റെയെല്ലാം വെളിച്ചത്തിൽ ഓരോ വിദ്യാർത്ഥിയെയും സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി യൂണിവേഴ്സിറ്റിക്കയയ്ക്കണം.

മേല്പറഞ്ഞ കാര്യങ്ങൾക്കെല്ലാമായി പ്രിൻസിപ്പൽ ഒരു ഓഫീസ്മുറിതന്നെ വിട്ടുതന്നു. 16 കുട്ടികളും രജിസ്റ്റേർഡ് ലെറ്ററിൻ പ്രകാരം നിശ്ചിതദിവസങ്ങളിൽ കോളജിലെത്തി. 13 ആൺകുട്ടികളും 3 പെൺകുട്ടികളും. പല വിദ്യാർത്ഥികളും യാതൊരു കൂസലുമില്ലാതെയാണ് ചോദ്യങ്ങൾക്കുത്തരം നല്കിയത്. ചുരുക്കം ചിലർക്ക് ഭാവിയെക്കുറിച്ച് ഉത്കണ്ഠയുണ്ടായിരുന്നു. ചെയ്ത പ്രവൃത്തി തെറ്റായിപ്പോയി, രക്ഷിക്കണം എന്നപേക്ഷിച്ചവരും ഉണ്ടായിരുന്നു. തങ്ങൾ കോപ്പിയടിക്കുവാനുപയോഗിച്ച രേഖകൾ അവരെ കാണിക്കുകയും ഇൻവിജിലേറ്ററുടെ സാന്നിദ്ധ്യത്തിൽ അവർ കുറ്റം സമ്മതിക്കുകയും ചെയ്തു.

വിവരശേഖരണത്തിനുശേഷം രണ്ടു ദിവസം കഴിഞ്ഞാവാം റിപ്പോർട്ടു തയ്യാറാക്കൽ എന്നു തീരുമാനിച്ചു. ആ ഞായറാഴ്ചയാണ് അപരിചിതനായ ഒരാൾ എന്നെ അന്വേഷിച്ച് ഞങ്ങളുടെ ഭവനത്തിലെത്തിയത്. ഭർത്താവും ഞാനും അയാളെ അകത്തു വിളിച്ചിരുത്തി ആഗമനോദ്ദേശ്യം ആരാഞ്ഞു. ഒരു നിമിഷം മൗനം പാലിച്ചശേഷം നിറഞ്ഞ കണ്ണുകളോടെ അയാൾ പറഞ്ഞു: “ടീച്ചർ, കോപ്പിയടിച്ചവരുടെ ലിസ്റ്റിൽ എന്റെ മകനും ഉണ്ടായിരുന്നു. അവൻ ചെയ്തത് വലിയ ഒരു തെറ്റാണെന്ന് ഞങ്ങളും അവനും മനസ്സിലാക്കുന്നു. വേണ്ട സമയത്തു വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും ഞങ്ങൾ നൽകാതിരുന്നതുകൊണ്ടാണല്ലോ ഒരു പരിധിവരെ അവനീ തെറ്റിലേക്കു പോയത്. ടീച്ചറിനു ഞങ്ങളെ എങ്ങനെയെങ്കിലും രക്ഷിക്കാനാവുമോ?”



ആ പിതാവിനോട് എന്തുത്തരം പറയും എന്നറിയാതെ ഞാൻ വിഷമിച്ചു. ഇവിടെ വികാരങ്ങളല്ലല്ലോ നിയമങ്ങൾക്കു വിധേയമായിട്ടുവേണ്ടേ നാം പ്രവർത്തിക്കുവാൻ. ഭർത്താവും കോളജദ്ധ്യാപകനാണ്. അദ്ദേഹത്തോടും അഭിപ്രായം ആരാഞ്ഞു. ഒരുത്തരം കണ്ടെത്താൻ ഞങ്ങൾക്കു കഴിഞ്ഞില്ല. പിരിമുറുക്കത്തിനൊരയവു വരുത്താൻ ഞാനദ്ദേഹത്തോടൊരു ചോദ്യം ചോദിച്ചു: “ആട്ടെ, മകനെങ്ങനാണ് കോപ്പിയടിച്ച വിവരം വീട്ടിലറിയിച്ചത്?” “ഒരാഴ്ച കഴിഞ്ഞാണ് അവൻ വീട്ടിൽ വിവരമറിയിച്ചത്. ഒരു കൂട്ടുകാരൻ വഴി. കേട്ടപ്പോൾ ഇടിമിന്നലേറ്റതുപോലെയായി. സത്യത്തിൽ ഒരു മണിക്കൂർ നേരം എനിക്കു സംസാരിക്കുവാൻ പോലും കഴിഞ്ഞില്ല. എങ്കിലും സംയമനം പാലിച്ച് ഭാര്യയോട് ഒരു വിധത്തിൽ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. അവനെ വഴക്കു പറയണ്ട, നമ്മൾ വിഷമിക്കുന്നതാണ് അവന്റെ ഏറ്റവും വലിയ ദുഃഖമെന്ന് കൂട്ടുകാരൻ പറഞ്ഞിരുന്നു. ടീച്ചർ, ഞാനവന്റെ മുറിയിൽ ചെന്നപ്പോൾ അവൻ കമിഴ്ന്നു കിടന്നു കരയുകയായിരുന്നു. സാവധാനം ഞാനവന്റെ അരികിലിരുന്ന്, തോളിൽ തടവി. ഒരു പൊട്ടിക്കരച്ചിലോടെ അവനെന്റെ മടിയിലേക്കു വീണു. പിന്നെ ഞാനൊന്നും മിണ്ടിയില്ല. അവന്റെ അമ്മയോടു ഭക്ഷണം കൊടുക്കുവാൻ പറഞ്ഞു. കാര്യങ്ങൾ വിശദീകരിക്കുമ്പോൾ ഞങ്ങളുടെയും കണ്ണുകൾ നിറഞ്ഞു.” ഒരു പ്രതികൂലസാഹചര്യത്തിൽ എത്ര സമചിത്തതയോടെയാണ് ആ പിതാവ് കാര്യങ്ങൾ കൈകാര്യം ചെയ്തതെന്നോർത്ത് അദ്ദേഹത്തോട് എനിക്കു ബഹുമാനം തോന്നി. നിയമത്തിനുള്ളിൽ നിന്നുകൊണ്ട് എനിക്കു പറ്റുന്ന എന്തു സഹായവും നിങ്ങൾക്കുണ്ടാവും എന്നുറപ്പുകൊടുത്തുകൊണ്ട് ഞങ്ങളയാളെ യാത്രയാക്കി.

മേല്പറഞ്ഞ വിദ്യാർത്ഥിയെക്കുറിച്ചു വിശദമായ റിപ്പോർട്ടുണ്ടാക്കി. കോപ്പിയടിച്ചു എന്ന കുറ്റം തെളിഞ്ഞിട്ടുണ്ട്. ഇൻവിജിലേറ്റർ പറഞ്ഞതും രേഖകളുമെല്ലാം പിൻ ചെയ്തു. എന്നാൽ, റിപ്പോർട്ടിനൊപ്പം വ്യക്തിപരമായ ഒരു കുറിപ്പും ഞാൻ തയ്യാറാക്കി. കുട്ടിയെപ്പറ്റി അന്വേഷിച്ചപ്പോൾ ഇതിനുമുമ്പ് മറ്റു കുറ്റകൃത്യങ്ങളിലൊന്നും ഉൾപ്പെട്ടിട്ടില്ല എന്നും; കോളജിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ സജീവപ്രവർത്തകനാണെന്നും സാധിക്കുമെങ്കിൽ ഏറ്റവും കുറഞ്ഞ ശിക്ഷാനടപടികളേ എടുക്കാവൂ എന്നുമുള്ള ഒരു റെക്കമെന്റേഷൻ. എന്റെ നോട്ടുകൊണ്ട് എന്തെങ്കിലും ഫലമുണ്ടാകുമെന്നു കരുതിയില്ല. എങ്കിലും ദിവസങ്ങൾക്കുശേഷം യൂണിവേഴ്സിറ്റി എടുത്ത ശിക്ഷാനടപടിയിൽ 15 പേർക്കും 3 പ്രാവശ്യം പരീക്ഷ എഴുതുവാനുള്ള യോഗ്യത തടഞ്ഞപ്പോൾ ഈ വിദ്യാർത്ഥിക്കു മാത്രം ഒരു ചാൻസാണ് നഷ്ടപ്പെട്ടത്. ഏതാനും വർഷങ്ങൾക്കുശേഷം ഈ വിദ്യാർത്ഥിയുടെ പിതാവിനെ അവിചാരിതമായി കാണുവാനിടയായി. അയാൾ എന്റരുകിൽ ഓടിവന്നു. മകനെന്തു ചെയ്യുന്നു എന്നു ചോദിച്ചപ്പോൾ, ‘ടീച്ചർ അവൻ പഠിച്ചു മിടുക്കനായി ഉയർന്ന ഡിഗ്രിയൊക്കെയെടുത്ത് വലിയ ഒരു കമ്പനിയിലെ ഉയർന്ന പദവിയിലാണ്, ഞങ്ങൾ അപ്പനെയും അമ്മയെയും കുടുംബത്തെയും ഭംഗിയായി സംരക്ഷിക്കുകയും ചെയ്യുന്നു’ ടീച്ചറിനെ ഞങ്ങൾ ഓർക്കാറുണ്ടെന്നും പറഞ്ഞു.

ഏതാനും ദിവസങ്ങൾക്കുമുമ്പ് മാധ്യമങ്ങളിലൊക്കെ നിറഞ്ഞുനിന്നിരുന്നത്, ഒരു കോപ്പിയടി വിവാദമായിരുന്നല്ലോ. ഈ മേഖലയിൽ മേല്പറഞ്ഞ രീതിയിലുള്ള ആധികാരികത ഉള്ളതുകൊണ്ട് എല്ലാം ശ്രദ്ധിക്കുന്നുമുണ്ടായിരുന്നു. പഞ്ചായത്ത് ഇലക്ഷൻ വരുന്നതുകൊണ്ടാവാം ചില രാഷ്ട്രീയപാർട്ടികളൊക്കെ ഈ സംഭവത്തെ നുണകൊണ്ടു പർവ്വതീകരിച്ചുകാണിച്ചത്. കോപ്പിയടിച്ചു പിടിക്കപ്പെട്ട ആ പെൺകുട്ടി ആത്മഹത്യ ചെയ്തു. ഏവർക്കും വളരെ ദുഃഖമുണ്ടാക്കിയ ഒരു കാര്യം തന്നെ. പ്രത്യേകിച്ചും ആ കുടുംബത്തിന്. എന്നാൽ, കോപ്പിയടിച്ചു എന്ന ഒന്നാമത്തെ തെറ്റിനെയും ആത്മഹത്യ എന്ന അതിലും വലിയ തെറ്റിനെയും എന്തിനിത്രയും വാഴ്ത്തിസ്തുതിക്കുന്നു എന്നു മനസ്സിലാവുന്നില്ല. ചാനൽ ചർച്ചകളും സോഷ്യൽ മീഡിയായുമൊക്കെ വളരെയധികം ശ്രദ്ധിക്കുന്ന നമ്മുടെ വിദ്യാർത്ഥിസമൂഹത്തിന് എന്തു സന്ദേശമാണിതു നല്കുന്നത്? കോപ്പിയടിച്ചാൽ അതു പിടിക്കാൻ പാടില്ലെന്നോ; എല്ലാത്തിനും പ്രതിവിധി ആത്മഹത്യ ആണെന്നോ? ഇത്രയധികം ഗ്ലോറിഫൈ ചെയ്യപ്പെടേണ്ട കാര്യമാണോ ആ പെൺകുട്ടി ചെയ്തത്? പിതാവിനെ സംബന്ധിച്ചിടത്തോളം മകൾ നഷ്ടപ്പെട്ട വേദനയിൽ വളരെ വൈകാരികമായി പ്രതികരിച്ചാലും അദ്ഭുതപ്പെടാനില്ല. ചില രാഷ്ട്രീയക്കാർക്കും യൂണിവേഴ്സിറ്റി നിയമങ്ങളെക്കുറിച്ച് അറിവുണ്ടാകണമെന്നില്ല. എന്നാൽ നല്ല വിദ്യാഭ്യാസമുള്ള, യൂണിവേഴ്സിറ്റിനിയമങ്ങളെക്കുറിച്ചും പരീക്ഷാസമ്പ്രദായങ്ങളെക്കുറിച്ചുമൊക്കെ അറിവുള്ള ചില വ്യക്തികളുടെ പ്രതികരണങ്ങൾ കേട്ടപ്പോൾ, ഇവരൊക്കെ വെള്ളരിക്കാപ്പട്ടണത്തിലാണോ ജീവിക്കുന്നതെന്നു തോന്നിപ്പോയി. അല്ലറചില്ലറ വോട്ടിനുവേണ്ടിയുള്ള നുണപറച്ചിൽ.

കോപ്പിയടി ആരോപിക്കപ്പെട്ട ആ പെൺകുട്ടിക്ക് എന്തെല്ലാം ഓപ്ഷൻസ് മുമ്പിലുണ്ടായിരുന്നു. തേർഡ് ബികോം – അവസാന വർഷ വിദ്യാർത്ഥിനി – 20 വയസ്സ് തീർച്ചയായും ഉണ്ടാവും. ഒരു യുവതിയായിക്കഴിഞ്ഞു. പ്രിൻസിപ്പലിന്റെ ഓഫീസിൽ റിപ്പോർട്ടു ചെയ്യണമെന്നു പറഞ്ഞിരുന്നു. അങ്ങനെ ചെയ്തില്ല. യൂണിവേഴ്സിറ്റി കോളജിന്റെ മേൽ ചുമത്തിയിരിക്കുന്ന ഏറ്റവും വലിയ കുറ്റം, ആ വിദ്യാർത്ഥിനിയെ അരമണിക്കൂർ ഹാളിൽ ഇരുത്തി എന്നുള്ളതാണ്. എന്റെ അറിവിന്റെ പരിധിയിൽ നിന്നുകൊണ്ടു ഞാനെഴുതുകയാണ്. അടുത്തദിവസംമുതൽ പരീക്ഷകൾ തുടർന്നെഴുതണമെങ്കിൽ അങ്ങനെയൊരു തീരുമാനം എടുക്കണമായിരുന്നു. വിദ്യാർത്ഥിനിക്ക് അന്നത്തെ പരീക്ഷ നഷ്ടപ്പെടും. തോറ്റതായി കണക്കാക്കപ്പെടും. ബാക്കി പരീക്ഷകൾ എഴുതിയശേഷം, അടുത്ത ചാൻസിൽ മുകളിൽ പറഞ്ഞ പേപ്പറിന്റെ പരീക്ഷ ഒന്നുകൂടി എഴുതി വിജയിക്കുകയും ചെയ്യാം. കോപ്പിയടിക്കേസിൽ ഉൾപ്പെടുകയുമില്ല. സത്യത്തിൽ ഇതാവാം ആ പ്രിൻസിപ്പൽ ചിന്തിച്ചത്. ഒരു പെൺകുട്ടിയല്ലേ, അവസാന വർഷ പരീക്ഷയുമാണ്. പരീക്ഷ തുടങ്ങിക്കഴിഞ്ഞാൽ ഒരു മണിക്കൂർ കഴിഞ്ഞേ വിദ്യാർത്ഥികളെ പുറത്തുവിടാൻ പാടുള്ളൂ. പ്രിൻസിപ്പലിന്റെ അനുകമ്പയും ഔദാര്യവും സർവ്വോപരി മനുഷ്യത്വവും അദ്ദേഹത്തിനുതന്നെ വിനയായി.

എത്രയോ വർഷം ഇൻവിജിലേറ്ററായുള്ള അനുഭവം എനിക്കുണ്ട്. കോപ്പിയടി പിടിച്ചുകഴിഞ്ഞാൽ – ചിലപ്പോൾ സ്ക്വാഡാകാം, ചിലപ്പോൾ എക്സാമിനർ തന്നെയാവാം – അവരെ ഡോക്യുമെന്റ്സ് എല്ലാം വാങ്ങി പുറത്താക്കും. എന്തെങ്കിലും അസുഖമോ, ശാരീരികബുദ്ധിമുട്ടുകളോ ഉള്ള വിദ്യാർത്ഥികളെ വളരെ ഉത്തരവാദിത്വത്തോടെ ശ്രദ്ധിക്കാറുമുണ്ട്. കോപ്പിയടിക്കാൻ വിരുതുകാട്ടുന്ന ഒരു വിദ്യാർത്ഥി സാധാരണ ഇതുപോലൊരു ദുരന്തം വരുത്തിവയ്ക്കാറുമില്ല. ഹാളിൽ കുറച്ചുസമയം വെറുതെയിരുത്തിയതുകൊണ്ടാണ് വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തതെന്നു ചിലർ വാദിക്കുന്നു. സത്യത്തിൽ, വീട്ടിൽ ചെല്ലുമ്പോൾ എന്തു പറയും? അപ്പനും അമ്മയും വഴക്കു പറയില്ലേ എന്നായിരിക്കില്ലേ ആ കുട്ടി ചിന്തിച്ചത്. ആ ഭയമായിരിക്കില്ലേ ഇതുപോലൊരു പ്രവൃത്തിയിലേക്ക് ആ കുട്ടിയെ നയിച്ചത്. ഏതു സാഹചര്യത്തിലും തന്റെ പേരന്റ്സ് തനിക്കു തുണയായി ഉണ്ടാകും എന്നു ബോദ്ധ്യമുണ്ടായിരുന്നെങ്കിൽ ആ കുട്ടി ആത്മഹത്യ ചെയ്യുമായിരുന്നു എന്നു ഞാൻ കരുതുന്നില്ല. പിന്നെ പഠിപ്പിച്ച അദ്ധ്യാപകരും കൂട്ടുകാരും നാട്ടുകാരും തന്നെക്കുറിച്ച് എന്തു വിചാരിക്കും എന്നും കരുതിയിരിക്കും.

ആദ്യം നമ്മൾ കണ്ട കോപ്പിയടിക്കേസിൽ – ആ മകൻ ചെയ്തതും പേരന്റ്സ് അവന്റെ കൂടെ നിന്നതും തെറ്റുതിരുത്തി, ശിക്ഷ ഏറ്റുവാങ്ങി, കൂടുതൽ കരുത്തോടെ ജീവിതത്തിൽ ഉയരുന്നതും നാം കണ്ടു. നമ്മൾ കുട്ടികൾക്കു കാണിച്ചുകൊടുക്കേണ്ട മാതൃകകൾ ഇങ്ങനെയുള്ളവയല്ലേ. ചാനലുകൾ രണ്ടു ദിവസം കഴിയുമ്പോൾ പുതുമകൾ തേടിപ്പോകും. നമ്മുടെ മക്കളെ സംരക്ഷിക്കേണ്ടതിന്റെ പ്രധാന ഉത്തരവാദിത്വം മാതാപിതാക്കൾക്കു തന്നെയാണ്. രണ്ടാമതായി അദ്ധ്യാപകർക്കും അതോടൊപ്പം സമൂഹത്തിനും. ജയിക്കാൻ മാത്രമല്ല തോല്ക്കാനും നമ്മുടെ മക്കൾ പഠിക്കണം. ഇല്ലായ്മകളും വല്ലായ്മകളും പോരായ്മകളും അതിന്റെ രുചിയും അവരറിഞ്ഞു വളരട്ടെ. കുടുംബമാണ് പ്രഥമ വിദ്യാലയം. അവരിലേക്കു നാം എറിയുന്ന വിത്തുകൾ ഗുണമേന്മയുള്ളതാവട്ടെ. യുനെസ്കോ പറയുന്നതുപോലെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ മൂന്നാണ്: ഒന്നാമതായി അറിവു സമ്പാദിക്കണം. രണ്ടാമത് അറിവിനോടൊപ്പം സ്വഭാവരൂപീകരണം നടക്കണം. മൂന്നാമത് മികച്ച അറിവും സ്വഭാവസവിശേഷതയും ചേർന്ന് അവനിൽ രൂപാന്തരീകരണം ഉണ്ടാവണം. ■



നോവൽ 13

# അഗസ്ത്യായനം



ഗിരീഷ് കെ. ശാന്തിപുരം

## ശവംനാറിപ്പൂക്കൾ



**കു**ഞ്ഞച്ചൻ പ്രഭാതക്കുർബാന കഴിഞ്ഞിറങ്ങിയതേയുള്ളൂ. മഞ്ഞ് പൊഴിഞ്ഞുതീർന്നിട്ടില്ല. ഈറൻകാറ്റ്. നല്ല കുളിര്. പള്ളിമുറ്റത്തെ മഞ്ഞണിഞ്ഞ പുൽച്ചെടികളിൽ കുഞ്ഞച്ചന്റെ പാദം നനഞ്ഞു. പള്ളിക്കകത്തെ ധൂപാർച്ചനയുടെ കുന്തിരിക്കഗന്ധം കുഞ്ഞച്ചനെ വിട്ടൊഴിഞ്ഞിരുന്നില്ല. കുന്തിരിക്കഗന്ധവും പുലരിക്കുളിരും കുഞ്ഞച്ചൻ ഉള്ളിലേക്കാവാഹിച്ചെടുത്തു. പിന്നെ പള്ളിമുറ്റത്തെ കൊന്തൻപുല്ല് ളോവയിൽ തറയ്ക്കാതിരിക്കാൻ ളോവ അല്പമുയർത്തി പള്ളിമേടയിലേക്കു നടക്കാനൊരുങ്ങുകയായിരുന്നു കുഞ്ഞച്ചൻ.

അപ്പോഴാണ് കുഞ്ഞച്ചനു കൺപെട്ടത്. തനിക്കു മുൻപിൽ തോട്ടപ്പിള്ളിലെ കുഞ്ഞേപ്പുചേട്ടൻ. അയാളോടൊപ്പം മറ്റു മൂന്നാലു പേർ. അവരൊക്കെ അപരിചിതർ.

കുഞ്ഞേപ്പു ചേട്ടൻ അച്ചനു സ്തുതി ചൊല്ലി. പിന്നെ ഒരാളെ ചൂണ്ടിപ്പറഞ്ഞു:

"ഇതാണച്ചോ ചീരുകണ്ടൻ."

കുഞ്ഞച്ചൻ ചീരുകണ്ടനെ ആദ്യമായി കാണുകയായിരുന്നു. എള്ളുപോലെ കറുത്ത അരോഗദൃഢഗാത്രനായ ഒരാൾ. ഒരു കാളക്കൂറ്റനെ പിടിച്ചുമെരുക്കാൻ പോന്ന കരുത്ത് ചീരുകണ്ടനിൽ പ്രകടം. കമ്പിനൂലുകൾപോലെ എഴുന്നുനിൽക്കുന്ന മുടി. ഇടതൂർന്നു വളർന്ന താടിരോമങ്ങൾ. ചോരനിറം ചേർന്ന കണ്ണുകളിൽ സദാ ഒരു ക്രൗര്യം കത്തിനില്ക്കുന്നു.

"അന്നയുടെ മകൻ..."

കുഞ്ഞച്ചൻ അങ്ങനെയാണു പറഞ്ഞത്. ചീരുകണ്ടൻ ഒന്നു പകച്ചു. 'അന്ന' അതാര്...? തന്റെ അമ്മയുടെ പേര് തേയി എന്നാണ്. അപ്പൻ തേവൻ. പക്ഷേ, ഈ കത്തനാര് 'അന്ന' എന്നാണു പറഞ്ഞത്.

കത്തനാര് ആള് മോശക്കാരനല്ലെന്നു ചീരുകണ്ടനു തോന്നി. തെക്കേമലയിലെ മന്ത്രവാദി മാരിയപ്പനെ മുട്ടുകുത്തിച്ച ആളാണ്. മൂന്നാല് ദിവസം മുൻപാണ് ചീരുകണ്ടൻ ആ വാർത്തയറിഞ്ഞത്.

അങ്ങനെയൊന്ന് അറിഞ്ഞപ്പോൾ ചീരുകണ്ടന് ഒരു സന്തോഷമൊക്കെ തോന്നി. മാരിയപ്പന് ഒരു തോല്വി ആവശ്യമാണ്. വലിയ അഹങ്കാരമാണയാൾക്ക്. ഒരു മഹാമന്ത്രവാദിയാണെന്നൊരു ഭാവം.

ഒരു കണക്കിന് തനിക്കറിയാവുന്നതിൽ കൂടുതൽ അയാൾക്കെന്തറിയാം. തന്റെ അപ്പൻ തേവനിൽനിന്നു തനിക്കു പകർന്നുകിട്ടിയതിനപ്പുറം മാരിയപ്പനിൽ എന്ത്...? ഒന്നുമില്ല.

അതു ചീരുകണ്ടനു നിശ്ചയമുണ്ട്. എന്നാലും മാരിയപ്പന്റെ മന്ത്രമണി വാങ്ങിച്ചെടുത്ത കത്തനാരെ ഒന്നു നേരിൽ കാണണമെന്നു മനസ്സിൽ നിരീച്ചതാണ്. മാരിയപ്പനെ കൊമ്പുകുത്തിച്ച കത്തനാരുമായി ഒന്ന് ഏറ്റുമുട്ടണമെന്നും.

പക്ഷേല് ഇപ്പോ അതല്ല കാര്യം. തന്റെ അമ്മ തേയിയെ ഇങ്ങേര് അന്ന എന്നു വിളിക്കുന്നു. തന്നെ അന്നയുടെ മകനെന്നും.

ആ വിളിയുടെ പൊരുളെന്തെന്ന് എത്ര ചിന്തിച്ചിട്ടും ചീരുകണ്ടനു മനസ്സിലായില്ല. ഒരു പക്ഷേ, കത്തനാരിക്ക് ആള് മാറിപ്പോയോ...? ചീരുകണ്ടൻ അങ്ങനെ സന്ദേഹിച്ചു.

"തേയിക്ക് അന്ന എന്ന പേര് ഞാനിട്ടതാണ് ചീരുകണ്ടാ..."

ചീരുകണ്ടന്റെ മനസ്സു വായിച്ചിട്ടെന്നവണ്ണം കുഞ്ഞച്ചൻ പറഞ്ഞു.

"അന്ന കർത്താവിൽ മരണം പ്രാപിച്ചവളാണ്." അതു പറയുമ്പോൾ കുഞ്ഞച്ചന്റെ മുഖത്ത് ഒരു മന്ദഹാസമുണ്ടായിരുന്നു.

ഒരു ശരം അതിവേഗത്തിൽ ചീരുകണ്ടനിലൂടെ പാഞ്ഞുപോയി. അമ്മ തേയിക്ക് മറ്റൊരു പേര്: 'അന്ന'. അതും ഈ കത്തനാര് കല്പിച്ചുകൊടുത്തത്. അമ്മ തേയി കർത്താവിൽ മരണപ്പെട്ടവളാണെന്ന്....

ചീരുകണ്ടൻ ഒന്നുലഞ്ഞു. പുലരിക്കുളിരിലും ചീരുകണ്ടന്റെ രോമകൂപങ്ങളിൽ വിയർപ്പ് പൊടിഞ്ഞു. ചീരുകണ്ടന്റെ മനസ്സിന് ഒരു തളർച്ച ബാധിച്ചു.

"അന്നയെ നമുക്ക് പള്ളിസെമിത്തേരിയിൽ അടക്കാം ഇല്ലേ ചീരുകണ്ടാ."

കുഞ്ഞച്ചന്റെ ചോദ്യത്തിനു മുൻപിൽ ചീരുകണ്ടന്റെ നാവുറഞ്ഞുപോയി. അയാൾ കുഞ്ഞച്ചനു നേരേ കൈകൾ കൂപ്പി. ആ പ്രവൃത്തിയിൽ കുഞ്ഞച്ചന്റെ ചോദ്യത്തിനുള്ള ഉത്തരമുണ്ടായിരുന്നു.

"അതു പറയാനാണു കുഞ്ഞച്ചാ ഞങ്ങളു വന്നത്..." കുഞ്ഞേപ്പു ചേട്ടൻ പറഞ്ഞു. "തേയിയെ പള്ളീലടക്കാൻ ചീരുകണ്ടനു സമ്മതമാ...."

"അതു നന്നായി. ചീരുകണ്ടനെയും കുടുംബത്തെയും കർത്താവ് അനുഗ്രഹിക്കും."

കുഞ്ഞച്ചൻ അതു പറഞ്ഞിട്ടു നോക്കുമ്പോൾ ചീരുകണ്ടൻ കൂപ്പിയ കൈകളുമായി അങ്ങനെ തന്നെ നില്ക്കുകയാണ്. ചീരുക്കണ്ടൻ അത് മനഃപൂർവ്വം ചെയ്തതല്ല. താനറിയാതെ തന്റെ മനസ്സറിയാതെ, അയാൾ കൈകൾ കൂപ്പിപ്പോയതാണ്.

താൻ അടർന്നുപോകുന്നതുപോലെ ചീരുകണ്ടനു തോന്നി. തന്റെ മനസ്സ്, തന്റെ സിദ്ധികൾ എല്ലാം തകർന്നു നിലം പൊത്തുന്നു. താൻ വെറും പൊള്ളയാണ്. ഒരു പൊങ്ങുതടി.

അപ്പോഴാണ് പള്ളിയിൽനിന്നിറങ്ങി വരുന്ന സ്കോളസ്റ്റിക്കാമ്മയെ കുഞ്ഞച്ചൻ കണ്ടത്. രാമപുരം മഠത്തിലെ കന്യാസ്ത്രീയാണവർ. അച്ചന്മാരുടെ ളോവ തയ്ക്കുന്നതിൽ വിദഗ്ധയായിരുന്ന അവരോടൊപ്പം മറ്റു രണ്ടു കന്യാസ്ത്രീകളുമുണ്ടായിരുന്നു.

കുഞ്ഞച്ചൻ സ്കോളസ്റ്റിക്കാമ്മയെ അടുത്തു വിളിച്ചു പറഞ്ഞു:

"നമുക്കൊരു കുമ്മിണിമെന്തിനു പോകണം. പോകുമ്പോൾ ഒരു ചട്ടയും മുണ്ടും കരുതണം."

"ആകട്ടെ കുഞ്ഞച്ചാ..." സ്കോളസ്റ്റിക്കാമ്മ സന്തോഷപൂർവ്വം സമ്മതിച്ചു.

കുഞ്ഞച്ചന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏറെ ആഭിമുഖ്യം പുലർത്തിയിരുന്ന ആളായിരുന്നു ആ കന്യാസ്ത്രീ. അച്ചന്മാരുടെ ളോവയും മറ്റും തയ്ക്കുമ്പോൾ മിച്ചം വരുന്ന തുണികൊണ്ട് ചട്ട തയ്ച്ച് പാവങ്ങൾക്കു കൊടുക്കാമെന്നു കണ്ടെത്തിയത് കുഞ്ഞച്ചനാണ്. സ്കോളസ്റ്റിക്കാമ്മ അത് പ്രാവർത്തികമാക്കി.

കുഞ്ഞച്ചൻ ചീരുക്കണ്ടന്റെ സമീപം ചെന്ന് ചീരുകണ്ടന്റെ കരം ഗ്രഹിച്ചുകൊണ്ടു പറഞ്ഞു:

"സഹോദരാ, ഒന്നുകൊണ്ടും വിഷമിക്കേണ്ട. എല്ലാം ഭംഗിയായി നടക്കും. ഉച്ചയാകുമ്പോഴേക്കും ഞങ്ങളെത്തിക്കോളാം. നിങ്ങൾ വേഗം അങ്ങോട്ടു ചെല്ല്."

ചീരുകണ്ടൻ തുളുമ്പിപ്പോയി. ഒരു മഴ തനിക്കുമേൽ പെയ്തിറങ്ങുന്നതുപോലെ അയാൾക്കു തോന്നി.

കുഞ്ഞച്ചൻ അവർക്ക് കാപ്പിയും കഴിക്കാൻ കുഴമ്പിൽതറവാട്ടിൽനിന്ന് തനിക്കായിക്കൊണ്ടുവന്ന പലഹാരവും കൊടുത്തു. കുഞ്ഞേപ്പുചേട്ടൻ കാപ്പി മാത്രം കുടിച്ചു.

പുറപ്പെടാൻ നേരം ഒരഞ്ചുരൂപ ചീരുകണ്ടന്റെ കൈകളിൽ വച്ചുകൊടുത്തുകൊണ്ട് പറഞ്ഞു:

"ഇതിരിക്കട്ടെ ആവശ്യം വരും."

ചീരുകണ്ടന്റെ ഹൃദയം നുറുങ്ങുന്നതുപോലെ തോന്നി. നാളിതുവരെ താനനുഭവിക്കാത്ത സ്നേഹം. ഒരു കനിവ് ചീരുകണ്ടൻ അനുഭവിക്കുകയായിരുന്നു. നാളിതുവരെ തനിക്ക് ഇങ്ങനെയൊരു പെരുമാറ്റം ആരിൽനിന്നും ഉണ്ടായിട്ടില്ല. ആരും ഇത്ര അലിവോടെ തന്നോടു സംസാരിച്ചിട്ടില്ല.

അമ്മ തേയി ചത്തതിൽ ചീരുകണ്ടന് അത്ര വിഷമമൊന്നും തോന്നിയിരുന്നില്ല. അമ്മയിലേക്കുള്ള വേരുകൾ ചീരുകണ്ടന് അത്ര ദൃഢമായിരുന്നില്ല. ഒരിക്കൽപ്പോലും ചീരുകണ്ടൻ തേയിയെ അമ്മ എന്നു വിളിച്ചിരുന്നില്ല. തന്നോടൊപ്പം തന്റെ കൂരയിൽ പാർക്കുന്ന ഒരു സ്ത്രീ എന്നതിലപ്പുറം അമ്മ എന്ന സത്യത്തിന്റെ നാനാർത്ഥങ്ങളിലേക്ക് ചീരുകണ്ടന്റെ മുരടിച്ചുപോയ മനസ്സെത്തിയിരുന്നില്ല. ചീരുകണ്ടൻ ആരെയും സ്നേഹിച്ചിരുന്നില്ല. അമ്മ തേയിയെയോ ഭാര്യ കുറുമ്പയെയോ, മകനെയോ സ്നേഹിച്ചിരുന്നില്ല. മറ്റു രണ്ടു ഭാര്യമാരെയും ചീരുകണ്ടൻ സ്നേഹിച്ചിരുന്നില്ല.

ചീരുകണ്ടന് കുറുമ്പയെക്കൂടാതെ രണ്ടു ഭാര്യമാരുണ്ട്. ഭാര്യമാർ എന്നൊന്നും പറയാൻ വയ്യ. കുറുമ്പയെപ്പോലും ചീരുകണ്ടൻ ആചാരപ്രകാരം കല്യാണം കഴിച്ചതല്ല. വിളിച്ചു. കുറുമ്പ കൂടെപ്പോന്നു.

മറ്റു രണ്ടുപേരും അങ്ങനെയൊക്കെത്തന്നെ. ഇഷ്ടമറിയിച്ചു. അവർ സമ്മതിച്ചു. പക്ഷേ, ചീരുകണ്ടൻ അവരെ കൂരയിലേക്കു വിളിച്ചില്ല. അവർ അവരുടെ കൂരകളിൽത്തന്നെ. അതുകൊണ്ട് കുറുമ്പപോലും അതൊന്നും അറിഞ്ഞിട്ടില്ല.

ഒരാൾ ചെല്ല. അരീക്കരക്കാരിയാണ്. പ്രായമായ അമ്മയും ചെല്ലയും മാത്രം. ചെല്ല തൊട്ടടുത്ത വലിയ വീടുകളിലൊക്കെ പണിക്കുപോകും. കിട്ടുന്നതുകൊണ്ട് ചെല്ലയും അമ്മയും കഴിയും.

ചീരുകണ്ടൻ ആഴ്ചയിലൊരിക്കലോ മറ്റോ അവിടെ ചെന്നെങ്കിലായി. ചിലപ്പോൾ അത് രണ്ടാഴ്ച കൂടുമ്പോഴാകാനും മതി. പകൽവെട്ടത്തിൽ ചീരുകണ്ടൻ ചെല്ലയുടെ വീടെത്താറില്ല. അരീക്കരഭാഗത്തെവിടെയെങ്കിലും മന്ത്രവാദമോ ചാവുതെളിക്കലോ മറ്റോ ഉണ്ടാകുമ്പോഴാണ് ചീരുകണ്ടൻ ചെല്ലയിലേക്കെത്തുക. അതും രാവിന്റെ മറവിൽ.

റാക്കിന്റെ ലഹരിയിൽ ആടിയുലഞ്ഞ് ഇരുട്ട് തപ്പി ചെല്ലയുടെ തിണ്ണയിൽ വന്നു വീഴുന്ന ചീരുകണ്ടനോട് ചെല്ല പറയും:

ഇനി എങ്ങും പോണ്ട. നമുക്ക് ഇവിടെ പൊറുക്കാം."

ചെല്ലയോടൊപ്പം മദ്യത്തിന്റെ ലഹരിയിലും വിയർപ്പിലും മുങ്ങിത്താഴുമ്പോൾ ചീരുകണ്ടൻ സമ്മതിക്കും:

"ഇനി എങ്ങും പോന്നില്ല."

പക്ഷേ, അടുത്ത ദിവസം കിഴക്ക് വെള്ള പൊട്ടും മുമ്പേ ചീരുകണ്ടൻ പുറപ്പെടും. അപ്പോ ചെല്ല ചോദിക്കും:


"വൈകിട്ട് വരില്ലേ..."

"നോക്കട്ടെ."

ചീരുകണ്ടൻ ഇറങ്ങി നടക്കും. പിന്നെ പത്തോ പതിനഞ്ചോ കഴിഞ്ഞാകും അയാൾ ചെല്ലയുടെ വീടെത്തുക.

ചീരുകണ്ടന് ചെല്ലയോടുള്ളതിനേക്കാൾ ഇഷ്ടം അഴകിയോടാണ്. ഇഷ്ടം സ്നേഹം എന്നൊന്നും പറയാൻ വയ്യ. ഒരു താത്പര്യക്കൂടുതൽ. അത്രമാത്രം.

*ശേഷം 14-ാംപേജിൽ*




**ജൂൺ 28**
**ശ്ലീഹാക്കാലം**
**അഞ്ചാം ഞായർ**



നിയ 1:33–46
ഏശ 1:21–31
1 കോറി 14:1–12
ലൂക്കാ 12:22–34

ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ


# അഭിവൃദ്ധി പ്രാപിക്കാൻ ആത്മീയവരങ്ങൾ

**എത്രമാത്രം ബലവാനായാലും ആയുസ്സിന്റെ ദൈർഘ്യം ഒരു വിനാഴികപോലും ദീർഘിപ്പിക്കാൻ മനുഷ്യനു സാധിക്കുന്നില്ല. നിസ്സാരമായ ഇതുപോലും ചെയ്യാൻ നിങ്ങൾക്കു കഴിവില്ലെങ്കിൽ മറ്റുള്ളവയെപ്പറ്റി ഉത്കണ്ഠാകുലരാകുന്നത് എന്തിന് എന്നാണ് തിരുവചനം ചോദിക്കുന്നത്.**

ശ്ലീഹാക്കാലം അഞ്ചാം ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ വായിക്കുന്ന ദൈവവചനവായനകൾ ദൈവപരിപാലനയിൽ ആശ്രയം വയ്ക്കുന്നവർക്കുള്ള അനുഗ്രഹവും ദൈവഹിതത്തിനെതിരായി പ്രവർത്തിക്കുന്നവരുടെ അനുഭവവുമാണ് വിവരിക്കുന്നത്. നിയമാവർത്തനപ്പുസ്തകത്തിൽ നിന്നുമുള്ള ഒന്നാമത്തെ വായനയുടെ ആദ്യഭാഗത്ത് മോശ ഇസ്രായേൽജനത്തെ അനുസ്മരിപ്പിക്കുന്നത് തങ്ങളുടെ മരുഭൂമിയാത്രയിൽ അവർ അനുഭവിച്ച ദൈവപരിപാലനയെയാണ്. ഇസ്രായേൽജനത്തിനു കൂടാരമടിക്കുവാനായി സ്ഥലം അന്വേഷിച്ച് കർത്താവ് അവർക്കുമുമ്പേ നീങ്ങിയിരുന്നതായി അവർ അനുഭവിച്ചിരുന്നു. തങ്ങൾക്കുചിതമായ സ്ഥലങ്ങളിൽ കൂടാരമടിച്ചു വിശ്രമിക്കാൻ സാധിച്ചത് ദൈവത്തിന്റെ പരിപാലനമൂലമായിരുന്നു. അവിടുന്ന് മേഘംകൊണ്ട് പകൽ സമയം അവർക്കു തണലേകുകയും അഗ്നികൊണ്ട് അവർക്കു രാത്രിയിൽ പ്രകാശമേകുകയും ചെയ്തിരുന്നു.

എന്നാൽ, ദൈവപരിപാലനയിൽ ആശ്രയം വയ്ക്കാതെ തങ്ങളുടെതന്നെ ശക്തിയിൽ ശരണംവച്ചുകൊണ്ട് അവർ പ്രവർത്തിക്കുന്ന അവസരവും അവരുടെ യാത്രയിൽ ഉണ്ടായിട്ടുണ്ട്. ആ അവസരങ്ങളിൽ അവർ പരാജയപ്പടുകയും ദുരിതങ്ങളനുഭവിക്കുകയും ചെയ്തു. വാഗ്ദത്ത നാട്ടിലേക്ക് പ്രവേശിക്കുന്നതിനൊരുങ്ങുന്ന ജനതയ്ക്കു മോശ നല്കുന്ന ഉപദേശം ഏതു സാഹചര്യത്തിലും ദൈവികപരിപാലനയിൽ ശരണംവച്ചു ജീവിക്കണം എന്നതാണ്.

ഏശയ്യാ പ്രവാചകനിലൂടെ ദൈവം ഇസ്രായേൽജനതയുടെ അഹങ്കാരത്തെയും വീഴ്ചയെയുമാണ് എടുത്തുകാണിക്കുന്നത്. നീതിയും ധർമ്മവും കുടികൊണ്ടിരുന്ന നഗരം കൊലക്കളമായി മാറിയതും വിശ്വസ്തയായിരുന്ന നഗരം അവിശ്വസ്തയായി പെരുമാറുന്നതും ദൈവഭയം നഷ്ടപ്പെട്ടതുമൂലമാണ് എന്നു പ്രവാചകൻ ഓർമിപ്പിക്കുന്നു. ദൈവത്തിലാശ്രയിക്കുന്നതിനു പകരം കലഹപ്രിയരാകുകയും കള്ളന്മാരോടു കൂട്ടുകൂടുകയും ചെയ്യുന്നവരുടെ അവസ്ഥയാണു പ്രവാചകൻ വരച്ചുകാട്ടുന്നത്. ആ അവസ്ഥയിൽ ഇസ്രായേലിന്റെ ശക്തനായവൻ സ്വർണം അഗ്നിയിലെന്നപോലെ ശുദ്ധീകരിച്ച് അവരെ വീണ്ടെടുക്കും എന്നാണ് പ്രവാചകൻ പറയുന്നത്. നീതിയുടെ നഗരമെന്നും വിശ്വസ്തതയുടെ നഗരമെന്നും വീണ്ടും വിളിക്കപ്പെടുന്ന സമയം വീണ്ടെടുക്കപ്പെടും എന്ന് പ്രവാചകൻ പറയുന്നു. ദൈവത്തിലാശ്രയിക്കാത്ത ബലവാൻ ചണനാരുപോലെയും അവന്റെ പ്രവൃത്തികൾ തീപ്പൊരി പോലെയും ആയിത്തീരും. ശമിപ്പിക്കാനാരുമില്ലാത്തവിധം തീവ്രമായിരിക്കും അവരുടെ അവസ്ഥ. കാരണം, അവർ ദൈവത്തിൽ ശരണം വയ്ക്കുന്നതിനു പകരം തങ്ങളുടെ ശക്തിയിൽത്തന്നെ ശരണം വയ്ക്കുകയും ദൈവത്തെ മറന്ന് ജീവിക്കുകയും ചെയ്തു. പരിപാലിക്കുന്ന ദൈവം തെറ്റിൽനിന്നു തന്റെ ജനത്തെ വീണ്ടെടുക്കുന്നതിനുവേണ്ടി അതിനെ വിശുദ്ധീകരിക്കുന്നവനും കൂടുതൽ നന്മയ്ക്കുവേണ്ടി അഗ്നിയിലെന്നപോലെ പരിശോധിക്കുന്നവനും പരിരക്ഷിക്കുന്നവനുമാണ്. സഹനമെന്ന യാഥാർത്ഥ്യം പോലും അവിടത്തെ പരിപാലനയുടെ ഭാഗമായി കാണണമെന്നാണ് വചനം പഠിപ്പിക്കുന്നത്.




പൗലോസ് ശ്ലീഹാ ആദിമസഭയെ പ്രബോധിപ്പിക്കുന്നത് ആത്മീയവരങ്ങൾ സ്വീകരിച്ച് അതിൽ അഭിവൃദ്ധി പ്രാപിക്കുവാനാണ്. സഭയുടെ വളർച്ചയ്ക്കു കൂടുതൽ വരങ്ങൾക്കായി ആഗ്രഹിക്കുകയും ഉത്സാഹിക്കുകയും ചെയ്യണം എന്ന് ശ്ലീഹാ പഠിപ്പിക്കുന്നു. മിശിഹാ തന്റെ ദൗത്യം തുടരുന്നതിനു സഭയെ സ്ഥാപിച്ചു. പരിശുദ്ധാരൂപിയെ നല്കി ഇന്നും സഭയെ അവിടുന്ന് പരിപാലിക്കുന്നു. പരിശുദ്ധാരൂപിയുടെ വരങ്ങളും ദാനങ്ങളും – ഭാഷവരമായാലും, പ്രവചനവരമായാലും വ്യാഖ്യാനവരമായാലും – സഭയുടെ നന്മയ്ക്കായും വളർച്ചയ്ക്കായും നാം ഉപയോഗിക്കണം.

ദൈവത്തിന്റെ പരിപാലനയെ ഉറപ്പുനല്കുന്ന വാക്കുകളാണ് സുവിശേഷത്തിൽ നാം ശ്രവിക്കുന്നത്. ആകുലതയെ അകറ്റി നിർത്താനും ദൈവപരിപാലനയിൽ ആശ്രയിക്കാനാണ് ഈശോ ആവശ്യപ്പെടുന്നത്. എത്രമാത്രം ബലവാനായാലും ആയുസിന്റെ ദൈർഘ്യം ഒരു വിനാഴികപോലും ദീർഘിപ്പിക്കാൻ മനുഷ്യനു സാധിക്കുന്നില്ല. നിസ്സാരമായ ഇതുപോലും ചെയ്യാൻ നിങ്ങൾക്കു കഴിവില്ലെങ്കിൽ മറ്റുള്ളവയെപ്പറ്റി ഉത്കണ്ഠാകുലരാകുന്നത് എന്തിന് എന്നാണ് വചനം ചോദിക്കുന്നത്. എന്തു ഭക്ഷിക്കും എന്തു പാനം ചെയ്യും എന്നതിനെക്കുറിച്ചു നിങ്ങൾ ആകുലരാകേണ്ട, നിങ്ങൾക്ക് ഇവയെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ പിതാവിനറിയാമെന്നു പറയുന്നതിലൂടെ ദൈവപരിപാലനയിൽ ശരണം വയ്ക്കുവാനാണു സുവിശേഷകൻ ആവശ്യപ്പെടുന്നത്. എല്ലാം അറിയുന്നവനായ പിതാവിന്റെ മുമ്പിൽ സ്വയം സമർപ്പിക്കുവാനാണ് ഈശോ ആവശ്യപ്പെടുന്നത്.

ലോകം മുഴുവൻ കൊറോണ വൈറസ്മൂലം ഭീതിയിലും ആകുലതയിലും ആയിരിക്കുമ്പോഴും ദൈവവചനം നമ്മോടു പറയുന്നത് ആകുലതയിലേക്കും നിരാശയിലേക്കും ഭീതിയിലേക്കും വീഴരുത്; മറിച്ച്, പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ചു പരിപാലിക്കുന്നവനായ ദൈവത്തിന്റെ പരിപാലനയിൽ ശരണം വയ്ക്കുവാനാണ്. നമ്മുടെ വിശ്വാസത്തെ അഗ്നിയിലെന്നപോലെ ശോധന ചെയ്യുന്ന ഒരു അവസരമായി കാണുവാൻ നമുക്കു സാധിക്കണം. ഏശയ്യാപ്രവാചകൻ പറയുന്നു: "ചൂളയിൽ എന്നപോലെ ഉരുക്കി നിന്നെ ശുദ്ധിയാക്കും." ലോകത്തെ മുഴുവൻ ദൈവം ശുദ്ധീകരിക്കുന്ന ഒരു പ്രക്രിയ നടക്കുന്നു എന്ന ബോധ്യത്തോടെ ഈ സാഹചര്യത്തെ ദർശിക്കുവാൻ നമുക്കു കഴിയണം. സീയോൻ നീതി കൊണ്ട് വീണ്ടെടുക്കപ്പെടും എന്നു പ്രവാചകനിലൂടെ പറഞ്ഞതുപോലെ ഇപ്പോഴുള്ള സാഹചര്യത്തിൽനിന്നു ദൈവം നമ്മെയും ലോകത്തെയും വീണ്ടെടുക്കും എന്ന പ്രത്യാശയായിരിക്കണം നമ്മെ നയിക്കേണ്ടത്. അവിടുന്നാണ് ചരിത്രത്തെ നയിക്കുന്നത്. ഈ സാഹചര്യത്തിലും അവിടുന്ന് ലോകത്തെ നയിച്ച് ഈ കോവിഡ് കാലവും ചരിത്രത്തിന്റെ ഭാഗമാക്കി മാറ്റി നമ്മെ മുന്നോട്ടു നയിക്കും. ആ ദൈവപരിപാലനയിൽ നമുക്ക് ആശ്രയം വയ്ക്കാം. □

**അനുഗ്രഹസ്മരണ**



**ജസ്റ്റീന ജോസഫ്**
ചന്ദ്രൻകുന്നേൽ, പ്രവിത്താനം

**അനുഗ്രഹസ്മരണ**




**R.P. മോനിപ്പള്ളി**

**അനുഗ്രഹസ്മരണ**



**R.P. മോനിപ്പള്ളി**

**അനുഗ്രഹസ്മരണ**



**R.P. മോനിപ്പള്ളി**

**അനുഗ്രഹസ്മരണ**



**R.P. മോനിപ്പള്ളി**

# ഓൺലൈൻ എവിടെ? സ്കൂളിലെ ചിട്ടവട്ടങ്ങൾ എവിടെ?



ഡോ. ജോർജ് കളപ്പുര

**അദ്ധ്യാപകർക്ക് പൊന്നുവില!**

വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ ആർക്കും കൈയടി നേടാനുള്ളതല്ല. കുട്ടികളുടെ കാര്യത്തിൽ വളരെ ശുഭോദർക്കമായി ചിന്തിക്കുന്നവരാണ് അധ്യാപകർ.

തന്റെ മുമ്പിലിരിക്കുന്ന കുട്ടി പഠിച്ചു നന്നാകുന്നതു കാണാനാണ് ഏതൊരു അദ്ധ്യാപകനും ആഗ്രഹിക്കുന്നത്. ശമ്പളം വാങ്ങാനുള്ള ഒരു തൊഴിൽ മാത്രമല്ല അദ്ധ്യാപനം. മനസ്സും ജീവനുമുള്ള കുഞ്ഞുങ്ങളെ രാഷ്ട്രപുനർനിർമ്മാണത്തിനു പര്യാപ്തമായവിധം രൂപപ്പെടുത്താനുള്ള തീവ്രപോരാട്ടമാണ് ക്ലാസുമുറികളിൽ നടക്കുന്നത്. ഇന്നത്തെ പണി നാളത്തേക്കു മാറ്റിവയ്നുസൃതമായി നവീകരിക്കപ്പെടണം. സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങളും ഒന്നിനൊന്നു പരിഷ്കരിക്കപ്പെടണം. പുതിയ ടീച്ചിംഗ് എയ്ഡുകളും വിവരസ്രോതസുകളും തേടേണ്ടിവരും.

കമ്പ്യൂട്ടറും ലാപ്ടോപ്പും ഇന്റർനെറ്റും നെറ്റ് വർക്കും എല്ലാം ക്ലാസുമുറിയിൽ കടന്നുവന്നത് ഇതിനാലാണ്. ഇവയെല്ലാം പഠനപ്രക്രിയയെ സഹായിക്കും. എന്നുവച്ച് പഠനത്തിന് ഇതുമാത്രം മതി എന്നു നാം കരുതരുത്. ഇനി സ്കൂളും വേണ്ട അദ്ധ്യാപകരും വേണ്ട ഓൺലൈൻ ക്ലാസ് മാത്രം മതി എന്നു കരുതിയാൽ അതു തീർത്തും മൗഢ്യമായിരിക്കും.

**കുട്ടികളുടെ ഭാവി?**

ലോക്ഡൗൺ പ്രഖ്യാപിക്കുകയും സ്കൂളുകളിലെ പരീക്ഷകൾ മാറ്റിവയ്ക്കുകയും ചെയ്തപ്പോൾ എല്ലാവരും ആശങ്കയിലായി. കുട്ടികളുടെ പഠനം, പരീക്ഷകൾ, ക്ലാസുകയറ്റം, ഉന്നതപഠനം, ജോലി ഇങ്ങനെ തുടങ്ങി ആശങ്കകൾ നമ്മെ കുഴക്കി.

രക്ഷിതാക്കളുടെ ടെൻഷന് അല്പം അയവ് ഉണ്ടായത് ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചപ്പോഴാണ്. എന്നാൽ, തുടർച്ചയായി മണിക്കൂറുകളോളം കുട്ടികളെ പിടിച്ചിരുത്താൻ ഓൺലൈൻ ക്ലാസുകൾക്കു കഴിയുന്നില്ല. ആദ്യത്തെ താൽപര്യവും ഉത്സാഹവും ഇപ്പോൾ



ക്കാൻ പറ്റില്ല. നഷ്ടപ്പെടുന്ന ദിനങ്ങളും അവസരങ്ങളും ഇവിടെ വീണ്ടും ലഭിക്കില്ല.

**ഓൺലൈൻ പകരം സംവിധാനം ആവുകയില്ല!**

നമ്മുടെ നാട്ടിലെ വിദ്യാഭ്യാസപ്രക്രിയ ആഴത്തിൽ വേരോടിയതാണ്. ഇതു പറിച്ചെറിഞ്ഞ് ഓൺലൈൻ സംവിധാനം എളുപ്പത്തിൽ കൊണ്ടുവരാൻ കഴിയുന്നതല്ല.

വിദ്യാഭ്യാസം ഒരു പ്രക്രിയയാണ്. അത് ക്ലാസുമുറിയിൽ മാത്രമേ നടക്കൂ. ഗുരുവിന്റെ അടുത്തുനിന്നു മാത്രമേ വിദ്യ അഭ്യസിക്കാനാവൂ.

ചോരയും നീരും മനസ്സും ചിന്തയും ഉള്ള വ്യക്തിയാണ് ഒരു വിദ്യാർത്ഥി. അവനെ കൈകാര്യം ചെയ്യാൻ അദ്ധ്യാപകർ തന്നെ വേണം. വിദ്യാലയങ്ങൾ അതിനുള്ള പണിപ്പുരകളാണ്. അവിടെ അതിനുള്ള ക്രമീകരണങ്ങളുണ്ട്.

**പുത്തൻ ടെക്നിക്കുകൾ**

പുതുപുത്തൻ ടെക്നിക്കുകളാണ് ഇന്ന് വിദ്യാലയങ്ങളിൽ ഇംപ്ലിമെന്റ് ചെയ്യേണ്ടിവരുന്നത്. വിദ്യാഭ്യാസപ്രക്രിയ എപ്പോഴും അഡ്വാൻസ് ചെയ്യപ്പെടണം. അതിനാൽ അദ്ധ്യാപകർ കാലാ ഇല്ലാതായിരിക്കുന്നു. തൽസമയം എന്നതു മാറി 'യൂ ട്യൂബിൽ പിന്നെ' എന്ന അലംഭാവം കുട്ടികളെ ബാധിച്ചിരിക്കുന്നു.

**സ്കൂളിലെ ചിട്ടവട്ടങ്ങൾ**

ഒരു സ്കൂൾ ആകുമ്പോൾ അവിടെ ചില ചിട്ടവട്ടങ്ങളും അച്ചടക്കവും പെരുമാറ്റമര്യാദകളും ഉണ്ട്. ഒരു ടൈം ടേബിളിന്റെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നടക്കുന്നത്.

അദ്ധ്യാപകരുടെ പ്രേരണ കുട്ടികളുടെ പഠനപ്രക്രിയയെ ത്വരിതപ്പെടുത്തുന്ന ഘടകമാണ്. ഓൺലൈൻ ക്ലാസുകളിൽ ഇതൊന്നും പ്രായോഗികമല്ല. ഉഴപ്പാനുള്ള പ്രവണത മിക്ക കുട്ടികൾക്കും ഉണ്ട്. കൃത്യമായി പഠിച്ചില്ലെങ്കിൽ, ഹോംവർക്കുകൾ ചെയ്തില്ലെങ്കിൽ അദ്ധ്യാപകർ പിടികൂടും. ഇന്റേണൽ മാർക്കു കുറയ്ക്കും. ഇത് കുട്ടികൾക്കറിയാം. വീട്ടിൽ ഓൺലൈനിൽ ഇരിക്കുന്ന കുട്ടിക്ക് സ്കൂളിൽ ഇരിക്കുന്ന കുട്ടിയുടെ ഉത്തരവാദിത്വം ഒരിക്കലും ഉണ്ടാകില്ല. കുട്ടിയുടെ പഠനനിലവാരം അളക്കാനോ അതിന്റെ രേഖ തയ്യാറാക്കാനോ അദ്ധ്യാപകർ വീട്ടിൽ ഇല്ല. പഠനനിലവാരരേഖ നോക്കി കുട്ടിയുടെ പുരോഗതി വിലയിരുത്താൻ രക്ഷിതാക്കൾക്കു കഴിയില്ല. ഇതിൽനിന്നെല്ലാം ഓൺലൈൻ ക്ലാസുകൾ ഒരു താൽക്കാലിക സംവിധാനം മാത്രമാണെന്നു മനസ്സിലാക്കാം. ▯

---

# രംഗപടം സുജാതൻ

അരങ്ങും അണിയറയും

21



ജോസ് താന

**മ**ലയാളനാടകപ്രസ്ഥാനത്തെപ്പറ്റി പറയുമ്പോൾ അതിന്റെ വളർച്ചയിൽ സുപ്രധാന പങ്കുവഹിച്ച ഒരു അതുല്യപ്രതിഭയെ ഓർമ്മിക്കാതെ പോകുന്നതു ശരിയല്ല. ആരാണതെന്നല്ലേ, ആർട്ടിസ്റ്റ് സുജാതൻ എന്നറിയപ്പെടുന്ന കലാരത്ന സുജാതൻ. കേരളത്തിലെ പ്രൊഫഷണൽ നാടകസംഘങ്ങൾക്കെല്ലാംതന്നെ സ്റ്റേജ് സെറ്റിംഗ്സ് ഡിസൈൻ ചെയ്തു നിർമ്മിച്ചു കൊടുക്കുന്ന അനുഗൃഹീത കലാകാരനാണ് അദ്ദേഹം.


അരനൂറ്റാണ്ടുമുമ്പ് അമച്വർ നാടകവേദി വളരെ ശക്തമായിരുന്ന കാലഘട്ടത്തിൽ ഈ രംഗത്തു പ്രവർത്തിച്ചുവന്ന ഒരു സ്ഥാപനമുണ്ടായിരുന്നു കോട്ടയത്ത്. പ്രാദേശിക സമിതികൾക്കു സ്വന്തമായി കർട്ടനുകൾ ഉണ്ടായിരുന്നില്ല. അവർക്കായി ഫ്രണ്ട് കർട്ടൺ, പിന്നിൽ വരേണ്ട കുടിൽ, കൊട്ടാരം, സീനറി ഇവയെല്ലാം തുണിയിൽ വരച്ച് വാടകയ്ക്കു കൊടുക്കുന്ന ഈ സ്ഥാപനം സുജാതന്റെ അച്ഛൻ ആർട്ടിസ്റ്റ് കേശവനാണ് നടത്തിയിരുന്നത്. ഇന്നു നാം കാണുന്ന തരത്തിലുള്ള ഫുൾ ഫ്രെയിം വർക്കിൽ തുണിയടിച്ചു നിർമ്മിക്കുന്ന സെറ്റുകൾ ആ കാലത്തില്ലായിരുന്നു. ഒരു നാടകത്തിനുവേണ്ട എല്ലാത്തരം കർട്ടനുകളും ഒരു വലിയ കെട്ടായി നാടകസ്ഥലങ്ങളിൽ കേശവൻചേട്ടനോ അദ്ദേഹത്തിന്റെ ശിഷ്യന്മാരോ എത്തിച്ചിരുന്നു. അമചർ സമിതികൾക്കു വലിയ സഹായമായിരുന്നു ഇത്.

അച്ഛനോടൊപ്പം വളരെ ചെറിയ പ്രായത്തിൽത്തന്നെ സുജാതൻ ഈ രംഗത്തെത്തി. ചെറുപ്പകാലത്തു ഞാൻ കണ്ട പ്രൊഫഷണൽ നാടകങ്ങളിലെ അനൗൺസ്മെന്റ് ഇപ്പോഴും ഓർക്കുന്നു: 'രംഗപടം - ആർട്ടിസ്റ്റ് കേശവനും പുത്രൻ സുജാതനും.' അച്ഛന്റെ കാലശേഷം സുജാതൻ ആ ദൗത്യം ഏറ്റെടുത്തു. കോട്ടയം നാഷണൽ തിയേറ്റേഴ്സിന്റെ 'നിശാഗന്ധി' എന്ന നാടകത്തിനുവേണ്ടിയാണ് 1973-ൽ ആദ്യമായി സ്വതന്ത്രമായി വർക്കു ചെയ്തത്. അതിനുശേഷം ഏതാണ്ട് 3500-ലധികം നാടകങ്ങൾ. ബാലെകൾ വേറേ. പുതുപുത്തൻ ആശയങ്ങളുമായി ഇന്നും സജീവമായി രംഗത്തുള്ള അദ്ദേഹം മലയാളനാടകവേദിയുടെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. കേരള സംഗീതനാടകഅക്കാദമി ഫെലോഷിപ്പ് നൽകി അദ്ദേഹത്തെ ആദരിച്ചതിന്റെ കാരണവും മറ്റൊന്നല്ല. 2011-ൽ ശ്രീ സൂര്യകൃഷ്ണമൂർത്തി അക്കാദമി ചെയർമാനായിരുന്ന ആ വർഷം ഫെലോഷിപ്പ്ജേതാക്കൾക്കുള്ള അവാർഡ് 'കലാരത്ന' എന്ന പേരിലായിരുന്നു. അന്നുമുതൽ ആർട്ടിസ്റ്റ് സുജാതൻ കലാരത്ന സുജാതനായി മാറി.

1982-ൽ കൊല്ലം ട്യൂണയുടെ, ശ്രീ തിലകൻ സംവിധാനം ചെയ്ത 'അബ്കാരി' എന്ന നാടകത്തിലെ സെറ്റിംഗ്സ് ഓർത്തുപോകുന്നു ഞാൻ. സ്റ്റേജിൽ ഒരു ബഹുനിലക്കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറാണ്. ഇടതുവശത്ത് സ്റ്റെയർകെയ്സ് മുകളിലേക്ക്. ഏതാണ്ട് മധ്യഭാഗത്തായി ഒരു ലിഫ്റ്റ്. ചില കഥാപാത്രങ്ങൾ പുറത്തുനിന്നാണു വരുന്നതെങ്കിൽ, മറ്റു ചിലർ ലിഫ്റ്റിലൂടെ താഴേക്കു വരുന്നു. ചിലരൊക്കെ ഇതിലൂടെ മുകളിലേക്കു പോകുന്നു. ലിഫ്റ്റ് ചലിക്കുന്ന ശബ്ദം കേട്ടുതുടങ്ങുമ്പോൾ താഴേക്കുള്ള ഒരു ആരോമാർക്ക് തെളിയുന്നു. ലിഫ്റ്റിനു മുമ്പിലെ കൊളാപ്സിബിൾ ഗേറ്റിനിടയിലൂടെ കാബിൻ താഴേക്കു വരുന്നതു കാണാം. അതു തറയിൽ മുട്ടിക്കഴിഞ്ഞ് അതിന്റെ ഡോർ രണ്ടായി മാറുന്നു. ഗേറ്റ് തുറന്ന് ആൾ സ്റ്റേജിലേക്കു വരുന്നു. മുകളിലേക്കു പോകുന്നതിനു ഗേറ്റ് തുറക്കുമ്പോൾ കാബിൻഡോർ രണ്ടായി മാറുകയും ആൾ അകത്തു കയറി ഗേറ്റ് അടച്ചുകഴിയുമ്പോൾ ഡോറടഞ്ഞു കാബിൻ മുകളിലേക്കു പൊങ്ങുകയും സിഗ്നൽ ലൈറ്റ് തെളിഞ്ഞുവരുകയും ചെയ്യുന്നു. നാടകം കണ്ടുകഴിഞ്ഞ് ജിജ്ഞാസുക്കളായ പലരും ഇതിന്റെ രഹസ്യമറിയാൻ വന്നു നോക്കാറുണ്ടായിരുന്നു. പക്ഷേ, ആരെയും കാണിച്ചുകൊടുത്തിട്ടില്ല. കാര്യം നിസ്സാരമായിരുന്നുവെങ്കിലും ആർക്കും പറഞ്ഞുകൊടുത്തിട്ടുമില്ല. അതുകൊണ്ടുതന്നെ ഞാനും ഇവിടെ അതു വെളിപ്പെടുത്തുന്നില്ല.

കെപിഎസിയുടെ 'കൈയും തലയും പുറത്തിടരുത്' എന്ന തോപ്പിൽഭാസിനാടകത്തിൽ ഒരു കെഎസ്ആർടിസി ബസിന്റെ ഉൾഭാഗം കാണിക്കുന്നുണ്ട്. സൈഡിലെ ഷട്ടറുകളും സീറ്റുകളുമെല്ലാം ഒറിജിനൽ പോലെതന്നെ. നമുക്കു തോന്നും വണ്ടി മുന്നോട്ടു പോവുകയാണെന്ന്. ഇങ്ങനെ ഒരദ്ഭുതം സൃഷ്ടിക്കാൻ മുപ്പതു വർഷം മുമ്പ് അദ്ദേഹത്തിനു കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല.

ശ്രീ സുജാതന്റെ വീടും വർക്ക് ഷോപ്പും അടുത്തടുത്താണ്. അദ്ദേഹത്തിന്റെ വീട്ടിലേക്കു കയറിയാൽ ആദ്യം കാണുന്നത് ഒരു



വലിയ വിസിറ്റിംഗ് റൂമാണ്. ഇടതുവശത്ത് രണ്ടു വലിയ ഷെൽഫിലായി കുറേയേറെ ഗ്രന്ഥങ്ങൾ അടുക്കിവച്ചിരിക്കുന്നതു കാണാം. അതിനിടയിലൂടെയാണ് അദ്ദേഹം ഇറങ്ങിവരുന്നത്. കാരണം, ഈ ഷെൽഫും പുസ്തകങ്ങളുമെല്ലാം വരച്ചുവച്ചതാണ്, യഥാർത്ഥമല്ല. എന്നാൽ വരച്ചതാണെന്നു തോന്നുകയുമില്ല. അകത്തേക്കാണു വാതിലുകൾ തുറക്കുക. അതുകൊണ്ട് അങ്ങനെ ഒന്നവിടെയുണ്ടെന്നു പിടികിട്ടില്ല. സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒന്നു വാഷ്റൂമിൽ പോകണമെന്നു തോന്നിയാൽ, അദ്ദേഹം അത് എവിടെ എന്നു ചൂണ്ടിക്കാണിച്ചുതരും. അവിടെയെത്തുമ്പോൾ ഒരു ചെറിയ ഡോർ കാണാം. വാതിൽ തുറക്കാൻ ശ്രമിച്ചാൽ നടക്കില്ല. കാരണം അതു വരച്ചുവച്ചതാണ്. ആ ഭാഗം ഒരു ഓലപ്പുരപോലെ വരച്ചുവച്ചിരിക്കുന്നതിനാൽ ഡോറും സാക്ഷയും ഒന്നും കാണുകയില്ല. ചമ്മലോടെ നിന്നു പരുങ്ങുമ്പോൾ അദ്ദേഹം തന്നെ വന്നു വാതിൽ തുറന്നുതരും. തുറക്കുമ്പോൾ അകത്ത് എല്ലാ സൗകര്യങ്ങളോടും കൂടിയ ബാത്റൂം!

നാടകഅവാർഡുകൾ പ്രഖ്യാപിച്ച അന്നുമുതൽ രംഗപടത്തിനുള്ള അവാർഡിന് സുജാതൻ എന്നു മാത്രമേ കേൾക്കാറുള്ളൂ. അപൂർവ്വം ചില വർഷങ്ങളിൽ മാത്രമേ മറ്റാർക്കെങ്കിലും കിട്ടിയിട്ടുള്ളൂ. മലയാളനാടകവേദിയുടെ അഭിമാനമായ ഒരു കലാകാരനാണ് കലാരത്ന സുജാതൻ, നമ്മുടെ സുജാതൻ. അദ്ദേഹത്തെപ്പറ്റി ഇനിയും പറയാനുണ്ട്. അടുത്ത അദ്ധ്യായത്തിൽ തുടരാം.

▯

# അഗസ്ത്യായനം

*11-ാം പേജ് തുടർച്ച*

അഴകി പൂവക്കുളംകാരിയാണ്. സുന്ദരി. എണ്ണക്കറമ്പി. സമൃദ്ധമായ ശരീരം. വശ്യമായ ചിരിയാണ് അഴകിക്ക്. കണ്ട മാത്രയിൽത്തന്നെ അഴകിയെ ചീരുകണ്ടനു ബോധിച്ചു.

അഴകിക്കിളയവൾക്ക് ബാധ കൂടിയിരുന്നു. ഒഴിഞ്ഞുപോകാൻ കൂട്ടാക്കാത്ത കൊടിയ ബാധ. പലരും പലതും ചെയ്തു നോക്കി. മാരിയപ്പനും സ്ഥലത്തെത്തി. കോഴിയെ വെട്ടി കുരുതി കഴിച്ചു. മന്ത്രമണിയും കാൽച്ചിലമ്പും കിലുക്കി ഉറഞ്ഞു തുള്ളി. ചരടോതിക്കെട്ടി. പക്ഷേ, ബാധ മാത്രം ഒഴിഞ്ഞില്ല.

അങ്ങനെയാണ് ചീരുകണ്ടൻ അവിടെയെത്തുന്നത്. പക്ഷേ, ചീരുകണ്ടന്റെ ഉച്ചാടനക്രിയകൾ തീരുംമുമ്പേ ബാധ അഴകിക്കിളയവളെയുംകൊണ്ടു പോയി. അവൾ ചത്തു.

ശവമടക്ക് കഴിഞ്ഞു. പക്ഷേ, ചീരുകണ്ടൻ മടങ്ങിയില്ല. അവൻ പറഞ്ഞു:

"ബാധ ഒഴിവായിട്ടില്ല. ഗർഭത്തോടെ കൊലചെയ്യപ്പെട്ട ഒരു പറച്ചിയുടെ പ്രേതമാണ്. അവൾ ഇവിടെ കറങ്ങിനടപ്പുണ്ട്."

അഴകിയുടെ അപ്പനുമമ്മയും പേടിച്ചു.

അഴകി പേടിച്ചു. ചീരുകണ്ടന്റെ വാക്കുകളിൽ അഴകിയുടെ കൂര പോലും വിറച്ചു.

"ഇനീപ്പോ എന്നതാ ഒരു വഴി?" അവർ ചോദിച്ചു.

"വഴീണ്ട്. ഞാനൊഴിവാക്കിത്തരാം." ചീരുകണ്ടൻ ഉറപ്പു കൊടുത്തു. രണ്ടാഴ്ചയോളം ചീരുകണ്ടൻ അവിടെക്കൂടി. ഉച്ചാടനക്രിയകൾക്കൊപ്പം ചീരുകണ്ടൻ അഴകിയുടെ മനസ്സിലേക്കും ശരീരത്തിലേക്കും പ്രവേശിച്ചു.

ബാധയൊഴിപ്പിച്ചെന്ന് അവരെ ധരിപ്പിച്ച് ചീരുകണ്ടൻ മടങ്ങുമ്പോൾ അഴകി പറഞ്ഞു:

"പോണ്ട. നമുക്ക് ഇവിടെ പാർക്കാം."

അഴകിക്ക് ചീരുകണ്ടനെ പിരിയുന്നതിൽ പ്രയാസം തോന്നി. എന്തുകൊണ്ടോ ചീരുകണ്ടനെ ഇഷ്ടമായി. മാനസികമായ ഒരടുപ്പം.

ചീരുകണ്ടൻ അഴകിയുടെ ജീവിതത്തിലെ ആദ്യത്തെ പുരുഷനൊന്നുമല്ല. അവളിലൂടെ കടന്നുപോയ അഞ്ചോ ആറോ ആണുങ്ങളിലൊരുവൻ.

ചീരുകണ്ടൻ കരുത്തനാണ്. മന്ത്രതന്ത്രാദികൾ അറിയുന്നവനാണ്. പറച്ചിയുടെ പ്രേതബാധയിൽനിന്ന് തങ്ങളെ രക്ഷിച്ചവനാണ്. പറച്ചിയെ ആവാഹിച്ച് തെക്കേച്ചെരുവിലെ കാഞ്ഞിരത്തിൽ തറച്ചവനാണ്. അതുകൊണ്ടു തന്നെ അഴകി ചീരുകണ്ടനിൽ ഒരു സംരക്ഷകനെ കണ്ടു. ചീരുകണ്ടൻ പറഞ്ഞു:

"പോണം. എനക്ക് ഒരുപാട് വേലയുണ്ട്. ഇടയ്ക്ക് ഞാൻ വരാം."

ചീരുകണ്ടൻ കുന്നിറങ്ങി നടന്നു. നടക്കുമ്പോൾ ചീരുകണ്ടൻ സ്വയം ആലോചിച്ചു.

"അഴകി തനിക്ക് ആരാണ്? താൻ അവളെ സ്നേഹിക്കുന്നുണ്ടോ?" അത് ചീരുകണ്ടനു നിശ്ചയമുണ്ടായിരുന്നില്ല.

അങ്ങനെ ഒരു കാര്യത്തിലും നിശ്ചയങ്ങളോ ഉറച്ച തീരുമാനങ്ങളോ ഇല്ലാത്ത ഒരു ജീവിതമായിരുന്നു ചീരുകണ്ടന്റേത്.

ചീരുകണ്ടന് അതു മനസ്സിലാകുന്നത് ഇപ്പോഴാണ്. കുഞ്ഞച്ചനു മുൻപിൽ ഇങ്ങനെ കൈകൂപ്പി നില്ക്കുമ്പോൾ. കുഞ്ഞച്ചന്റെ വാക്കുകൾ ഒരു സാന്ത്വനമായി ചീരുകണ്ടനെ പൊതിയുമ്പോൾ. പ്രതിഫലമില്ലാതെ സ്നേഹം ചൊരിയുന്ന ഒരാൾ.

"നിങ്ങൾ പൊയ്ക്കോളൂ. ഞങ്ങളെത്തിക്കോളാം."

കുഞ്ഞച്ചൻ പറഞ്ഞു. ചീരുകണ്ടനും കൂട്ടരും മടങ്ങി.

ഉച്ചയായപ്പോഴേക്കും കുഞ്ഞച്ചനും കൂട്ടരും കുടയും കുരിശും അന്നയ്ക്കുള്ള പെട്ടിയുമൊക്കെയായി ചീരുകണ്ടന്റെ വീട്ടിലെത്തി. കുഞ്ഞച്ചന്റെ രഹസ്യനിർദ്ദേശപ്രകാരം വളരെ ആളുകൾ ചീരുകണ്ടന്റെ വീട്ടിലെത്തിയിരുന്നു. ഒരു സവർണക്രിസ്ത്യാനിയുടെ മരിച്ചടക്കിനുള്ളതിനേക്കാൾ കൂടുതൽ ആളുകൾ.

വെടിപ്പുള്ള വസ്ത്രങ്ങളും കൊന്തയും വെന്തീഞ്ഞയുമണിഞ്ഞ് അന്ന പെട്ടിക്കുള്ളിൽ നിശ്ചലയായിക്കിടന്നു. അപ്പോൾ അന്നയെക്കണ്ടാൽ സുഖമായി ഉറങ്ങുകയാണെന്നേ തോന്നൂ. എല്ലാം മറന്നുള്ള ഉറക്കം.

സ്കോളസ്റ്റിക്കാമ്മ തയ്ച്ചു കൊടുത്ത ചട്ടയും മുണ്ടുമണിഞ്ഞ് കുറുമ്പയും വെള്ളമുണ്ടിലും ഷർട്ടിലും ചീരുകണ്ടനും ഒരുങ്ങി. വീട്ടിലെ പ്രാർത്ഥനാശുശ്രൂഷകൾക്കുശേഷം ശവഘോഷയാത്ര ആരംഭിച്ചു.

പടിഞ്ഞാറ് സൂര്യൻ ചായും മുമ്പ് അന്നയുടെ സംസ്കാരച്ചടങ്ങുകൾ കഴിഞ്ഞു. സംസ്കാരച്ചടങ്ങുകൾക്കു വന്ന പാവപ്പെട്ടവർക്കെല്ലാം ചെറിയ തോതിൽ ഭക്ഷണവും അരിയും നല്കിയാണ് കുഞ്ഞച്ചൻ മടക്കി അയച്ചത്.

സംസ്കാരശേഷം മടങ്ങാൻ തുടങ്ങിയ ചീരുകണ്ടനോട് കുഞ്ഞച്ചൻ പറഞ്ഞു: "കഴിയുമെങ്കിൽ നാളെ രാവിലെ പള്ളിയിൽ വരണം. അന്നയുടെ കുഴിമാടത്തിങ്കൽ പ്രാർത്ഥിക്കണം. അങ്ങനെ വരുമ്പോൾ സ്വർഗ്ഗത്തിലിരിക്കുന്ന അന്ന നിങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കും..."

ചീരുകണ്ടൻ മറുപടിയൊന്നും പറഞ്ഞില്ല. ഒരു മറുപടിക്കായി കുഞ്ഞച്ചൻ കാത്തതുമില്ല. ഒരു ചുഴിയിൽ വന്നു പെട്ടതുപോലെയാണ് ചീരുകണ്ടനു തോന്നിയത്.

നടന്നതെല്ലാം ഒരു സ്വപ്നം പോലെ അസ്വസ്ഥതയുളവാക്കുന്നു. ഒരു വികലസ്വപ്നംപോലെ.

രാത്രി ചീരുകണ്ടന് ഉറക്കം വന്നില്ല. കുഞ്ഞച്ചൻ തന്നുവിട്ട അരിയുടെ ചോറാണ് വയറ്റിൽ. കുഞ്ഞച്ചൻ തന്റെ ഉള്ളംകൈയിൽ വച്ചുതന്ന അഞ്ചു രൂപയാണ് മടിശ്ശീലയിൽ.

ഓർമ്മയിൽ അന്നാണ് ചീരുകണ്ടൻ മദ്യപിക്കാതിരുന്നത്. അമ്മയുടെ മരണത്തിനും ശവമടക്കിനുമിടയിലുള്ള സമയമത്രയും ചീരുകണ്ടൻ മദ്യത്തെക്കുറിച്ചു ചിന്തിച്ചില്ല. അതല്ല അങ്ങനെയൊരു ചിന്ത തന്നിലേക്ക് എത്തിയില്ല എന്നുള്ളതാണു സത്യം. അപ്പോൾ തനിക്ക് മദ്യപിക്കാതിരിക്കാനും കഴിയുമെന്ന് ചീരുകണ്ടൻ ചിന്തിച്ചു.

രാവേറെ ചെന്നിട്ടും ചീരുകണ്ടന് ഉറക്കം കിട്ടിയില്ല. തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ ചീരുകണ്ടൻ അമ്മയെ കണ്ടു. അമ്മ ശവപ്പെട്ടിയിൽ വെള്ളവസ്ത്രങ്ങളിൽ തന്നോടു ചിരിക്കുന്നു.

അയാൾ എഴുന്നേറ്റിരുന്ന് വിളക്കുകൊളുത്തി. ഒരു ബീഡി കത്തിച്ച് പുറത്തേക്കിറങ്ങി. നേരിയ നിലാവുണ്ട്. മഞ്ഞു പൊഴിഞ്ഞുതുടങ്ങിയിരുന്നു. നല്ല തണുപ്പ്. ആകാശം മണൽ വാരി വിതറിയപോലെ നക്ഷത്രഖചിതമായിക്കണ്ടു. ഈറൻകാറ്റ് മരച്ചില്ലകളിൽ മന്ത്രം ജപിച്ചുകൊണ്ടിരുന്നു.

രാപ്രകൃതിക്ക് എന്തെന്നില്ലാത്ത ഭംഗിയാണെന്ന് ചീരുകണ്ടൻ കണ്ടു. ആദ്യമായാണ് ചീരുകണ്ടൻ രാപ്രകൃതിയെ ഇങ്ങനെ നോക്കിക്കാണുന്നത്. അതിനൊന്നും അയാളുടെ ജീവിതത്തിൽ അവസരം കണ്ടെത്തിയിരുന്നില്ല. രാത്രിയായാൽ റാക്കിന്റെ ലഹരിയിൽ എവിടെയെങ്കിലും വീണുറങ്ങും. നല്ലൊരു സ്വപ്നം പോലും ചീരുകണ്ടന്റെ ജീവിതത്തിലുണ്ടായിരുന്നില്ല.

ചീരുകണ്ടന്റെ ശരീരത്തിലേക്ക് തണുപ്പു സൂചിമുനകളാഴ്ത്താൻ തുടങ്ങിയിരുന്നു. അയാൾ ബീഡി ആഞ്ഞുവലിച്ച് പുകയൂതി.

വെളുക്കാൻ ഇനി എത്രനേരമുണ്ട്? അയാൾ ആലോചിച്ചു. ഒരു തിട്ടവും കിട്ടിയില്ലയാൾക്ക്. കിഴക്കൻമലകൾക്കപ്പുറത്ത് പുലർകാലത്തിന്റെ തുടിപ്പുകളൊന്നും കാണായില്ല.

അയാൾ കൂരയ്ക്കു പുറത്ത് ഒരു കല്ലിന്മേലിരുന്നു. കുടിലിനകത്തുനിന്ന് വിളക്കുവെളിച്ചത്തിന്റെ ചീളുകൾ ഓലവിടവിലൂടെ പുറത്തേക്കു ചിതറിവീണു കിടന്നു.

ചീരുകണ്ടൻ അപ്പോൾ അമ്മത്തേയിയെ ഓർമ്മിച്ചു. ഇത് അമ്മയില്ലാത്ത രാത്രിയാണ്. അമ്മ രാമപുരം പള്ളിയുടെ ശവക്കോട്ടയിൽ സുഖമായി ഉറങ്ങുകയാണ്. താൻ ഉറക്കം നഷ്ടപ്പെട്ട് ഇവിടെ... ഇങ്ങനെ...

കുഞ്ഞച്ചൻ പറഞ്ഞതുപോലെ അമ്മയുടെ ആത്മാവ് ഇപ്പോൾ സ്വർഗ്ഗത്തിൽ കർത്താവിനോടൊപ്പമായിരിക്കുമോ... ചീരുകണ്ടൻ ആകാശത്തിലേക്കു നോക്കി.

ആകാശം നിറയെ നക്ഷത്രപ്പൊട്ടുകൾ ചിരിക്കുന്നു. മരിച്ചുപോയവരുടെ ആത്മാക്കളായിരിക്കുമോ ആകാശത്ത് നക്ഷത്രങ്ങളായി വിരിയുന്നത്? അങ്ങനെയെങ്കിൽ അതിൽ ഏതായിരിക്കും തന്റെ അമ്മ...

അന്ന് ജീവിതത്തിലാദ്യമായി ചീരുകണ്ടന് അയാളുടെ അമ്മയോടു സ്നേഹം തോന്നി. തന്റെ ഉള്ളിലെവിടെയോ ഒരു നനവു പടരുന്നത് അയാൾ അറിയുന്നു. അത് കണ്ണുകളിൽ നിറയുന്നു.

ചീരുകണ്ടൻ കരഞ്ഞു. ചീരുകണ്ടന്റെ കണ്ണുകളിൽനിന്ന് ആകാശത്തെ നക്ഷത്രങ്ങൾ മാഞ്ഞുപോയി.

ഇടയ്ക്ക് ഉറക്കം ഞെട്ടിയ കുറുമ്പ കിടക്കത്തുണിയിൽ ചീരുകണ്ടനെ കാണാഞ്ഞ് ഒന്നമ്പരന്നു. പിന്നെയവൾ വിളക്കുമെടുത്ത് പുറത്തേക്കിറങ്ങി.

മുറ്റത്തെ കല്ലിൽ ചീരുകണ്ടനെ കണ്ട് അവൾ അവിടേക്കു ചെന്നു. അയാൾക്കടുത്തായി ഇരുന്നുകൊണ്ടു ചോദിച്ചു:

"എന്നാ പറ്റീ...?"

വെളുക്കുമ്പളേ രാമരത്തിനു പോണം. അമ്മേന്റടുത്ത്, കുഞ്ഞച്ചന്റെ അടുത്ത്.

ചീരുകണ്ടനെ കേട്ട കുറുമ്പയുടെ കണ്ണുകളിൽ രണ്ടു നക്ഷത്രങ്ങൾ മിന്നി.

*(തുടരും)*

കവിത

സെബാസ്റ്റ്യൻ ചേർപ്പുങ്കൽ

# ഗുരുസമക്ഷം



വയോധികൻ മനഃശാന്തി തേടി ഗുരുസമക്ഷമെത്തി
ഗുരു ദുഃഖഹേതു ആരാഞ്ഞു.
വൃദ്ധന്റെ തൊണ്ടയിടറി: "പ്രായമേറുന്നു,
ഓർമ്മശക്തി കുറഞ്ഞു, ശരീരം ദുർബലമാണ്.
എവിടെയും ഒറ്റപ്പെടുത്തലുകൾ...
മാറ്റിനിർത്തപ്പെടുമ്പോൾ മനം തകരുന്നു..."
ഗുരു മൊഴിഞ്ഞു:
"മാറ്റി നിർത്തപ്പെടുമ്പോൾ സങ്കടമെന്തിന്?
ദൈവം നിന്നെ ചേർത്തുപിടിച്ചിട്ടില്ലേ?
ലോകം നിന്നിൽ കുറവുകൾ ദർശിക്കുന്നു:
നീ മാറ്റിനിർത്തപ്പെടുന്നു.
കുറവുകൾ തിരുമുമ്പിൽ നിറവുകളാകുന്നു!
എല്ലാ കുറവുകളോടുംകൂടി ഇവിടെ;
അവതരിച്ചവനല്ലേ നിന്റെ തമ്പുരാൻ.
ദൈവികനന്മകളുടെ വെളിപ്പെടുത്തലുകൾ
ഈ ലോകത്തിനു കുറവുകളായേക്കാം.
അപ്പോൾ, ചിലർ നിന്നെ മാറ്റിനിർത്തിയേക്കാം.
നീ വേദനിക്കേണ്ട; തളരേണ്ട.
മാങ്ങാ പഴുക്കുമ്പോഴാണല്ലോ;
അതിനു മണവും രുചിയും ഉണ്ടാകുന്നത്.
മാമ്പഴത്തിന്റെ ഗുണമറിയുന്നവർ;
അതു തേടിയെത്തും.
അറിയാത്തവർ പുറംകാലുകൊണ്ട്;
തട്ടി കടന്നുപോയെന്നിരിക്കും.
അതോർത്തുനീ ദുഃഖിക്കേണ്ട;
നിന്നിലെ രുചി കെടാതെ നീ സൂക്ഷിച്ചാൽ മതി."
വയോധികൻ ഇറങ്ങി നടന്നു;
ഗുരുമൊഴികൾ മനസ്സിൽ ഉരുവിട്ടുകൊണ്ട്...

പുഴയൊഴുകുംവഴി

മാത്യൂസ് ആർപ്പൂക്കര

# ജലത്തർക്കത്താൽ പേരുകേട്ട കാവേരി



വർഷം മുഴുവൻ ജലസമ്പത്തുള്ള നദിയാണ് കാവേരി. വേനൽക്കാലത്തു തെക്കുപടിഞ്ഞാറൻ മൺസൂൺ മൂലം നദിയുടെ മുകൾഭാഗത്തു മഴ ലഭിക്കുന്നു. മറ്റു സമയത്താകട്ടെ, വടക്കുകിഴക്കൻ മൺസൂൺ മുഖാന്തരം ഇതരഭാഗത്ത് മഴ കിട്ടുന്നു. ആകെക്കൂടി വർഷം മുഴുവൻ നദി ജലസമൃദ്ധമാണ്. പേരുകേട്ട ഹൊഗനക്കൽ വെള്ളച്ചാട്ടവും കൃഷ്ണസാഗർ ഡാമുമൊക്കെ കാവേരിയിലാണ്.

കർണാടകം - തമിഴ്നാട് ജലത്തർക്കത്തിൽ പലപ്പോഴും വാർത്തകളിൽ നിറയുന്നുണ്ട് കാവേരി. തമിഴ്നാട് - കർണാടക സംസ്ഥാനങ്ങളിലൂടെ ഇതൊഴുകി ബംഗാൾ ഉൾക്കടലിൽ നിപതിക്കുന്നു. മേല്പറഞ്ഞ പ്രദേശങ്ങളിലെ പ്രധാനപ്പെട്ട ജലസ്രോതസ്സാണിത്. കർണാടകയിലെ കുടക് ജില്ലയിൽ ബ്രഹ്മഗിരി കുന്നിൻനിരകളിലെ തലക്കാവേരിയാണ് ഈ നദിയുടെ ആരംഭസ്ഥാനം. പ്രധാനപോഷകനദികൾ കബനി, ഭവാനി, അമരാവതി. 765 കിലോമീറ്ററാണ് കാവേരിയുടെ നീളം.

# വൈസ് ചാൻസലറുടെ പ്രസ്താവന അപക്വവും വസ്തുതാവിരുദ്ധവും: പാലാ രൂപത

പാലാ: ചേർപ്പുങ്കൽ ബിവിഎം കോളജിനെതിരെയുള്ള വൈസ്ചാൻസലറുടെ പ്രസ്താവന അപക്വവും വസ്തുതാവിരുദ്ധവുമാണെന്നു പാലാ രൂപത. വിദ്യാഭ്യാസത്തിന്റെ പ്രാഥമികപാഠങ്ങൾ അറിയാവുന്നവർക്കും എം.ജി. യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ടുകൾ അല്പമെങ്കിലും പരിചയമുള്ളവർക്കും പ്രിൻസിപ്പലിന്റെ പ്രവർത്തനത്തെ ശ്ലാഘിക്കാനല്ലാതെ കുറ്റപ്പെടുത്താൻ സാധിക്കില്ലെന്ന്, ചേർപ്പുങ്കൽ കോളജിൽ പരീക്ഷയെഴുതിയ പ്രൈവറ്റ് വിദ്യാർത്ഥിനി ജീവനൊടുക്കിയ സംഭവത്തിലെ യൂണിവേഴ്സിറ്റി അന്വേഷണവുമായി ബന്ധപ്പെട്ട് രൂപത പുറത്തിറക്കിയ പത്രക്കുറിപ്പിൽ പറഞ്ഞു.

സ്ഥാപനത്തിന്റെ മുഖ്യനടത്തിപ്പുകാരനായ പ്രിൻസിപ്പൽ വേദനാജനകമായവിധം തെറ്റിദ്ധരിപ്പിക്കപ്പെടുകയും ക്രൂരമായവിധം വിമർശിക്കപ്പെടുകയും ചെയ്യുമ്പോൾ വസ്തുതകളുടെ യാഥാർത്ഥ്യം വെളിവാക്കുവാനാണ് സിസിടിവി ദൃശ്യങ്ങൾ പുറത്തുവിട്ടത്.

കോപ്പിയടിച്ചതിനു തെളിവുസഹിതം പിടികൂടിയശേഷം ആ കുട്ടിയെ അപമാനിതയാക്കാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് ഇൻവിജിലേറ്ററും പ്രിൻസിപ്പലും കുട്ടിയെ എഴുന്നേല്പിക്കുകപോലും ചെയ്യാതെ ശാന്തവും സൗമ്യവുമായ രീതിയിൽ സംസാരിച്ചതും, വൈസ്ചാൻസലർ നടപ്പാക്കാൻ പോകുന്ന കൗൺസെലിംഗ് ഏതാനും മിനിറ്റുനേരം സാന്ത്വനരൂപത്തിൽ കോളജിലെ അധ്യാപികവഴി കുട്ടിക്കു നൽകിയതും സിസിടിവിയിൽ വ്യക്തമാണ്. യൂണിവേഴ്സിറ്റി നിയമം അതിന്റെ ചൈതന്യത്തിൽ പൂർണ്ണമായി പാലിക്കുകയും മാനുഷികപരിഗണന ഉദാത്തമായി പ്രകടിപ്പിക്കുകയും ചെയ്തതാണോ പ്രിൻസിപ്പൽ ചെയ്ത തെറ്റ്? പത്രക്കുറിപ്പിൽ ചോദിക്കുന്നു.

കുട്ടിയുടെ ഹാൾടിക്കറ്റ് പരസ്യമായി പ്രദർശിപ്പിച്ചു എന്നുള്ളത് കടുത്ത നിയമലംഘനമാണെന്നു വൈസ്ചാൻസലർ വ്യാഖ്യാനിച്ചു കണ്ടു. ഹാൾടിക്കറ്റ് പ്രദർശിപ്പിക്കരുത് എന്നു നിയമമുള്ളതായി മുൻ വൈസ് ചാൻസലർമാർ ഉൾപ്പെടെയുള്ളവർക്ക് അറിയില്ല. ഇവിടെ പ്രദർശിപ്പിക്കപ്പെട്ടതാകട്ടെ ഹാൾ ടിക്കറ്റിന്റെ കോപ്പിയും കോപ്പിയടിച്ച ഭാഗവുമാണ്. അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ ഹാൾ ടിക്കറ്റിന്റെ മറുഭാഗത്ത് മാനേജ്മെന്റ് തന്നെ എഴുതിച്ചേർത്തതാണ് എന്ന പച്ചനുണ വിശ്വസിക്കാൻ സത്യസന്ധരായവർപോലും നിർബന്ധിക്കപ്പെട്ടേനെ. ഹാൾ ടിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ പരിശോധിക്കാതെയും സാക്ഷിമൊഴികൾ എടുക്കാതെയും തയ്യാറാക്കിയ താത്കാലിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്രസമ്മേളനം നടത്തിയ വൈസ്ചാൻസലർ, പ്രിൻസിപ്പലിനെ മാറ്റുകയാണോ സ്വയം മാറുകയാണോ ചെയ്യേണ്ടത്?

ഉപസമിതിയുടെ പൂർണ്ണറിപ്പോർട്ട് തയ്യാറാക്കി സിൻഡിക്കേറ്റ് അംഗീകരിച്ചാൽ മാത്രമേ അത് യൂണിവേഴ്സിറ്റിയുടേതാകൂ എന്നിരിക്കെ വിസിയുടെ തിടുക്കം മറ്റെന്തിനോ വേണ്ടിയാണെന്നു ന്യായമായും ആരും സംശയിച്ചേക്കാം. ഇത്തരം കാര്യങ്ങളിൽ ഏതെങ്കിലും വിസി ഇതുപോലൊരു പത്രസമ്മേളനം നടത്തിയിട്ടുമില്ല.

കുട്ടിയുടെ മരണം അതീവ ദുഃഖകരമാണ്. അതുപോലെതന്നെ പ്രിൻസിപ്പലിനെ തേജോവധം ചെയ്യുന്നത് അത്യന്തം ഖേദകരമാണ്. ഒരു സർവകലാശാലയിലെ മുഴുവൻ അധ്യാപകരുടെയും സംരക്ഷകനും നീതിനിർവാഹകനും ആകേണ്ട വൈസ്ചാൻസലർ ഇതുവഴി അധ്യാപകസമൂഹത്തിനു നല്കുന്ന സന്ദേശം കോപ്പിയടിക്കുന്നതു പ്രോത്സാഹിപ്പിക്കണമെന്നാണോ അതോ അത്തരം അവസരങ്ങളിൽ നിസംഗരായി കടന്നുപോകണമെന്നാണോ എന്ന് വ്യക്തമാക്കണമെന്ന് പത്രക്കുറിപ്പിൽ രൂപത ആവശ്യപ്പെടുന്നു.



*ചേർപ്പുങ്കൽ കോളജിനെതിരെയുള്ള എം.ജി. സർവ്വകലാശാല വൈസ് ചാൻസലറുടെ നിലപാടിൽ പ്രതിഷേധിച്ച് എസ്.എം.വൈ.എം. പാലാ രൂപത നടത്തിയ നില്പുസമരം കാത്തലിക് ഫോറം പ്രസിഡന്റ് ബിനു പി.ചാക്കോ ഉദ്ഘാടനം ചെയ്യുന്നു. പ്രസിഡന്റ് ബിബിൻ ചാമക്കാലായിൽ, ജന. സെക്രട്ടറി മിജോയിൻ വലിയകാപ്പിൽ, സെക്രട്ടറി റോബിൻ താന്നിമലയിൽ, കത്തീഡ്രൽ യൂണിറ്റ് പ്രസിഡന്റ് അഡ്വ. സാം സണ്ണി എന്നിവർ സമീപം.*




*അപർണ എം. രചിച്ച 'ഓൺലൈൻ ലോകം അവസരങ്ങളുടെ അദ്ഭുതപ്രപഞ്ചം' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ബിഷപ് മാർ ജേക്കബ് മുരിക്കൻ ദീപനാളം ചീഫ് എഡിറ്റർ ഫാ. കുര്യൻ തടത്തിലിനു കോപ്പി നൽകി നിർവഹിക്കുന്നു. ജോഷി ജെ.യു, മണി ജെ. മാഞ്ഞൂക്കുളം എന്നിവർ സമീപം.*

## മണ്ണിനായി സമർപ്പിച്ച ജീവിതത്തിന് 'കാർഷിക നൊബേൽ'

വാഷിംഗ്ടൺ: 'മണ്ണിൽനിന്ന് എല്ലാമെടുക്കുന്നത് നല്ലതല്ല. തിരിച്ചുകൊടുക്കുക എന്നൊരു നിയമമുണ്ട്. എന്തെല്ലാം നിങ്ങൾ മണ്ണിൽനിന്നെടുക്കുന്നോ അതെല്ലാം തിരിച്ചുകൊടുക്കണം' - പറയുന്നത് ഡോ. രത്തൻലാലാണ്. ഇക്കൊല്ലത്തെ ലോകഭക്ഷ്യസമ്മാനം നേടിയ ഇന്ത്യൻ-അമേരിക്കൻ ശാസ്ത്രജ്ഞൻ.

മണ്ണുസംരക്ഷണത്തിന് ആവിഷ്കരിച്ച നൂതനവിദ്യകളിലൂടെ 50 കോടിയിലേറെ ചെറുകിടകർഷകരുടെ ജീവനോപാധി സംരക്ഷിച്ച ശാസ്ത്രജ്ഞനെന്നാണ് അമേരിക്കയിലെ അയോവ ആസ്ഥാനമായുള്ള വേൾഡ് ഫുഡ് പ്രൈസ് ഫൗണ്ടേഷൻ ഡോ. ലാലിനെ വിശേഷിപ്പിക്കുന്നത്. നാലു ഭൂഖണ്ഡങ്ങളിലായി അഞ്ചു പതിറ്റാണ്ടു നീളുന്ന പ്രവർത്തനങ്ങളാണ് എഴുപത്തഞ്ചുകാരനായ



അദ്ദേഹം നടത്തിയത്. ഇതിലൂടെ 200 കോടിയിലേറെപ്പേർക്ക് മെച്ചപ്പെട്ട ഭക്ഷണവും പോഷകാഹാരവും ലഭ്യമായി. കോടിക്കണക്കിനു ഹെക്ടർ ഭൂമി സ്വാഭാവികരീതിയിൽ സംരക്ഷിക്കപ്പെട്ടു.

മണ്ണിനെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളിലൂടെ ഭക്ഷ്യോത്പാദനം മെച്ചപ്പെടുത്തുന്നതിനും പ്രകൃതിവിഭവങ്ങൾ സംരക്ഷിച്ചതിനും കാലാവസ്ഥാവ്യതിയാനത്തിന്റെ തീവ്രത കുറയ്ക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾക്കുള്ള ആദരമായാണ് കാർഷികമേഖലയിലെ നൊബേൽ എന്നറിയപ്പെടുന്ന പുരസ്കാരം ലഭിച്ചത്. രണ്ടരലക്ഷം ഡോളറാണ് (രണ്ടുകോടി രൂപ) പുരസ്കാരത്തുകയായി ഡോ. രത്തൻലാലിനു ലഭിക്കുക. ഭാവിയിലെ മണ്ണുഗവേഷണത്തിനും പഠനത്തിനുമായി ഈ തുക സംഭാവന ചെയ്യുകയാണ് അദ്ദേഹം.

പഞ്ചാബ് കാർഷികസർവകലാശാലയിലെ പൂർവവിദ്യാർത്ഥിയാണ് ലാൽ. അതിനുശേഷം അമേരിക്കയിലെ ഒഹായോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ് നേടി. ഇപ്പോൾ ഇവിടത്തെ കോളജ് ഫോർ ഫുഡ്, അഗ്രിക്കൾച്ചറൽ, എൻവയോൺമെന്റൽ സയൻസസിൽ അധ്യാപകനാണ്. 1987 ൽ 'ഹരിതവിപ്ലവത്തിന്റെ പിതാവ്' എം.എസ്. സ്വാമിനാഥനാണ് ലോകഭക്ഷ്യപുരസ്കാരം ആദ്യം ലഭിച്ചത്.

## വത്തിക്കാൻ സെൻട്രൽ ബാങ്കിന്റെ സെക്രട്ടറിയായി അല്മായൻ



വത്തിക്കാൻസിറ്റി: പരിശുദ്ധ സിംഹാസനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്ന സെൻട്രൽ ബാങ്കിന്റെ ഭരണനിർവാഹക സെക്രട്ടറിയായി അല്മായനായ ഡോ. ഫാബിയോ ഗാസ്പരീനിയെ ഫ്രാൻസീസ് പാപ്പാ നിയമിച്ചു.

ചരിത്രത്തിൽ ആദ്യമായാണ് ഒരു അല്മായൻ ഈ പദവിയേല്ക്കെത്തുന്നത്. മോൺ. മോറോ റിവെല്ല വിരമിച്ച ഒഴിവിലേക്കാണ് പുതിയ നിയമനം.

ധനതത്ത്വശാസ്ത്രത്തിലും വാണിജ്യത്തിലും സർവ്വകലാശാലാ ബിരുദങ്ങളുള്ള ഡോ. ഫാബിയോ ഓഡിറ്ററും ചാർട്ടേർഡ് അക്കൗണ്ടന്റുമാണ്. അഞ്ചു വർഷമാണ് കാലയളവ്.

## കോവിഡ് ദശലക്ഷക്കണക്കിന് കുട്ടികളെ ബാലവേലയിലേക്കു തള്ളിവിടും


ന്യൂയോർക്ക് : കോവിഡ് വ്യാപനത്തെത്തുടർന്നുണ്ടായ പ്രതിസന്ധി ദശലക്ഷക്കണക്കിനു കുട്ടികളെ ബാലവേലയിലേക്കു തള്ളിവിട്ടേക്കുമെന്ന് ഐക്യരാഷ്ട്രസഭ (യു.എൻ.) റിപ്പോർട്ട്.

അന്താരാഷ്ട്ര തൊഴിൽ സംഘടന(ഐ.എൽ.ഒ.)യും യൂണിസെഫും ചേർന്നു തയ്യാറാക്കിയ റിപ്പോർട്ട് ലോക ബാലവേല വിരുദ്ധദിനമായ ജൂൺ 13 വെള്ളിയാഴ്ചയാണ് പുറത്തുവിട്ടത്. 2000-ത്തിനു ശേഷം ഇന്ത്യ, ബ്രസീൽ, മെക്സിക്കോ അടക്കമുള്ള രാജ്യങ്ങളിൽ ബാലവേല ചെയ്യുന്നവരിൽ 9.4 കോടിയുടെ കുറവുണ്ടായി. എന്നാൽ, നിലവിലെ സാഹചര്യത്തിൽ കാര്യങ്ങൾ കീഴ്മേൽ മറിയും. രോഗവ്യാപനം വരുത്തിയ പ്രതിസന്ധിയിൽ കുടുംബങ്ങൾക്കു കൂടുതൽ സാമ്പത്തികസംവരണം ആവശ്യമായി വരും. അതു കുട്ടികളെ ബാലവേലയിലേക്കു നയിക്കുമെന്നും ഐ.എൽ.ഒ. ഡയറക്ടർ ജനറൽ ഗയ് റൈഡർ പറഞ്ഞു.

ഇന്ത്യയിലുൾപ്പെടെ കുട്ടികൾ ജോലി ചെയ്യാൻ നിർബന്ധിതരാകുന്ന പ്രവണത തുടങ്ങിയെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

Deepanalam Weekly
RNI No : 16998/68
Vol. 53 No. 8 Date of Publication 17 June 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# S.J. ആയുർവേദ ഫാർമസി



പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം – പാലാ
ബ്രാഞ്ചുകൾ: കോട്ടയം & ആലപ്പുഴ

## മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...

സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം

Please Contact:
Dr. K.V. Joseph DAM
Mob: 9447421216, 04822-214167

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

അയർക്കുന്നം, കോട്ടയം, 686019
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.




# ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008 Certified Company


കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

KTS PRODUCTS
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

# പാലാ സെന്റ് തോമസ് ബുക്സ്റ്റാളിൽ പുസ്തകങ്ങളുടെ അതിവിപുല ശേഖരം

സോഫിയ ബുക്സ്
മെരിറ്റ് ബുക്സ്
വിമല ബുക്സ്
കാർമ്മൽ ബുക്സ്
ബുക് മീഡിയ
വിൻകോ ബുക്സ്




ഫോൺ: 04822 – 215321





ഡി.സി. ബുക്സ്
മാതൃഭൂമി ബുക്സ്
ജീവൻ ബുക്സ്
എ.റ്റി.സി. ബുക്സ്
തിയോ ബുക്സ്

അത്യാധുനിക രീതിയിലുള്ള 4 കളർ പ്രിന്റിംഗിന് സമീപിക്കുക
സെന്റ് തോമസ് പ്രസ്, പാലാ




എല്ലാവിധ പയസ് ആർട്ടിക്കിൾസിനും സന്ദർശിക്കുക



സെന്റ് തോമസ് സ്റ്റാൾ, പാലാ

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.com